

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം
ജീവനും വെളിച്ചവും
മാർച്ച് 2026
മരുഭൂമി: ദൈവം നിശ്ചയിച്ചുറപ്പിച്ച
ആത്മീയ പരിശീലനയിടം.



കുരീപ്പുഴ
വിശുദ്ധ യൗസേപ്പിതാവിന്റെ
തിരുനാൾ
മാർച്ച് 9 മുതൽ 19 വരെ
2026
MARCH
19
തീർത്ഥാടനം
മാർച്ച് 1 മുതൽ 25 വരെ
യൗസേപ്പിതാവിന്റെ സവിധത്തിലേക്ക്
ഏവർക്കും സ്വാഗതം
മാർച്ച് 2 മുതൽ 6 വരെ
കുടുംബ വിശുദ്ധീകരണ
മരിയൻ ധ്യാനം
റവ. ഫാ. ഷാജി തുമ്പേച്ചിറയിൽ
വൈകിട്ട് 4.30 മുതൽ രാത്രി 9 വരെ
dixon #8907103883

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2026 മാർച്ച് | പുസ്തകം 67 | ലക്കം 3



**രക്ഷാധികാരി:**
മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ

**സഹരക്ഷാധികാരി:**
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
മോൺ. യൂജിൻ എച്ച്. പെരേര

**ഉപദേശക സമിതി:**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. സനീഷ് എസ്. എം.
ഫാ. സജു റോൾഡോൻ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. ബീഡ് മനോജ്
ഫാ. ഡാർവിൻ ഫെർണാണ്ടസ്
ഫാ. റിച്ചാർഡ് സഖറിയാസ്
ഫാ. ലൂസിയാൻസ് തോമസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ.നിജു അജിത്ത്
ഫാ. ഫ്രെഡി സോളമൻ

**പത്രാധിപർ:**
ഫാ. വിജിൽ ജോർജ്ജ്

**സഹ പത്രാധിപർ:**
ബർഗ്മാൻ തോമസ്

**പത്രാധിപ സമിതി:**
മോൺ. ജയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
സുനിൽ സി. ഇ.
ഡോ. ഐറിസ് കൊയ്‌ലിയോ
ജോൺസൺ റോച്ച്

**മാനേജർ (പരസ്യ വിഭാഗം):**
ഫാ. മനീഷ് പീറ്റർ

**കവർ & ലേ-ഔട്ട്:**
സതീഷ് ജി.



**വിലാസം**
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
0471- 2724001
jeevanumvelichavum@gmail.com
www.latinarchdiocesetrivandrum.org
www.archtvmnews.com

വില 30 രൂപ | വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
Editor, Jeevanum Velichavum
A/c No. 57027220934, IFSC- SBIN0070308
State Bank of India, Sasthamangalam


## മുഖവിചാരം

ആന്റണി ഡി മെല്ലോയുടെ 'Don't change' എന്നൊരു കഥയുണ്ട്. വർഷങ്ങളായി ഉത്കണ്ഠയും വിഷാദവും അസ്വസ്ഥതയും ആത്മസംഘർഷങ്ങളുമുള്ള ഒരാളായിരുന്നു അയാൾ. എല്ലാവരും അയാളോട് മാറാൻ പറഞ്ഞുകൊണ്ടേയിരുന്നു. ആദ്യമൊക്കെ അയാൾക്ക് അവരോട് നീരസം തോന്നി. ആലോചിച്ചപ്പോൾ അവരുടെ അഭിപ്രായം ശരി എന്നും തോന്നി. അയാൾ അവരോട് യോജിച്ചു. അയാൾ സ്വയം മാറാൻ ശ്രമിച്ചു. കഴിഞ്ഞില്ല. അയാൾ പറഞ്ഞു; മാറാൻ എനിക്ക് ആഗ്രഹമുണ്ട്, പക്ഷേ എത്ര ശ്രമിച്ചിട്ടും കഴിയുന്നില്ല. മറ്റുള്ളവരെപ്പോലെ തന്റെ ഏറ്റവും അടുത്ത സുഹൃത്തും അയാളെ മാറാൻ നിർബന്ധിച്ചു. അതയാളെ കൂടുതൽ വേദനിപ്പിച്ചു. ശക്തി ചോർന്ന് അയാൾ തനിച്ചിരുന്നു. തന്റെ ആത്മാവിനോട് കലഹിച്ചുകൊണ്ട് ഒരു താപസ്സനെപ്പോലെ മുറിയിൽ ഇരുന്നു. ഒരുദിവസം മുറിയിലെ ഏകാന്തതയിൽ ആരോ അയാളോട് പറഞ്ഞു; 'നീ മാറരുത്, നീ ആയിരിക്കുന്ന അവസ്ഥയിൽ ഞാൻ നിന്നെ സ്നേഹിക്കുന്നു.' ആ വാക്കുകൾ അയാളുടെ കാതിൽ ഒരു സംഗീതംപോലെ മുഴങ്ങി. 'മാറരുത്, നീ ആയിരിക്കുന്ന അവസ്ഥയിൽ ഞാൻ നിന്നെ സ്നേഹിക്കുന്നു.' ഒരുനിമിഷം അയാൾ ചിന്തിച്ചു, അയാൾക്ക് ജീവൻ വന്നു. പെട്ടെന്നയാൾ മാറി. ഉറക്കെ വിളിച്ചുകൂവി; ' ദൈവമേ, ഇങ്ങനെയാണോ നീ എന്നെ സ്നേഹിക്കുന്നത്!'

സ്വയം അറിയുകയാണ് ഏറ്റവും വലിയ ജ്ഞാനം എന്ന് സോക്രട്ടീസ്. ലോകം മുഴുവൻ കീഴ്പ്പെടുത്തുന്നതിനേക്കാൾ പ്രധാനമാണ് ഒരിഞ്ച് അവനവനിലേക്ക് പ്രവേശിക്കുക എന്ന് റിൽക്കെ. ക്രിസ്തു മരുഭൂമിയിൽ നാല്പത് ദിനരാത്രങ്ങൾ തപസ്സു ചെയ്തുകൊണ്ട് തന്നെത്തന്നെ കണ്ടെത്തി, എല്ലാ പരീക്ഷകളെയും പ്രലോഭനങ്ങളെയും അതിജീവിച്ചു. മറ്റുള്ളവരിലേക്കുള്ള അലച്ചിലുകൾ അവസാനിപ്പിച്ച് ദൈവത്തിലേക്ക് തിരിയാൻ ഇന്ന് നാല്പത് രാപകൽ വേണ്ട, ഒരൊറ്റ നേരം മതി. ആത്മാന്വേഷണമാണ് ജീവിതത്തെ അഴകും അർഥവുമുള്ളതുമാക്കി മാറ്റുക.

നീ നിന്നെ മറന്നുകൊണ്ടല്ല, നീ നിന്നെ സ്നേഹിക്കുന്നതുപോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്നാണ് ക്രിസ്തു പറഞ്ഞത്. സ്വയം കണ്ടെത്തിയ മനുഷ്യർക്കു മാത്രമേ സമൂഹത്തിൽ അനുരണനങ്ങൾ സൃഷ്ടിക്കാനാവൂ.

നവീകരണത്തിനുള്ള ക്ഷണവും ഒരുക്കവുമാണ് തപസ്സുകാലം. അനുതാപത്തിന്റെ, തിരിച്ചുപോക്കിന്റെ, നമ്മുടെ ജീവിതത്തെ, നമ്മെത്തന്നെയും വിലയിരുത്തേണ്ട സമയം. ആത്മപരിശോധനയുടെ സമയം. പ്രാർഥനയിൽ മാത്രമാകാതെ സ്വയവും സഹോദരസംബന്ധിയുമായ ഒരു ജീവിതത്തിലൂടെ സജീവമാകാനുള്ള ക്ഷണം.

അതെ, നമുക്ക് ധ്യാനിച്ചിരിക്കാം. അങ്ങനെ, സ്നേഹപൂർവം, ഒപ്പം നിർമലരായി ഈ തപസ്സുകാലത്തിലൂടെ കടന്നുപോകാം. ഒരു പുതുപുലരിയിലേക്ക് പ്രവേശിക്കാം.

•




## സഹനംകൊണ്ട് ജീവിതത്തിന് അർഥം നൽകിയവൻ!

ജോണി സി. ദാസ്, പരുത്തിയൂർ

സഹനങ്ങളുടെ മധ്യേയും ഒരു താപസന് നൃത്തം ചെയ്യാനും പാട്ടുപാടാനും കഴിയും എന്നു തെളിയിച്ച ശുദ്ധ സ്നേഹത്തിന്റെ ഉദാത്ത മാതൃകയാണ് അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ്. 'ദാരിദ്ര്യത്തിന്റെ കോടീശ്വരൻ' എന്ന എ. ആർ. ജോണച്ചന്റെ ലേഖനം ഇന്നിന്റെ മനുഷ്യചിന്തയ്ക്ക് ഉദ്ദീപ്തമാക്കേണ്ട ഒന്നാണ്. മാനുഷിക ചിന്തകൾക്കതീതമായി കാരുണ്യത്തിന്റെ തിരിനാളം പകർത്തുവാൻ വിശുദ്ധൻ ഏവരെയും ക്ഷണിക്കുന്നതായി ലേഖനകൻ ചൂണ്ടിക്കാട്ടുന്നു

മണ്ണിൽ ദൈവത്തിന്റെ പാദമുദ്രകൾ കണ്ട മനുഷ്യൻ! ദൈവസ്നേഹത്തിന്റെ തീയിൽ, സ്വയം കരിച്ചുപൊള്ളിച്ച മനുഷ്യൻ! സഹനം പോരാ! സഹനം പോരാ! എന്നതായിരുന്നു ഫ്രാൻസിസിന്റെ കരച്ചിൽ. ക്രിസ്തുവിന്റെ സഹനത്തോട് ചേർത്തുവയ്ക്കാൻ ജീവിതം സഹനമാക്കിയ 'അതിവിശുദ്ധൻ!' പ്രകൃതിലാവണ്യം അനുഭവിച്ച് ധ്യാനത്തിലാണ്ട നിമിഷം അസ്സീസി എഴുതിയ പ്രാർഥനയാണ്, 'ദൈവമേ എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണമാക്കണമേ!' പ്രകൃതിയുടെ മടിത്തട്ടിൽ ദൈവസ്നേഹം അനുഭവിച്ചുകൊണ്ട് നാം ഓരോരുത്തരും പ്രകൃതിയെ സ്നേഹിക്കുവാനും സംരക്ഷിക്കുവാനും കടപ്പെട്ടിരിക്കുന്നു എന്ന് വിശുദ്ധൻ നമ്മോട് ആഹ്വാനം ചെയ്യുന്നു.

ജാതി, മത ചിന്തകൾക്കുമപ്പുറം ദൈവസ്നേഹം പകരുവാൻ, മതത്തിന്റെ പേരിൽ കുരുതികൊടുക്കുന്ന ടുണീഷ്യയിലും മൊറൊക്കോയിലും സ്പെയിനിലും സമാധാനസന്ദേശം നൽകുവാൻ ശിഷ്യന്മാരെ അയച്ച ദൈവസ്നേഹത്തിന്റെ കാവലാളാണ് ഫ്രാൻസിസ്. സ്നേഹത്തിൽ ചാലിച്ച വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതശൈലി നമുക്കെന്നും ഒരു മാതൃകയാണ്. ക്രിസ്തുവിനെ സ്നേഹിച്ചുകൊണ്ട്, അവിടുത്തെ അനുഭവിച്ചുകൊണ്ട് അവിടുത്തെ സഭയെ പണിതുയർത്തിയ അസ്സീസി ഈ അനുഗ്രഹവർഷത്തിൽ നമ്മോടും പറയുന്നത് ഇതാണ്; ക്രിസ്തുവിനെ അനുഭവിക്കുക. അവിടുത്തെ സഭയെ പണിതുയർത്തുക.

അനുവാചകർക്ക് ഏറെ ഹൃദ്യവും അനുഭവവേദ്യവുമായ ഇത്തരം ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു. ലേഖന് അഭിനന്ദനങ്ങൾ നേരുന്നു.

## വിശുദ്ധ ഫ്രാൻസിസ് അസ്സീസി: ചില വിചാരങ്ങൾ

ബ്രദർ ആൽഫിൻ,
കുടപ്പനക്കുന്ന്

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ജൂബിലി വർഷത്തിന്റെ ആശംസകൾ നേരുന്നു. കഴിഞ്ഞ ലക്കം 'ജീവനും വെളിച്ചവും' മാസികയിൽ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിനെപ്പറ്റിയുള്ള 'ദാരിദ്ര്യത്തിന്റെ കോടീശ്വരൻ' എന്ന ലേഖനം വളരെ മനോഹരമായിരുന്നുവെങ്കിലും, ചില തെറ്റുകൾ കാണുവാനിടയായി.

1. "ആരെയുംപോലെ ദരിദ്രനായി ജനിച്ചു." ഈ വാദം തെറ്റാണ്. അദ്ദേഹം യഥാർഥത്തിൽ ഒരു സമ്പന്ന കുടുംബത്തിലായിരുന്നു ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് പീറ്റർ ബർണാർഡ് ഒരു വലിയ പട്ടുവ്യാപാരിയായിരുന്നു. ഫ്രാൻസിൽനിന്നും കൂടുതൽ വ്യാപാരസമ്പത്ത് ലഭിച്ചതിനാൽ തന്റെ മകന്റെ പേര് 'ജിയോവാനി' എന്നതിൽനിന്നും ഫ്രഞ്ച് ബാലൻ എന്നർഥം വരുന്ന 'ഫ്രാൻസെസ്കോ' എന്ന പേര് നൽകി.

2. "പ്രണയത്തിന്റെ വഴിത്തിരിവ്" എന്ന ഭാഗം. ഇത് തെറ്റായ വാദമാണ്. ഇവിടെ ഫ്രാൻസിസിനെയും ക്ലാരയെയും കാമുകീകാമുകന്മാരായി ചിത്രീകരിച്ചിരിക്കുന്നു. സത്യത്തിൽ ഇവർക്കിടയിൽ ഉണ്ടായിരുന്നത് ശക്തമായ ആത്മീയ സൗഹൃദമായിരുന്നു. ക്ലാരയ്ക്ക് ഫ്രാൻസിസിനെ മാനസാന്തരത്തിനുമുൻപും ശേഷവും പരിചയമുണ്ടായിരുന്നു എന്നത് സത്യമാണ്. അസ്സീസിയുടെ തെരുവുകളിൽ സുഹൃത്തുക്കളുമായി ആടിപ്പാടി നടന്ന ഫ്രാൻസിസ് എന്ന ചെറുപ്പക്കാരനെ ക്ലാര കണ്ടിരിക്കാം. എന്നാൽ മെത്രാസനമന്ദിരത്തിൽവച്ച് സ്വന്തം വസ്ത്രങ്ങൾ അഴിച്ചുമാറ്റി ക്രിസ്തുവിന്റെ ഉപകരണമായിത്തീർന്ന ഫ്രാൻസിസ് സ്വന്തം ദൈവവിളി തിരഞ്ഞെടുക്കാൻ ക്ലാരയ്ക്ക് സഹായകമായി. അങ്ങനെയാണ് ഇവർക്കിടയിലുള്ള ആത്മീയ സൗഹൃദം ഉടലെടുക്കുന്നത്. ലേഖനത്തിൽ പറയുന്നപോലെ ഇവർക്കിടയിൽ ഒരിക്കലും ലൗകികമായ പ്രണയമുണ്ടായിരുന്നില്ല.

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ജീവിതം, മനുഷ്യ മനസ്സുകളിൽ വളരെ വൈകാരികമായും തീവ്രമായും ആഴത്തിൽ പതിയുന്നവിധം രചിക്കപ്പെട്ട പുസ്തകമാണ് വിഖ്യാത നോവലിസ്റ്റായ നിക്കോസ് കസാൻദ്സാക്കിസിന്റെ 'ദൈവത്തിന്റെ നിസ്വൻ' (The God's Pauper). എന്നാൽ ഇത് ഒരു നോവലാണ്. ഒരു നോവൽ എഴുതുമ്പോൾ ചരിത്ര സംഭവങ്ങളോടൊപ്പം കലാകാരന്റെ ഭാവനയും കൂട്ടിച്ചേർക്കും. അതുകൊണ്ട് ചരിത്രപരമായ പഠനത്തിന് ഈ പുസ്തകം ഉചിതമായി കാണുന്നില്ല. എന്നാൽ ഫാ. ലിയോ കാപ്പച്ചിൻ എഴുതിയ "അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ്" എന്ന പുസ്തകം പുണ്യവാന്റെ ജീവിതവും ചരിത്രപശ്ചാത്തലവും വളരെ മനോഹരവും വ്യക്തവുമായി നമുക്ക് കാട്ടിത്തരുന്നു. പുണ്യവാൻ ജീവിച്ച് യാത്രചെയ്ത സ്ഥലങ്ങൾ സന്ദർശിച്ച് വളരെ ആധികാരികമായി എഴുതിയ പുണ്യവാനെപ്പറ്റിയുള്ള മലയാളത്തിലെ ആദ്യ പുസ്തകമാണിത്. ഇത് പഠനത്തിനായി ഉപയോഗിക്കുന്നത് പല തെറ്റുകളിൽനിന്നും നമ്മെ അകറ്റും.

മറ്റു പുസ്തകങ്ങൾ:-

അസ്സീസിയിലെ കൊച്ചുപൂവുകൾ,
കിളികളുടെ പുണ്യവാളൻ,
Legend of Perugia, Omnibus,
Legend of three companions, etc.

## കരുണയുടെ കാലം

മെറിൻ ക്ളീറ്റസ്, ചെറിയതുറ

നോമ്പിനെക്കുറിച്ചുള്ള ഇമ്മാനുവലച്ചന്റെ ലേഖനം വളരെ നന്നായിരുന്നു. വലിയ നോമ്പിലേക്കുള്ള പ്രകാശം പരത്തുന്ന നന്മനിറഞ്ഞ വാക്കുകളായിരുന്നു അവ. പാപത്തോട് 'നോ' പറയുന്നതല്ല നോമ്പ്, നമ്മെത്തന്നെ കഴുകി വൃത്തിയാക്കാനുള്ള ഉൾവിളിയാണ്. ഒരു പുതിയ ക്രിസ്തുവായി തീരാനുള്ള സന്ദേശം അതിൽ അന്തർലീനമായി കിടക്കുന്നു.

തിരിച്ചറിവിന്റെയും തിരിച്ചുവരവിന്റെയും നന്മയിലേക്കും വിശുദ്ധി യിലേക്കുമുള്ള യാത്രകൂടിയാണ് നോമ്പുകാലം. വിശക്കുന്ന, വേദനിക്കുന്ന സഹോദരനെ, ഏകാന്തത അനുഭവിക്കുന്ന സഹോദരനെ ചേർത്തുപിടിക്കേണ്ട കാലം. കരുണാർദ്രകാലം. ഏവരിലും ക്രിസ്തു ചൈതന്യം നിറഞ്ഞു തുളുമ്പട്ടെ!

## പത്രാധിപരുടെ ശ്രദ്ധയ്ക്ക്

വർഗീസ്, വെട്ടുകാട്

ജീവനും വെളിച്ചവും മാസിക താല്പര്യപൂർവം വായിക്കുന്ന ഒരാൾ എന്ന നിലയ്ക്കാണ് ഈ കുറിപ്പ്.

> പ്രതികരണങ്ങൾ ഏതാണ്ട് സ്ഥിരമായും രണ്ടു പേർ എഴുതുന്നതായി കാണുന്നു.

> ചില ലേഖനങ്ങളുടെ ഭാഷ ക്ളീഷേയാണ് . നന്നായി എഴുതാൻ കഴിയുന്നവരെ കണ്ടെത്തി എഴുതിപ്പിക്കുക.

> പത്രാധിപ സമിതിയിലെ ചിലരെങ്കിലും ഇതിന്റെ സ്ഥിരം എഴുത്തുകാരാണ്!

> ഉപദേശക സമിതിയുടെ സംഭാവന എന്താണ്?

> ഉള്ളടക്കം കുറേക്കൂടി മികച്ചതാവണം. ആനുകാലിക വിഷയങ്ങളിൽ അറിവും അനുഭവവും ഉള്ളവരെ ഉൾപ്പെടുത്തണം.

> ഇവിടെ ഡോക്ടർമാർ, അധ്യാപകർ, നിയമജ്ഞർ, രാഷ്ട്രീയ നിരീക്ഷകർ, സാമൂഹ്യ പ്രവർത്തകർ വേണ്ടുവോളം ഉണ്ട്. അവരവരുടെ വിഷയങ്ങളിൽ ആധികാരികമായി, ആളുകൾക്ക് മനസ്സിലാവുന്നവിധം എഴുതാൻ ആവശ്യപ്പെടണം. നന്ദി.










# താളുകളിൽ


ലേഖനം

മരുഭൂമിക്കാലം 6
ജോനാഥ് കപ്പൂച്ചിൻ

കൂടെ ആയിരിക്കുന്നവന്റെ മനസ്സറിയുക 8
ഫാ. ദീപക് ആന്റോ

നീതിയുടെ നിറവേറ്റലാണ് രാഷ്ട്രീയ പ്രവർത്തനം 10
ജോസഫ് ജൂഡ്

ഫ്രാൻസിസ് അസ്സീസി: ക്രിസ്തുവിന്റെ വാനമ്പാടി 16
ഫാ. റോബിൻ ഡാനിയേൽ OFM Cap.

ഡാഡീസിനോട് വി. യൗസേപ്പ് പറയാതെ പറഞ്ഞത് 24
ഡോ. ജോയി ജോൺ

മാറുന്ന ലോകത്തിന്റെ ആവശ്യകതകളും പുരോഹിത - സന്യസ്തരുടെ ദൗത്യവും- 2 28
റവ. ഡോ. സുജൻ അമൃതം

സ്വപ്നങ്ങളിലേക്ക് പറക്കാം; പരീക്ഷയെന്ന ചിറകിലേറി 31
ജോയ് ജോൺ

വനിതാദിനം

Give and Gain 19
ഐറിസ് കൊയ്‌ലിയോ

കവിത

ത്യാഗത്തിന്റെ കനൽരത്നം 15
റീഷ്മ സൈമൺ HH

ചരിത്രപഥം

തിരുവനന്തപുരം അതിരൂപത നവതി ആഘോഷിക്കാനൊരുങ്ങുമ്പോൾ - 2 26
ഇഗ്നേഷ്യസ് തോമസ്

വായന

വിശുദ്ധ ഗീവർഗീസ് 33
സൈമൺ ജോസഫ്

നേർക്കാഴ്ച | ജെ.സി 42
ഇന്ത്യാ - യു.എസ് വ്യാപാരക്കരാർ ആശങ്കകൾ

കാനോൻ നിയമം 14
ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

സ്റ്റുഡൻസ് ഫോറം യോഗസഹായി 22
വിദ്യാഭ്യാസശുശ്രൂഷ

വചന ജ്വാല- 2026 ഫെബ്രുവരി 34
ബിസിസി കമ്മിഷൻ

വാർത്തകൾ 36

നീർച്ചാൽ 38

•ലേഖനം •ജോനാഥ് കപ്പൂച്ചിൻ



# മരുഭൂമിക്കാലം




ഏതൊരുവനും അവന്റെ
ജീവിതത്തിൽ വന്നുചേരാൻ
ഇടയുള്ളൊരു ആത്മീയ
വരൾച്ചാക്കാലമുണ്ട്.
ആ ഊഷരതയുടെ
മരുഭൂമിയിൽ നിശ്ചയമായും
ശരീരത്തിന്റെ കാമനകളുടെ
വിശപ്പും, ദൈവത്തിന്റെ
കരുതലിനെക്കുറിച്ചുള്ള
ആശങ്കയും, അവിടത്തെ
അവഗണിച്ചുള്ളൊരു
ജീവിതശൈലിക്ക്
വേണ്ടിയുള്ള അഭിവാഞ്ചയും
പ്രലോഭനമായി
കടന്നു വന്നേക്കാം.
അപ്പോൾ എങ്ങനെ അതിനെ
പ്രതിരോധിച്ച് ജീവിക്കണമെന്നും
അതിജീവിക്കണമെന്നും
ക്രിസ്തു പഠിപ്പിച്ചു.

മരുഭൂമി ഉഷ്ണക്കാറ്റ് ആഞ്ഞടിക്കുന്ന ജലരഹിതമായ മണലാരണ്യമാണ്. എന്നാൽ, തിരുവചനത്തിലത് കേവലം ഒരു ഭൂപ്രദേശമല്ല, ചിലർക്കുവേണ്ടി ദൈവം നിശ്ചയിച്ചുറപ്പിച്ച ആത്മീയ പരിശീലനയിടമാണ്. 30 വർഷം നസ്രത്തിലെ വീട്ടിൽ തച്ചനായി ജീവിച്ച ക്രിസ്തു ലോകത്തിന് മുഴുവൻ മിശിഹായായി രൂപാന്തരപ്പെട്ടത് അവിടെയാണ്. സാത്താന്റെ ഇടപെടലുകളവൻ ആദ്യമായി നേരിട്ടതും അവിടെത്തന്നെ. അപ്പോൾ പ്രലോഭകന്റെ വേഷത്തിൽ ദുരാത്മാവ് അവനോട് സംസാരിക്കുന്നു. പുറപ്പാട് പുസ്തകത്തിൽ ഇസ്രായേൽ ജനവും കടന്നുപോകുന്നൊരു മരുഭൂമി അനുഭവമുണ്ട്. പരീക്ഷകളുടെയും, പട്ടിണികളുടെയും, അലച്ചിലുകളുടെയും, വിശ്വാസ ഇടർച്ചകളുടെയും വരണ്ടുണങ്ങിയ ജീവിത പരിസരമായിരുന്നു അത്. ആഴത്തിലൊന്ന് ധ്യാനിച്ചാലൊരു കാര്യം മനസ്സിലാകും, ക്രിസ്തുവും ഇസ്രായേൽ ജനവും കടന്നുപോയ മഹാമരുഭൂമിയനുഭവങ്ങൾ തമ്മിൽ സമാനതകൾ ഏറെയുണ്ടെന്ന്.

യേശു ജോർദാൻ നദിയും ഇസ്രായേൽ മക്കൾ ചെങ്കടലും കടന്ന് മുന്നോട്ടുപോയത് ഊഷരതയുടെ ഈ മരുമണ്ണിലേക്ക് പ്രവേശിക്കാനാണ്. ദൈവപുത്രനെ വഴി നടത്തിയത് പരിശുദ്ധാത്മാവാണെങ്കിൽ, ദൈവജനത്തെ മുന്നോട്ടു നയിച്ചതും അതേ പരാശക്തിതന്നെ. ആ ദുർഘടമായ ഇടത്തിലാണ് ഇരുവരും പലവിധ പരീക്ഷണങ്ങളിലൂടെയും പ്രലോഭനങ്ങളിലൂടെയും വിശന്നും ദാഹിച്ചും തളർന്ന് വിവശരായത്. ഏറെക്കുറെ ഇരുവരും തത്തുല്യമായ പരീക്ഷകളിലൂടെയാണ് കടന്നുപോയത്. അവരുടെ ഹൃദയവിചാരങ്ങൾ മുഴുവനും വെളിപ്പെട്ട് കിട്ടിയത് അവിടെ വെച്ചാണ്. തന്നിൽ പൂർണമായി ആശ്രയിക്കുവാൻ ദൈവം ഒരുക്കിയ പരിശീലന കാലയളവായിരുന്നു അത്. 40 ദിവസംകൊണ്ട് ക്രിസ്തു എല്ലാവിധ പരീക്ഷകളെയും അതിജീവിച്ച് വിജയശ്രീലാളിതനായി പുറത്തുവന്നുവെങ്കിൽ, ഇസ്രയേൽ ജനത്തിന് 40 വർഷം എടുത്തിട്ടും പരാജയഭാരമാണ് ബാക്കി വന്നത്. അവർ തോറ്റിടത്തുനിന്ന് അവരുടെ വീണ്ടെടുപ്പിനുവേണ്ടികൂടി വിജയിച്ചു കയറിയവനാണ് ക്രിസ്തു.

ഒന്നോർത്തു നോക്കൂ, ദൈവജനത്തിന്റെ വീഴ്ചകളിലൊന്ന് വിശപ്പിനെക്കുറിച്ചുള്ള ആകുലതയായിരുന്നു. മരുഭൂമിയിൽ അവർ അനുദിനം പരിഭവപ്പെട്ടത് ആഹാരത്തിനു വേണ്ടിയായിരുന്നു. ദൈവം ആകാശത്തുനിന്നും മന്ന വർഷിച്ചിട്ടും അവർക്ക് പ്രിയം ഈജിപ്തിലെ ഇറച്ചിക്കഷണങ്ങളായിരുന്നു. ദൈവപുത്രനും നേരിട്ട പരീക്ഷണങ്ങളിൽ ആദ്യത്തേതും വിശപ്പുതന്നെയായിരുന്നു. വിരുന്നുകളിൽ അതിഥിയാകുന്നതിനു മുമ്പ്, സ്വർഗരാജ്യത്തെക്കുറിച്ച് പ്രഘോഷിക്കുന്നതിനു മുമ്പ്, അദ്ഭുതം പ്രവർത്തിക്കുന്നതിനു മുമ്പ്, നിയമജ്ഞരോട് തർക്കിക്കുന്നതിനു മുമ്പ് ആദ്യം നേരിട്ടത് മരുഭൂമിയിലെ കൊടും വിശപ്പാണ്. എന്നിട്ടുമവൻ കല്ലുകളെ അപ്പമാക്കിയില്ല, ആകാശത്തിലെ മന്ന ആഗ്രഹിച്ചില്ല, ഈജിപ്തിലെ ഇറച്ചിക്കഷണം മോഹിച്ചുമില്ല. കാരണം, മാനവകുലത്തിന്റെ അന്നമായി തീരുവാൻ ദൈവം നിശ്ചയിച്ച ഒരാൾക്ക് നശ്വരമായ വിശപ്പിനെകുറിച്ച് അധികം വ്യാകുലപ്പെടാനാകില്ല.





ദൈവം കരുതലിന്റെ കൈവെള്ളയിൽ താങ്ങിക്കൊണ്ടുവന്ന ജനമാണ് ഇസ്രയേൽ മക്കൾ. അവരെ വഴി നടത്തുവാൻ ഈജിപ്തുകാർക്കെതിരെ മഹാമാരി അയച്ചവൻ, ചെങ്കടൽ പകുത്ത് വഴിയൊരുക്കിയവൻ, രാത്രിയിൽ അഗ്നിസ്തംഭമായും പകൽ മേഘസ്തംഭമായും അനുയാത്ര ചെയ്തവൻ. എന്നിട്ടുമവർ മരുഭൂമിയിൽ ഉടനീളം ദൈവത്തിന്റെ സ്നേഹത്തെയും കരുതലിനെയും പരീക്ഷിച്ചുകൊണ്ടേയിരുന്നു. ക്രിസ്തു നേരിട്ട പ്രലോഭനങ്ങളിൽ രണ്ടാമത്തേതും ദൈവത്തിന്റെ ഈ കരുതലുമായി ബന്ധപ്പെട്ടതുതന്നെയായിരുന്നു. പിശാച് അവനോട് ദൈവാലയത്തിന്റെ അഗ്രത്തിൽനിന്നുകൊണ്ട് ചാടുവാൻ ആവശ്യപ്പെടുന്നു. ദൈവം തന്റെ ദൂതരെ അയച്ച് താങ്ങുമോ ഇല്ലയോയെന്ന് അങ്ങനെ ഉറപ്പിക്കണമായിരുന്നു. ക്രിസ്തുവാകട്ടെ അവന്റെ വാക്കുകേട്ട് ദൈവത്തിന്റെ കരുതലിനെ പരീക്ഷിച്ചില്ല. എന്നുമാത്രമല്ല, ആരുമതിന് ശ്രമിക്കരുതെന്ന നിലപാടെടുക്കുകയും ചെയ്തു.

ഒടുവിലായി, ഇസ്രയേൽ ജനം മണലാരണ്യത്തിൽചെയ്ത മഹാ അപരാധം ദൈവത്തെ മറന്ന് സ്വർണ കാളക്കുട്ടിയെ ആരാധിച്ചു എന്നതാണ്. തേനും പാലും ഒഴുകുന്ന കാനാൻദേശം വാഗ്ദാനം ചെയ്തവനെ വിസ്മരിച്ച് ആലയിൽ ഉരുക്കിയ വെറും വിഗ്രഹത്തെ കുമ്പിട്ട് വണങ്ങുന്നു. ക്രിസ്തുവും തത്തുല്യമായ പ്രലോഭനത്തിലൂടെയാണ് ഒടുവിൽ കടന്നുപോകുന്നത്. സാത്താൻ അവനും വാഗ്ദാനം ചെയ്യുന്നുണ്ട്, ലോകത്തിലെ എല്ലാ രാജ്യങ്ങളും അതിന്റെ മഹത്വവും നൽകാമെന്ന്. പകരമായി തന്നെ സാഷ്ടാംഗം പ്രണമിച്ച് ആരാധിക്കണമെന്ന്. ഏകദൈവമായ കർത്താവിനെ മാത്രമേ ആരാധിക്കാവൂ എന്ന് കൽപിച്ചുകൊണ്ടവൻ സാത്താന്റെ തന്ത്രങ്ങളെ തകർക്കുന്നുണ്ട്. അങ്ങനെ മരുഭൂമിയിൽ ഇസ്രയേൽ ജനത്തിന് സംഭവിച്ച വീഴ്ചകൾക്ക് മരുഭൂമിയിൽത്തന്നെ ക്രിസ്തു പരിഹാരമാർഗം കണ്ടെത്തുകയായിരുന്നു. 40 വർഷമെടുത്തിട്ടും അവർക്ക് കഴിയാതെ പോയത്, അവൻ വെറും 40 ദിനങ്ങൾ കൊണ്ട് പൂർത്തിയാക്കുന്നു. അങ്ങനെ ഇസ്രയേലിന്റെ പരാജയകഥയെയവൻ വിജയ ചരിത്രമാക്കിമാറ്റുന്നു.

ഏതൊരുവനും അവന്റെ ജീവിതത്തിൽ വന്നുചേരാൻ ഇടയുള്ളൊരു ആത്മീയ വരൾച്ചാക്കാലമുണ്ട്. ആ ഊഷരതയുടെ മരുഭൂമിയിൽ നിശ്ചയമായും ശരീരത്തിന്റെ കാമനകളുടെ വിശപ്പും, ദൈവത്തിന്റെ കരുതലിനെക്കുറിച്ചുള്ള ആശങ്കയും, അവിടുത്തെ അവഗണിച്ചുള്ളൊരു ജീവിതശൈലിക്ക് വേണ്ടിയുള്ള അഭിവാഞ്ചയും പ്രലോഭനമായി കടന്നു വന്നേക്കാം. അപ്പോൾ എങ്ങനെ അതിനെ പ്രതിരോധിച്ച് ജീവിക്കണമെന്നും അതിജീവിക്കണമെന്നും ക്രിസ്തു പഠിപ്പിച്ചു. സത്യത്തിൽ, മരുഭൂമിയവനെ രൂപപ്പെടുത്തുകയായിരുന്നു, അവന്റെ പൂർണതയിലേക്ക്. ആ മണലാരണ്യത്തിന്റെ ചൂടുള്ള പ്രലോഭനവഴികൾ ചവിട്ടി നടന്നാണവൻ തുടർന്നുള്ള മൂന്നുവർഷത്തെ പരസ്യജീവിതത്തിന്റെ മിശിഹാനിയോഗം ഏറ്റെടുക്കുവാൻ കരുത്തുള്ളവൻ ആയത്. കാരണം, മരുഭൂമിയൊരു പരീക്ഷണ ഇടം മാത്രമല്ല, പരിവർത്തനയിടം കൂടിയാണ്. ആകയാൽ, നമ്മുടെ മുഴുവൻ നന്മയുടെയും സാധ്യതയിലേക്ക് വളരുവാൻ മരുഭൂമിയുടെ ഈ തപസ്സുകാലം കാരണമാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. •

•ലേഖനം • ഫാ. ദീപക് ആന്റോ



# കൂടെ ആയിരിക്കുന്നവന്റെ മനസ്സറിയുക


മറ്റൊരു നോമ്പുകാലത്തിന്റെ പടിവാതിലിൽ നിൽക്കുമ്പോൾ മരുഭൂമിയിലേക്ക് നടന്നുപോയ നസ്രായനെയാണ് മനസ്സ് പിന്തുടരുന്നത്. നാല്പത് ദിവസമല്ല, നാല്പത് വർഷക്കാലം പാലുംതേനും കാത്തിരുന്ന ഇസ്രായേല്യരും മരുഭൂമിയുടെ ഊഷരതകൾക്ക് പിന്നാലെയാണ് കാനാനിൽ പ്രവേശിച്ചത്.

നോമ്പുകാലത്ത് ഏറെ ഉപയോഗപ്പെടുന്ന പദമാണ് ഉപവാസം. കൂടെ ആയിരിക്കുക എന്നാണ് ആ പദത്തിന്റെ അർഥം. അവന്റെ പാദത്തിങ്കലിരുന്ന് നല്ല ഭാഗം തിരഞ്ഞെടുത്ത മറിയവും മലമുകളിൽനിന്ന് 'കൂടെയിരിക്കുവാൻ' വിളിക്കപ്പെട്ട ശിഷ്യന്മാരും താബോർ മലയിൽ കൂടെയായിരിക്കുക നല്ലതെന്ന് കണ്ടെത്തിയ ശിഷ്യരും കൂടെയായിരിക്കുമ്പോൾ ഹൃദയംകൊണ്ട് അവിടത്തെ സ്പർശിച്ച രക്തസ്രാവക്കാരി സ്ത്രീയും ഉപവസിക്കുകയായിരുന്നു, അഥവാ അവർ കൂടെ വസിക്കുകയായിരുന്നു. പക്ഷേ, ചില കൂടെവസിക്കലുകളെ അവൻതന്നെ വേണ്ടെന്ന്, അരുതെന്ന് നിഷ്കർഷിക്കുന്നുണ്ട്. അവന്റെ അധികാരവും മഹത്വവും സമ്പന്നതയും കണ്ട് അധികാരത്തിന്റെ പങ്കുപറ്റാനെത്തിയ യാക്കോബും യോഹന്നാനും, ഇതു നിനക്ക് സംഭവിക്കാതിരിക്കട്ടെ എന്നുപറഞ്ഞ് അവന് ആയുരാരോഗ്യവും ദീർഘജീവിതവും ആശംസിച്ച പത്രോസും അവന്റെ സുഖത്തിലും സൗഖ്യത്തിലും കൂടെ വസിക്കാനാഗ്രഹിക്കുന്നുണ്ട്. പക്ഷേ, അവരോടൊക്കെ ക്രിസ്തു പറയുക; ഇതല്ല ഉപവാസം, കൂടെ വസിക്കലാണ് ഉപവാസം.

തന്നോടൊപ്പം പാനപാത്രത്തിൽനിന്നും ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യാനാവശ്യപ്പെട്ട് മറ്റെന്തിലേക്കൊക്കെയോ അവൻ ക്ഷണിക്കുന്നുണ്ട് ഈ നോമ്പുകാലത്തും. ക്രിസ്തു വീഞ്ഞുകുടിക്കുന്നവനും ഭക്ഷണപ്രിയനും ആയിരുന്നു എന്നതൊരു പൊതുസംസാരവും ആരോപണവും മാത്രമല്ലായിരുന്നു. ഏകദേശം നാല്പതോളം വിരുന്നുസന്ദർഭങ്ങൾ സുവിശേഷങ്ങൾ സാക്ഷിക്കുന്നുണ്ട്. വിരുന്നുകളെയാണ് ജീവിതവും സന്ദേശവും പകുത്തുനൽകാൻ അവൻ ഏറ്റവും കൂടുതൽ ഉപയോഗിച്ചത്.

സഭയുടെ പുരാതന പാരമ്പര്യമനുസരിച്ച് നാല്പത് ദിനരാത്രങ്ങളുടെ ഉപവാസം ക്രിസ്തുവിനോടൊപ്പം ആയിരിക്കുവാനുള്ള സഭാതനയരുടെ ശ്രമമാണ്. ക്രിസ്തുവിന് മരുഭൂമിയനുഭവം ഭക്ഷണമുപേക്ഷിക്കൽ മാത്രമായിരുന്നില്ല. ശരീരത്തിന്റെ വെട്ടിയൊരുക്കലുകൾക്കുമപ്പുറം ആത്മാവിനെ തൊടുന്ന ഒന്നായിരുന്നു. മരുഭൂമിയനുഭവത്തിലൂടെ ദൈവസാന്നിധ്യം തിരിച്ചറിയാനും സ്വന്തം ജീവിതനിയോഗത്തെ പുനർവിചിന്തനത്തിനു വിധേയമാക്കുവാനും, നിശ്ശബ്ദതയിൽ സ്വന്തം ആത്മാവിനെ അഭിമുഖീകരിക്കാനും സാധിച്ചു. ജീവിതത്തിന്റെ പരുക്കൻ യാഥാർഥ്യങ്ങളോട് പടപൊരുതാനും തെറ്റിനോട് സന്ധിയില്ലാ സമരം ചെയ്യാനും അരുതെന്ന് പറയാനുള്ള ആർജ്ജവവും ജാഗ്രതയും തേടുവാനുമുള്ള സ്ഥലമാണ് മരുഭൂമി.

ആഗ്രഹിക്കുന്നതെല്ലാം നേടാനാവും എന്ന് പഠിപ്പിക്കുന്ന, ന്യൂജെൻ മോട്ടിവേഷൻ തിയറികൾക്കിടയിൽ നിനക്ക് വളരെക്കുറിച്ചുമാത്രമേ ആവശ്യമുള്ളൂവെന്ന് ഓർമിപ്പിക്കുന്ന കാലമാണ് നോമ്പുകാലം. ശബ്ദനിബിഡമായ ലോകത്തിൽ പാണ്ഡിത്യത്തിന്റെ വാചാടോപംകൊണ്ട് ദൈവത്തെ പ്രഘോഷിക്കുന്നതിനിടയിൽ നിശ്ശബ്ദതകൊണ്ട് ദൈവത്തെ തൊടാനാവുന്ന കാലം. ശരീരമാണ് മനുഷ്യനെന്ന് പഠിപ്പിക്കുന്ന തത്വശാസ്ത്ര




ങ്ങൾക്കിടയിലും ഇത്രയേയുള്ളൂ ശരീരമെന്ന് ഓർമിപ്പിക്കുന്ന കാലം. കൂടുതൽ ഉള്ളവനാണ് കൂടുതൽ വലിയവനെന്ന് ചിന്തിക്കുന്നവർക്ക് ജീവിതത്തിൽ വളരെക്കുറച്ച് കാര്യങ്ങളേ ആവശ്യമുള്ളൂ എന്ന് ഓർമിപ്പിക്കുന്ന കാലം.

## ദൈവാനുഭവകാലം

സ്വന്തം സുഖസൗകര്യങ്ങളും ഇറച്ചിപ്പാത്രങ്ങളും ഈജിപ്തിലെ ദേവന്മാരുമായി യാത്രതുടങ്ങിയ ഇസ്രായേൽ ജനത നാല്പത് വർഷങ്ങൾക്കുശേഷം കാനാൻ തീരമണയുമ്പോൾ അവരുടെ ജീവിത പാനപാത്രങ്ങൾ നിറഞ്ഞുകവിഞ്ഞിരുന്നു. ദൈവാനുഭവങ്ങൾകൊണ്ട്, ദൈവപരിപാലനയിൽമാത്രം ജീവിക്കുന്ന ജനമായും വെട്ടിയൊരുക്കപ്പെട്ടിരുന്നു. ക്രിസ്തുവിനുമുൻപേ പോയ മോശ നാല്പത് വർഷം പരദേശിയായി അലഞ്ഞുനടന്നതിനുശേഷമാണ് മുപ്പത് ലക്ഷത്തിലധികം വരുന്ന ഒരു ഗോത്രജനതയെ നയിക്കുന്നവനാകുന്നത്. ഈ അനുഭവങ്ങളാണ് മോശയെ ശക്തനാക്കിയത്.

## കരുണാർദ്രകാലം

നിങ്ങൾ മുഴങ്ങുന്ന ചേങ്ങിലയോ ചിലമ്പുന്ന കൈത്താളമോ ആണ്. വാക്കുകളിൽ സ്നേഹമില്ലെങ്കിൽ ചെമ്പുപോലെ പൊള്ളയായിപ്പോകുന്നു. ആൾക്കൂട്ടത്തിനിടയിൽനിന്നും ആക്രോശവും കുറ്റാരോപണവും നിശ്ശബ്ദതയെ ഭഞ്ജിച്ചപ്പോൾ തെറ്റിൽപിടിക്കപ്പെട്ട സ്ത്രീക്കുമുമ്പിൽ ക്രിസ്തു സ്നേഹംകൊണ്ടൊരു ഇടവേള തീർക്കുന്നുണ്ട്. അവന്റെ കരുണയുള്ള വാക്കുകൾ ജനത്തിന്റെ ഹൃദയത്തെ ഉരുക്കിക്കളയുന്നുമുണ്ട്.

## നന്ദിനിറഞ്ഞകാലം

കണ്ടില്ലേ, കൃതജ്ഞതാ സ്തോത്രം അർപ്പിച്ച് അവൻ ഭക്ഷണം കഴിക്കുന്നത്. അവന്റെ വിരുന്നു മേശകളിൽ അനർഹരും അപരിചിതരും ഇടംപിടിക്കുന്നത്. കാരണം ഓരോ അപ്പവും അരിമണിയും ഈ സൃഷ്ടപ്രപഞ്ചം മുഴുവന്റെയും അധ്വാനിച്ച മനുഷ്യരുടെയും അനുഗ്രഹിച്ച ദൈവത്തിന്റെയും പ്രതിരൂപമാണ്. അതുകൊണ്ട്, അറപ്പുരകളിൽ കൂടുതൽ കൂടുതൽ ശേഖരിച്ചുകൊണ്ടല്ല, ഉള്ളത് നന്ദിനിറഞ്ഞ ഹൃദയത്തോടെ ഭക്ഷിച്ചും പങ്കിട്ടും നോമ്പാചരിക്കാം.

## വി. ഫ്രാൻസിസ് മാതൃകയാകുന്ന കാലം

കുടുംബം വിട്ടെറിഞ്ഞുപോയ ധൂർത്തപുത്രനെ ഭൃത്യന്മാരിലൊരുവനായല്ല, കുടുംബാംഗത്തിന്റെ സ്നേഹോഷ്മളതയിലേക്കാണ് തിരികെ പ്രതിഷ്ഠിക്കുന്നത്. നഷ്ടപ്പെട്ടുപോയ ചില സ്നേഹ കൂട്ടായ്മകളിലേക്കുള്ള തിരിച്ചുചെല്ലലാണ് നോമ്പുകാലം. നഷ്ടപ്പെട്ടുപോയ ബാല്യത്തിന്റെ, സൗഹൃദങ്ങളുടെ, ബന്ധങ്ങളുടെ നന്മകളിലേക്കുള്ള സുബോധത്തോടെയുള്ള തിരിച്ചുപോക്ക്. ജീവനോടും, സർവചരാചരങ്ങളോടുള്ള മമതയോ കരുതലോ ഇല്ലാതാവുക എന്നതല്ല, മറിച്ച്, വി. ഫ്രാൻസിസിനെപ്പോലെ അടക്കാനാവാത്ത അഭിനിവേശത്തോടെ പ്രകൃതിയെയും ജീവജാലങ്ങളെയും മനുഷ്യനെതന്നെയും പ്രണയിച്ചുതുടങ്ങുമ്പോഴാണ് തപസ്സുകാലം പൂർണമാകുക.

## പടപൊരുതലിന്റെ കാലം

ഭാരതത്തിന്റെ സ്വാതന്ത്ര്യസമര കാലഘട്ടം ലോകത്തിന് നൽകിയ അമൂല്യമായ ആശയങ്ങളിലൊന്നായിരുന്നു സത്യാഗ്രഹം. തെറ്റിനെതിരെയുള്ള ദുർബലന്റെ സമരായുധം. അത് നൂറ്റാണ്ടുകൾക്കുമുൻപ് തിന്മയുടെ എല്ലാ ശക്തികൾക്കുമെതിരെ ക്രിസ്തു നൽകിയ ആയുധമായിരുന്നു. അതുകൊണ്ടാണ് ഉപവാസവും പ്രാർഥനയുംകൊണ്ടേ തിന്മയെ നേരിടാനാകുവെന്ന് അവിടുന്ന് പറയുന്നത്. അപ്പോൾ ഉപവസിക്കുന്ന മനുഷ്യരിൽ സന്യാസിയുടെ താപസഭാവം മാത്രമല്ല, തിന്മയ്ക്കെതിരെയുള്ള പോരാളിയുടെ ധീരതയും ദർശിക്കാനാകും.

ജീവിതത്തിലെ ബലഹീനതകളെ ഓർക്കാനും ധ്യാനിക്കാനുമുള്ള അവസരം കൂടിയാകട്ടെ ഈ തപസ്സുകാലം.

•



•ലേഖനം •ജോസഫ് ജൂഡ്

വൈസ്പ്രസിഡന്റ്, കെ.ആർ.എൽ.സി.സി



# നീതിയുടെ നിറവേറ്റലാണ് രാഷ്ട്രീയ പ്രവർത്തനം

> 1964 നവംബർ 21ന് അംഗീകരിച്ച 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖയുടെ രണ്ടാം ഭാഗം നാലാമധ്യായത്തിൽ രാഷ്ട്രനിർമിതിയിൽ ജനാധിപത്യ മാർഗങ്ങളിലൂടെ സഭ ഇടപെടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് വിശദമാക്കുന്നുണ്ട്. രാഷ്ട്രീയം സഭയുടെ ദൗത്യമല്ല എന്നാൽ രാഷ്ട്രീയത്തിൽ ഇടപെടാൻ സഭയ്ക്ക് ധാർമികമായ ഉത്തരവാദിത്തവും കടമയും ഉണ്ട് (GS76).

സാമൂഹിക ജീവിതത്തെ സംഘടിപ്പിക്കാനും ക്രമപ്പെടുത്താനുമുള്ള രാഷ്ട്രീയ ഇടപെടലുകൾ അല്മായവിശ്വാസികളുടെ ദൗത്യത്തിന്റെ ഭാഗമാണ്. സഹപൗരന്മാർക്കൊപ്പം സ്വയം ഏർപ്പെടുന്ന പ്രവർത്തനമാണത്. സുവിശേഷചൈതന്യത്തിലും സഭയുടെ പ്രബോധനങ്ങൾക്കനുസൃതമായും ഏവരുടെയും പൊതുനന്മയ്ക്കായി സാമൂഹിക പ്രവർത്തനത്തിലേർപ്പെടാനും സത്യം, നീതി എന്നീ മൂല്യങ്ങളിൽ അടിയുറച്ച് ക്രൈസ്തവികമായ പ്രതിജ്ഞാബദ്ധതയോടെ തങ്ങൾക്കു ചുറ്റിലുമുള്ള ഭൗതിക സാഹചര്യങ്ങളെ ക്രമപ്പെടുത്താനും വിശ്വാസികൾക്കു ബാധ്യതയുണ്ട്. (കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം, 2442). കേവലം അധികാര നിർവഹണത്തിലെ പങ്കുചേരൽ മാത്രമല്ല, നീതിയുടെ നിറവേറ്റലാണ് ക്രൈസ്തവവിശ്വാസികളെ സംബന്ധിച്ച് രാഷ്ട്രീയപ്രവർത്തനം.

1962 മുതൽ 1965 വരെ റോമിൽ നടന്ന വത്തിക്കാൻ കൗൺസിൽ 16 പ്രമാണരേഖകളാണ് പുറപ്പെടുവിച്ചത്. അവയിൽ സുപ്രധാനമായ ഒന്നാണ് സഭ ആധുനിക ലോകത്തിൽ എന്ന പ്രമാണരേഖ. 1964 നവംബർ 21ന് അംഗീകരിച്ച ഈ പ്രമാണരേഖയുടെ രണ്ടാംഭാഗം നാലാമധ്യായത്തിൽ രാഷ്ട്രനിർമ്മിതിയിൽ ജനാധിപത്യ മാർഗങ്ങളിലൂടെ സഭ ഇടപെടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് വിശദമാക്കുന്നുണ്ട്. രാഷ്ട്രീയം സഭയുടെ ദൗത്യമല്ല. എന്നാൽ, രാഷ്ട്രീയത്തിൽ ഇടപെടാൻ സഭയ്ക്ക് ധാർമികമായ ഉത്തരവാദിത്തവും കടമയും ഉണ്ട് (GS76). കഴിഞ്ഞകാലങ്ങളിൽ കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിൽ നിർണായകമായ ധാർമിക ഇടപെടലുകൾ കേരളത്തിലെ ലത്തീൻ കത്തോലിക്കാ ലത്തീൻസഭയും സമുദായവും നടത്തിയിട്ടുണ്ട്. സാമൂഹിക വ്യവസ്ഥിതിയിൽ നിലനിന്നിരുന്ന എല്ലാ അധാർമിക പ്രവർത്തനങ്ങളെയും പൊളിച്ചെഴുതി കേരളത്തിൽ നവമായ ഒരു സാമൂഹികവ്യവസ്ഥിതി നടപ്പിലാക്കാൻ ലത്തീൻ കത്തോലിക്കാ സഭ ആത്മാർഥമായി ശ്രമിച്ചിരുന്നു. കേരളത്തിൽ പണിതുയർത്തിയ അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും ആതുര ശുശ്രൂഷാ കേന്ദ്രങ്ങളിലൂടെയും സഭയും സമൂഹവും നടത്തിയ ശ്രമങ്ങളും ഇടപെടലുകളും കേരളത്തിന്റെ നവോഥാന ചരിത്രത്തിന്റെ ഭാഗമാണ്.



രാഷ്ട്രനിർമിതിയിലെ പങ്കാളിത്തത്തിന്റെയും പ്രാധിനിത്യത്തിന്റെയും വിവിധവശങ്ങൾ ലത്തീൻ കത്തോലിക്കാസമുദായം ഗൗരവമായവിധത്തിൽ പരിഗണിച്ചിരുന്നു. ദേശീയ രാഷ്ട്രീയ സാഹചര്യങ്ങളിൽ ക്രൈസ്തവർ നേരിടുന്ന വെല്ലുവിളികളും കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളിൽ ലത്തീൻ കത്തോലിക്കർ നേരിടുന്ന പ്രതിസന്ധികളും ഒരു രാഷ്ട്രീയ സമീപനം രൂപപ്പെടുത്തുന്നതിൽ നിർണായക ഘടകങ്ങളാണ്.

## അവഗണിക്കപ്പെടുന്ന ലത്തീൻസമുദായം

1930-കളുടെ ആരംഭം മുതൽ സുസംഘടിതമായ രാഷ്ട്രീയ ഇടപെടൽ സമുദായം നടത്തുന്നുണ്ട്. പൊതുമത്സരത്തിലൂടെ പ്രജാസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ലത്തീൻ സമുദായംഗം 1912 ചേർത്തലയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഈറശ്ശേരിൽ കുഞ്ഞുമിഖേൽ വിനാംസിയാണ്. 1931 ഏപ്രിൽ ഏഴിനായിരുന്നു പ്രൊഫസർ എൽ. എം. പൈലി പ്രസിഡന്റായി കൊച്ചി ലാറ്റിൻ ക്രിസ്ത്യൻ കോൺഫറൻസ് പ്രവർത്തനം ആരംഭിക്കുന്നത്. പിന്നീട് ഇത് കൊച്ചിൻ ലാറ്റിൻ ക്രിസ്ത്യൻ കോൺഗ്രസ് എന്നാക്കി മാറ്റി. സർക്കാരുദ്യോഗരംഗത്ത് സമുദായത്തിന് ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം നൽകണമെന്നാവശ്യപ്പെട്ട് 1931 ജൂലൈ 24ന് കൊച്ചി ദിവാന് നിവേദനം നൽകുന്നുണ്ട്. 1933 ജനുവരി 25ന് നിവർത്തന പ്രക്ഷോഭണത്തിന് മഹാജനസഭ ഔദ്യോഗികമായി പിന്തുണ നൽകുകയുണ്ടായി. നിവർത്തന പ്രക്ഷോഭണത്തിന് ശേഷമായിരുന്നു 1938ൽ ഉത്തരവാദിത്തഭരണ പ്രക്ഷോഭം ആരംഭിക്കുന്നത്.

കേരളത്തിൽ ജനാധിപത്യം ശക്തിപ്പെടുന്നതിന്റെ സുപ്രധാനമായ നാഴികക്കല്ലാണ് ഉത്തരവാദിത്തഭരണത്തിനുവേണ്ടി നടത്തപ്പെട്ട പ്രക്ഷോഭം. അതിന്റെ ഭാഗമായി 1938 ഫെബ്രുവരി 23ന് തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് സ്ഥാപിക്കപ്പെടുന്നു. ലത്തീൻ കത്തോലിക്കാ മഹാജനസഭയുടെ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ആനിമസ്ക്രീൻ സ്റ്റേറ്റ് കോൺഗ്രസിന്റെ സ്ഥാപക നേതാവായിരുന്നു.

## സമുദായം ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിത്തീരുന്നു

1948 ഫെബ്രുവരിയിൽ നടന്ന പ്രഥമ തിരഞ്ഞെടുപ്പിൽ എൻ എസ് എസ്, എസ് എൻ ഡി പി, കത്തോലിക്ക കോൺഗ്രസ് മഹാജനസഭ എന്നീ സംഘടനകൾ തങ്ങളുടെ രാഷ്ട്രീയ പ്രവർത്തനം അവസാനിപ്പിച്ച് കോൺഗ്രസ് പാർട്ടിക്ക് പിന്തുണ പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പിനുശേഷം മറ്റ സമുദായ സംഘടനകൾ പ്രവർത്തനങ്ങൾ പുനരാരംഭിച്ചപ്പോൾ ലത്തീൻ കത്തോലിക്കാ മഹാജനസഭ പൂർണമായും കോൺഗ്രസിൽ ലയിച്ചപോലെയായിത്തീർന്നു. അങ്ങനെയാണ് ലത്തീൻ കത്തോലിക്കാ സമുദായം ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായിത്തീരുകയും കോൺഗ്രസിന്റെ വോട്ട് ബാങ്ക് ആയി പരിണമിക്കുകയും ചെയ്തത്.



1948 ലെ പ്രഥമ തെരഞ്ഞെടുപ്പിൽ വിജയി ആയിട്ടും ആനി മസ്ക്രീനെ മന്ത്രിസഭയിൽ ഉൾപ്പെടുത്താൻ പട്ടം താണുപിള്ള തയ്യാറായില്ല. പ്രാരംഭംമുതൽ സമുദായത്തോടുള്ള അവഗണന തുടങ്ങിയിരുന്നതായി മനസ്സിലാക്കാം. സമുദായ അംഗങ്ങൾ നടത്തിയ പ്രതിഷേധങ്ങൾക്കുശേഷമാണ് ആനി മസ്ക്രീനെ മന്ത്രിസഭയിൽ ഉൾപ്പെടുത്താൻ തയ്യാറായത്. എന്നാൽ, 1952ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മസ്ക്രീന് കോൺഗ്രസ് പാർട്ടി സീറ്റ് നിഷേധിച്ചു. ഭരണഘടന സഭയിൽ അംഗമായിരുന്നുകൊണ്ട് തന്റെ വൈഭവം തെളിയിച്ചിട്ടും ആനി മസ്ക്രീന് സീറ്റ് ലഭിച്ചില്ല. പക്ഷേ അവർ സ്വതന്ത്രയായി മത്സരിച്ച് ലോകസഭാംഗമായി.



ആദ്യകാലത്തുതന്നെ സമുദായം നേരിട്ട മറ്റൊരു അവഗണനയുടെ കഥകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. 1960 ഫെബ്രുവരിയിൽ അധികാരത്തിൽവന്ന പട്ടം താണുപിള്ള മഹാസാത്വികനായിരുന്ന അലക്സാണ്ടർ പറമ്പിത്തറയെ നിഷ്കരുണം ആക്ഷേപിക്കുകയുണ്ടായി. മന്ത്രിസഭയുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും സത്യപ്രതിജ്ഞയ്ക്ക് തയ്യാറായിവരാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ സത്യപ്രതിജ്ഞാചടങ്ങിനുമുൻപ് അദ്ദേഹത്തെ ഒഴിവാക്കി മറ്റൊരാളെ ഉൾപ്പെടുത്തുകയായിരുന്നു. തുടർന്ന് സമുദായം നടത്തിയ പ്രതിഷേധത്തിന്റെ ഫലമായി പറമ്പിത്തറമാഷിനെ 1961 ഡിസംബർ 13ന് നിയമസഭയുടെ സ്പീക്കറായി തിരഞ്ഞെടുക്കുകയായിരുന്നു.

## രാഷ്ട്രീയവിലപേശൽ ശക്തി വർധിപ്പിക്കാൻ

നെട്ടൂർ ദാമോദരൻ കമ്മീഷൻ കത്തോലിക്കർക്ക് ലഭിച്ചുകൊണ്ടിരുന്ന സംവരണം വെട്ടിക്കുറക്കാനുള്ള ശുപാർശ തയ്യാറാക്കിയപ്പോൾ കേരളത്തിൽ എമ്പാടും ഉള്ള സമുദായ അംഗങ്ങൾ ഉണർന്നെഴുന്നേറ്റു. സമുദായത്തിന്റെ മുന്നേറ്റത്തിനായി ഒരു സാമുദായിക സംഘടനയുടെ ആവശ്യകത ഉയർന്നുവന്നു. 1972ൽ കെ. എൽ. സി. എ യുടെ രൂപീകരണത്തിന് വഴിതെളിച്ചു. സംയുക്ത പ്രക്ഷോഭ ഫലമായി സംവരണം സംരക്ഷിക്കാനും സാധിച്ചു.

1979 സെപ്റ്റംബർ മാസത്തിൽ ആലപ്പുഴയിൽ നടന്ന കെ. എൽ. സി. എ. ജനറൽ കൗൺസിൽ ഒരു രാഷ്ട്രീയ പാർട്ടിക്ക് രൂപംനൽകാൻ തീരുമാനിക്കുകയുണ്ടായി. അങ്ങനെ രൂപംപ്രാപിച്ച പാർട്ടിയാണ് ക്രിസ്ത്യൻ ലേബർ പാർട്ടി. അപ്രതീക്ഷിതമായിട്ടാണ് 1980 ജനുവരിയിൽ കേരള നിയമസഭാ തിരഞ്ഞെടുപ്പ് വന്നത്. സി. എൽ. പി പത്തോളം മണ്ഡലങ്ങളിൽ സ്ഥാനാർഥികളെ നിർത്തുകയുണ്ടായി. അതിനെത്തുടർന്ന് ഐക്യജനാധിപത്യമുന്നണി മുൻകൈയെടുത്ത് സി.എൽ.പി നേതൃത്വവുമായി ചില ധാരണകൾ ഉണ്ടാക്കി. അതനുസരിച്ച് പറവൂർ സീറ്റിൽ നാമനിർദേശം നൽകിയിരുന്ന അഡ്വക്കേറ്റ് കെ.പി ജോർജിനെ യുഡിഎഫിന്റെ ഔദ്യോഗിക സ്ഥാനാർഥിയായി അംഗീകരിച്ചു. മറ്റെല്ലാ മണ്ഡലങ്ങളിലും സി.എൽ.

പി സ്ഥാനാർഥികളെ പിൻവലിച്ച് യുഡിഎഫിന് പിന്തുണ നൽകി. പക്ഷേ, മണ്ഡലത്തിലെ സ്ഥാനാർഥിക്ക് വിജയിക്കാനായില്ല. 1982ൽ വീണ്ടും തിരഞ്ഞെടുപ്പ് ഉണ്ടായി. ഇതിനിടെ സിഎൽപി പ്രവർത്തനം അവസാനിപ്പിച്ച് കോൺഗ്രസിന് പരിപൂർണ പിന്തുണനൽകി. യുഡിഎഫിന് ഭൂരിപക്ഷം ലഭിച്ചു.

1982 മെയ് ഇരുപത്തിനാലിനായിരുന്നു കെ. കരുണാകരൻ മൂന്നാമത്തെ തവണ കേരള മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്നത്. എന്നാൽ പതിനേഴോളം മന്ത്രിമാരുൾപ്പെട്ട മന്ത്രിസഭ അധികാരമേറ്റെങ്കിലും മന്ത്രിസഭയിൽ ലത്തീൻ സമുദായത്തിന്റെ പ്രാതിനിധ്യം നിരാകരിക്കപ്പെടുകയുണ്ടായി.



സമുദായത്തിന്റെ ജിഹ്വയായിരുന്ന കേരള ടൈംസിന്റെ മാനേജിങ് എഡിറ്റർ ഫാദർ ജോർജ് വെളിപ്പറമ്പിൽ 'തീരദേശം കേഴുന്നു' എന്ന പേരിൽ എഴുതിയ പരമ്പര സമുദായംഗങ്ങളെ പ്രബുദ്ധരും കർമോത്സുകരും ആക്കി. എല്ലായിടത്തും പ്രതിഷേധങ്ങൾ ആളിപ്പടർന്നു. കെഎൽസിഎയുടെ നേതൃത്വത്തിൽ സമുദായ സമ്മേളനങ്ങൾ വിളിച്ചു കൂട്ടി. രൂപതകളിലെ പ്രതിഷേധ സമരങ്ങൾ ഉദ്ഘാടനം ചെയ്തത് അഭിവന്ദ്യ രൂപതാമെത്രാന്മാരായിരുന്നു. സമുദായം സ്വതന്ത്രമായ ഒരു രാഷ്ട്രീയ ലൈൻ സ്വീകരിക്കുവാൻ രൂപതാസമ്മേളനങ്ങൾ പ്രമേയങ്ങൾ പാസാക്കി. അതിന്റെ തുടർച്ചയായി 1982 ആഗസ്റ്റ് 15ന് കൊല്ലത്ത് ചേർന്ന സംസ്ഥാന പ്രതിനിധി സമ്മേളനം ഇന്ത്യൻ ലേബർ കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് രൂപം നൽകി. 1984 ൽ നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ മത്സരിച്ചെങ്കിലും കാര്യമായ പ്രകടനം നടത്താനായില്ല. ഇന്ദിരാഗാന്ധിയുടെ മരണത്തിനുശേഷം നടന്ന തിരഞ്ഞെടുപ്പിൽ മറ്റെല്ലാ കാര്യങ്ങളും അപ്രസക്തമായി തീരുകയായിരുന്നു.

## കെആർഎൽസിസി രാഷ്ട്രീയനയം

2005 ജൂൺ 17, 18, 19 തീയതികളിൽ തിരുവനന്തപുരത്ത് ചേർന്ന കെആർഎൽസിസി സമ്മേളനം സമുദായത്തെ സംബന്ധിച്ച് ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട ഒന്നാണ്. ആ സമ്മേളനമാണ് ലത്തീൻ സമുദായത്തിന്റെ നിലവിലുള്ള രാഷ്ട്രീയനയം അംഗീകരിച്ചത്. നാളിതുവരെ സമുദായം കോൺഗ്രസ് പാർട്ടിയോട് സ്വീകരിച്ചിട്ടുള്ള നിലപാടിനെ ഒരു പുനർവിചിന്തനത്തിന് വിധേയമാക്കി. ഇടതുപക്ഷത്തേക്കുള്ള ചായ്‌വ് ആയിട്ടാണ് പല മാധ്യമങ്ങളും ഇതിനെ വ്യാഖ്യാനിച്ചത്. കോൺഗ്രസിനോടുള്ള ചായ്‌വ് ഒരു പുനർവിചിന്തനത്തിന് വിധേയമാക്കി എന്നത് ശരിയാണ്. എന്നാൽ, ഇതിനെ ഇടത്തോട്ടുള്ള ചായ്‌വായി കണക്കാക്കാനാവില്ല. കോൺഗ്രസിനോട് സ്ഥായിയായി ചാഞ്ഞിരിക്കാൻ തയ്യാറല്ലെന്നും സ്വതന്ത്രമായ രാഷ്ട്രീയ നിലപാടുമായി മുന്നോട്ടുപോകും എന്നും സമുദായം തീരുമാനമെടുത്തു. ഇത് സാധാരണഗതിയിൽ വിവക്ഷിക്കുന്ന അവസരവാദ സമദൂര സിദ്ധാന്തമല്ല. ഇത് മൂല്യാധിഷ്ഠിതവും പ്രശ്നാധിഷ്ഠിതവുമായ രാഷ്ട്രീയ സമീപനം ആയിരിക്കും. സമുദായത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഏതു മുന്നണിയാണോ മുന്നോട്ട് വരുന്നത് അവരോട് സഹകരിക്കാൻ സന്നദ്ധരാണ് എന്നാണ് രാഷ്ട്രീയ നയരേഖയിൽ വ്യക്തമാക്കിയിട്ടുള്ളത്.

ഒരു വിശ്വാസ സമൂഹമെന്നനിലയിൽ വിശ്വാസദാർഢ്യവും ഐക്യവും പ്രകടിപ്പിക്കുവാൻ നമുക്ക് കഴിയുമ്പോഴും കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളിൽ നിരവധിയായ പ്രതിസന്ധികളും വെല്ലുവിളികളും നേരിടുന്ന ഒരു ജനസമൂഹം ആണ് കേരളത്തിലെ ലത്തീൻ കത്തോലിക്കർ. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ സ്വാധീനം ചെലുത്തുന്ന ഒരു ശക്തിയായി മാറാൻ കഴിയാതിരുന്നതിനാൽത്തന്നെ രാഷ്ട്രീയ സാമൂഹിക മേഖലകളിൽ ലത്തീൻ കത്തോലിക്കരുടെ ന്യായമായ ആവശ്യങ്ങളും താല്പര്യങ്ങളും നിരന്തരം അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ജനാധിപത്യ സംവിധാനങ്ങളിലും ഭരണനിർവഹണത്തിന്റെ വിവിധതലങ്ങളിലും അർഹമായ പ്രാതിനിധ്യവും മതിയായ പങ്കാളിത്തവും ലത്തീൻകാർക്ക് നിഷേധിക്കപ്പെടുന്നു. ലത്തീൻകത്തോലിക്കാസമൂഹം നിരന്തരം ഉന്നയിക്കുന്ന പ്രശനങ്ങളോടും ആവശ്യങ്ങളോടും വിവിധ രാഷ്ട്രീയമുന്നണികളുടെയും സർക്കാരിന്റെയും പ്രതികരണങ്ങളുടെ അടിസ്ഥാനത്തിലാണ് ആസന്നമായ തിരഞ്ഞെടുപ്പിൽ പ്രായോഗികമായ രാഷ്ട്രീയസമീപനം ലത്തീൻ കത്തോലിക്കാ സമുദായം സ്വീകരിക്കുന്നത്.

## പരിഹാരംതേടുന്ന പ്രശ്നങ്ങളും ആവശ്യങ്ങളും

- ലത്തീൻ കത്തോലിക്ക സമൂഹത്തിന്റെയും ദളിത് ക്രൈസ്തവരുടെയും, ആംഗ്ലോ ഇന്ത്യരുടെയും ഉന്നമനത്തിനായി പ്രത്യേക പദ്ധതികളും നയങ്ങളും നിർദേശിക്കപ്പെട്ടിട്ടുണ്ട് എന്നു കരുതുന്ന ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ സർക്കാർ തയ്യാറാകണം. റിപ്പോർട്ടിലെ നിർദേശങ്ങൾ പലതും നടപ്പിലാക്കി കഴിഞ്ഞുവെന്ന സർക്കാരിന്റെ അവകാശവാദത്തെ ഈ അസംബ്ലി നിരാകരിക്കുന്നു. റിപ്പോർട്ട് പ്രസിദ്ധീകരിക്കാതെ ഈ റിപ്പോർട്ടിലെ നിർദേശങ്ങൾ എന്ന തരത്തിൽ നടപ്പിലാക്കുന്ന പദ്ധതികളെ സംശയത്തോടെ മാത്രമേ വീക്ഷിക്കാൻ കഴിയുകയുള്ളൂ.

- ലത്തീൻ കത്തോലിക്ക സമുദായ സർട്ടിഫിക്കറ്റ് സംബന്ധിച്ച സർക്കാർ ഉത്തരവിലെ 1947 എന്ന വർഷം ലത്തീൻ കത്തോലിക്കരെ സംബന്ധിച്ച് അപ്രസക്തമായതിനാൽ ഈ പ്രത്യേകവർഷം ഒഴിവാക്കി സ്പഷ്ടീകരണം നടത്തണം. അർഹമായ ലത്തീൻ കത്തോലിക്കാ സമുദായ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിലുള്ള തടസ്സങ്ങൾ പരിഹരിക്കണം എന്ന ആവശ്യത്തിന് ഇനിയും പരിഹാരം ഉണ്ടാകാത്തത് പ്രതിഷേധാർഹമാണ്.

- തീരദേശഹൈവേയുടെ വിശദമായ പദ്ധതിരേഖ (ഡിപിആർ) പ്രസിദ്ധീകരിക്കുകയും തീരദേശ ജനതയുടെ ആശങ്കകൾ പരിഹരിക്കുകയും വേണം. 2018-ൽ നാറ്റ്പാക് (നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ് ആൻഡ് റിസർച്ച് സെന്റർ) തീരദേശഹൈവേയുടെ വിശദ പദ്ധതിരേഖ തയ്യാറാക്കിയിരുന്നെങ്കിലും ഇപ്പോൾ പുതുക്കിയ ഡി.പി.ആറും അടങ്കലും നാറ്റ്പാക് തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതായി അറിയുന്നു. പ്രാദേശിക സമൂഹങ്ങളുമായി കൂടിയാലോചിച്ച് അവരുടെ ആശങ്കകൾ പരിഹരിക്കണം.

- ലത്തീൻ കത്തോലിക്കരുടെ വിദ്യാഭ്യാസ സംവരണം 4 ശതമാനമായി വർധിപ്പിക്കണം. ലത്തീൻ കത്തോലിക്കരിലെ ആംഗ്ലോ ഇന്ത്യൻ വിഭാഗത്തെ ഡിഗ്രി പിജി കോഴ്സുകളിലെ സംവരണത്തിൽനിന്നും ഒഴിവാക്കിയിരിക്കുന്ന സാഹചര്യം അവസാനിപ്പിക്കണം.

- സർക്കാർ ഉദ്യോഗത്തിൽ സാമുദായിക പ്രാതിനിധ്യത്തെ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ സർക്കാർ പുറത്തുവിടണം. അധികാര-ഉദ്യോഗ-വിദ്യാ

ഭ്യാസ- സാമ്പത്തിക മണ്ഡലങ്ങളിൽ ജനസംഖ്യാനുപാതികമായി പങ്കാളിത്തം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്താനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉദ്യോഗങ്ങളിൽ ഉൾപ്പടെ അധികാര ശ്രേണിയിലുള്ള പങ്കാളിത്തത്തിനും അടിസ്ഥാന ഡേറ്റ എന്ന നിലയിൽ ജാതി സെൻസസ് (സാമുദായിക തലത്തിൽ ജനസംഖ്യാ കണക്കെടുപ്പ്) നടപ്പിലാക്കണം.

‣ വിഴിഞ്ഞം സമരവുമായും മുതലപ്പൊഴി വിഷയവുമായും ബന്ധപ്പെട്ട് സഭാ-സാമുദായിക പ്രതിനിധികൾക്കെതിരെ അന്യായമായി എടുത്തിരിക്കുന്ന ക്രിമിനൽകേസുകൾ പിൻവലിക്കണം. മുനമ്പം പ്രശ്നത്തിന് ശാശ്വതപരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണം.

‣ കേരളത്തിന്റെ മത്സ്യമേഖലാ സംരക്ഷണം: സമഗ്രപദ്ധതി നടപ്പിലാക്കണം. കേരളത്തിൽ മലനാട്ടിലും ഇടനാട്ടിലും ഉൾപ്പെടുന്ന പ്രദേശങ്ങളും ലത്തീൻ കത്തോലിക്കരുടെ ആവാസ കേന്ദ്രങ്ങൾ ആണെങ്കിലും പ്രധാനമായി അധിവസിക്കുന്നത് കേരളത്തിന്റെ തീരപ്രദേശത്താണ്. എന്നാലിന്ന് തീരദേശ ജനതയുടെ ഉപജീവന സാധ്യതകൾ നഷ്ടപ്പെടുത്തുകയും ആവാസവ്യവസ്ഥകൾ അന്യമാക്കപ്പെടുകയും ചെയ്യുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മത്സ്യബന്ധന നയങ്ങൾ, മത്സ്യബന്ധന മേഖലയിൽ സ്വീകരിച്ചിട്ടുള്ള നിയന്ത്രണങ്ങൾ, കേന്ദ്ര സർക്കാരിന്റെ നീല സമ്പദ് വ്യവസ്ഥാനയവുമായി ബന്ധപ്പെട്ട നടപടികൾ, തീരത്തും തീരക്കടലിലെയും ദൃഢഘടനകളുടെ നിർമാണവും ധാതു മൂലകങ്ങളുടെ ഖനനവും, മൂലധന വാണിജ്യ താത്പര്യങ്ങൾക്ക് സൗകര്യ



ങ്ങളൊരുക്കുന്ന സർക്കാർ നടപടികൾ, (വിഴിഞ്ഞവും മുതലപ്പൊഴിയും സജീവ ഉദാഹരണങ്ങൾ), ഈ സ്ഥിതിവിശേഷം കൂടുതൽ ദുരിതപൂർണമാക്കുന്നു.

‣ കേരളതീരം സംരക്ഷിക്കുന്നതിന് ശാസ്ത്രീയവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ പദ്ധതികൾ ഫലപ്രദമായും അടിയന്തരമായും നടപ്പിലാക്കണം. പാരിസ്ഥിതികവും മാനുഷികവുമായ ദുരന്തമാണ് തീരശോഷണം. ഒൻപതു തീരദേശ ജില്ലകളിൽ തീരവും വീടും തൊഴിലിടവും ഉപജീവനവും ഇതുമൂലം നഷ്ടമാകുന്നു. കാലാവസ്ഥാവ്യതിയാനം, ആഗോളതാപനം എന്നിവയുടെ പ്രത്യാഘാതവും തീരത്തെ അശാസ്ത്രീയമായ ദൃഢനിർമിതികളും ആവാസ വ്യവസ്ഥകളുടെ മേലുള്ള കടന്നാക്രമണങ്ങളും ആക്കം കൂട്ടുന്ന വൻനാശനഷ്ടങ്ങൾക്ക് ശാശ്വത പരിഹാരം കാണാനുള്ള ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ഒന്നുംതന്നെ നമ്മുടെ ഭരണകൂടങ്ങൾക്ക് ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടില്ല. ചുഴലിക്കാറ്റോ വൻതോതിലുള്ള മറ്റെന്തെങ്കിലും പ്രകൃതിക്ഷോഭമോ ദുരന്തങ്ങളോ ഉണ്ടാകുമ്പോൾ മാത്രം താത്കാലിക പ്രതിവിധികൾക്ക് ഒരുങ്ങുന്ന സർക്കാർ തീരസംരക്ഷണത്തിന് സമഗ്രവും ശാസ്ത്രീയവുമായ പദ്ധതി ആവിഷ്കരിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട്. ചെല്ലാനത്ത് സർക്കാർ നടപ്പിലാക്കിയ തീരസംരക്ഷണ പദ്ധതി ചെല്ലാനം മുതൽ ഫോർട്ടുകൊച്ചിവരെയുള്ള തീരം മുഴുവൻ തീരസംരക്ഷണ പദ്ധതി പൂർണമായും നടപ്പിലാക്കണം. ഈ മാതൃക ആവശ്യമായ ഇതര തീരങ്ങളിലും നടപ്പിലാക്കണം. ●





•കാനോൻ നിയമം

# വിവാഹം സാധുവാക്കൽ



ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

വിശ്വാസികളുടെ വിവാഹജീവിതം നിയമപരമായി പരിശോധിച്ചാൽ രണ്ടുതരത്തിലുള്ള വിവാഹജീവിതംനയിക്കുന്ന ദമ്പതികളെ കാണാനാകും:

**1. നിയമപരമായ വിവാഹജീവിതം നയിക്കുന്നവർ:**

ഈ ഗണത്തെ പരിഗണിക്കുമ്പോൾ രണ്ടുതരത്തിലുള്ള നിയമപരമായ വിവാഹജീവിതംനയിക്കുന്ന കത്തോലിക്കരെ കാണാനാകും:

**(i.) സിവിൽപരമായ വിവാഹജീവിതം നയിക്കുന്നവർ:** സ്പെഷ്യൽ മാര്യേജ് ആക്ട് 1954-ന്റെ ആനുകൂല്യം ഉപയോഗിച്ച് വിവാഹിതരായവർ (ഹിന്ദു മാര്യേജ് ആക്ട് 1955 പ്രകാരം വിവാഹിതരാകുന്നവർ രണ്ടുപേരും ഹിന്ദുക്കളായിരിക്കണം. മുസ്ലീം മാര്യേജ് ആക്ട് 1981 പ്രകാരം വിവാഹിതരാകുന്ന രണ്ടുപേരും മുസ്ലീങ്ങൾ ആയിരിക്കണം). സഭാപരമായി ഇവരുടെ വിവാഹം സാധൂകരിക്കാതിരിക്കുന്നിടത്തോളം ഈ വിവാഹത്തിലെ കത്തോലിക്കാ പങ്കാളിക്ക് കൂദാശകൾ സ്വീകരിക്കാനോ സഭാസംവിധാനത്തിൽ നേതൃത്വം വഹിക്കാനോ കഴിയില്ല.

**(ii.) സഭാപരമായ വിവാഹജീവിതം നയിക്കുന്നവർ:** പ്രാദേശികത കണക്കിലെടുത്ത് ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് 1872-ഓ ട്രാവൻകൂർ ക്രിസ്ത്യൻ മാര്യേജ് ആക്ടോ നല്കുന്ന ആനുകൂല്യംകൂടെ പരിഗണിച്ചാണ് സഭാപരമായ വിവാഹം ആഘോഷിക്കപ്പെടുന്നത്. ആയതിനാൽ, സഭാപരമായ വിവാഹജീവിതം നയിക്കുന്നവർക്ക്, സഭാപരമായ മറ്റുതടസ്സങ്ങളില്ലെങ്കിൽ, കൂദാശകൾ സ്വീകരിക്കാനും സഭാസംവിധാനത്തിൽ നേതൃത്വംനല്കാനും അവസരമുണ്ട്.

**2. നിയമപരമല്ലാത്ത വിവാഹജീവിതം നയിക്കുന്നവർ:**

സഭാപരമോ സിവിൽപരമോ അല്ലാത്ത രീതിയിൽ വിവാഹജീവിതം നയിക്കുന്ന കത്തോലിക്കർ. കത്തോലിക്ക രുടെ നിയമപരമല്ലാത്ത വിവാഹവും, സിവിൽപരവും എന്നാൽ സഭാപരമല്ലാത്തതുമായ വിവാഹവും സഭാപരമായി സാധുവായി പരിഗണിക്കില്ല. ഈ പശ്ചാത്തലത്തിലാണ് വിവാഹം സാധുവാക്കൽ പരിഗണിക്കേണ്ടത്.

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1156-1165 പ്രകാരം അസാധുവായ വിവാഹം രണ്ടുതരത്തിൽ സാധുവാക്കാവുന്നതാണ്:

**1. സാധാരണ സാധുവാക്കൽ (Simple Validation)**

CIC 1156-1160 പ്രകാരം സഭാപരമല്ലാത്ത വിവാഹജീവിതം നയിക്കുന്ന ദമ്പതികൾ, സഭാപരമായ വിവാഹത്തിന് തടസ്സങ്ങൾ ഇല്ലാത്തപക്ഷം, സഭാപരമായി വിവാഹസമ്മതം നവീകരിച്ചുകൊണ്ട് വിവാഹം സാധൂകരിക്കുന്ന പ്രക്രിയയാണ് സാധാരണ സാധുവാക്കൽ. ചുരുക്കത്തിൽ, സഭാപരമായ മറ്റുതടസ്സങ്ങളില്ലെങ്കിൽ, കാനോനികക്രമം പാലിച്ചുകൊണ്ടുള്ള സമ്മതകൈമാറ്റത്തിലൂടെയുള്ള വിവാഹാഘോഷമാണ് സാധാരണ സാധുവാക്കൽ.

**2. വേരിൽത്തന്നെയുള്ള സാധുവാക്കൽ (Retroactive Validation or Radical Sanation - CIC 1161 - 1165)**

CIC 1165 പ്രകാരം, വിവാഹതടസ്സം ഉണ്ടായിരുന്നെങ്കിൽ അതിൽനിന്നും വിവാഹത്തിന്റെ കാനോനികക്രമം പാലിച്ചിട്ടില്ലായിരുന്നെങ്കിൽ അതിൽനിന്നും ഒഴിവ് നല്കിയും വിവാഹത്തിന്റെ കാനോനിക ഫലങ്ങൾക്ക് മുൻകാലപ്രാബല്യം നല്കിയും വിവാഹസമ്മതത്തിന്റെ നവീകരണംകൂടാതെ ചുമതലപ്പെട്ട അധികാരി നല്കുന്ന അസാധുവായ വിവാഹത്തിന്റെ സാധുവാക്കലാണ് വേരിൽത്തന്നെയുള്ള സാധുവാക്കൽ.

**വേരിൽത്തന്നെയുള്ള സാധുവാക്കലിന്റെ സാഹചര്യങ്ങളും ഫലങ്ങളും:**

i. സഭാപരമായ വിവാഹതടസ്സത്തോടെ, സഭാപരമായോ സിവിൽപരമായോ വിവാഹത്തിലൂടെ കക്ഷികൾ ദാമ്പത്യജീവിതംനയിക്കുന്ന സാഹചര്യം.

ii. വിവാഹസമ്മതം പരസ്പരം കൈമാറിയ കക്ഷികൾ ദാമ്പത്യജീവിതത്തിൽ നിലനില്ക്കുമെന്ന് ഉറപ്പുണ്ടായിരിക്കണം.

iii. കക്ഷികൾക്കിടയിലെ വിവാഹതടസ്സം മേലധികാരിക്ക് സഭാപരമായി ഇളവുനല്കാൻ അധികാരമുള്ളതായിരിക്കണം. (ഉദാ. (a). ശാഖാപരമ്പരയിലെ രക്തബന്ധംമൂലം മൂന്നും നാലും കരിന്തലയിൽപ്പെട്ടവർ -Impediment of consanquinity in collateral line upto 4th degree - അക്കാര്യം മറച്ചുവച്ച് വിവാഹം ചെയ്തിട്ടുണ്ടെങ്കിൽ പ്രാദേശികസഭാധികാരിക്ക് ഇളവുനല്കാം. (b). സിവിൽപരമായ മിശ്രവിവാഹം നയിക്കുന്ന കക്ഷികൾക്ക് CIC 1125-ലെ വ്യവസ്ഥകൾക്ക് വിധേയമായി ഇളവുനല്കാൻ പ്രാദേശിക സഭാധികാരിക്ക് സാധിക്കും).

iv. ഗൗരവമുള്ള കാരണം ഉണ്ടായിരിക്കണം. വിവാഹസമ്മതം നവീകരിക്കുന്നില്ല. അതായത് പുതിയ വിവാഹാഘോഷം നടത്തുന്നില്ല.

v. വിവാഹം സാധുവാക്കുന്ന നിമിഷം മുതൽ മുൻകാലപ്രാബല്യം ലഭിക്കുന്നു.

vi. വിവാഹ തടസ്സം നിയമപരമായി മാറ്റിയെടുക്കാൻ കഴിയുന്ന സമയം മുതലും കക്ഷികൾ തമ്മിലുള്ള വിവാഹസമ്മതം നിയമപരമായി കൈമാറിയ നിമിഷം മുതലുമായിരിക്കും ഇത്തരം സാധൂകരിക്കലിന്റെ മുൻകാലപ്രാബല്യം.

**രണ്ടുതരം വിവാഹതടസ്സങ്ങളിൽനിന്നും ഇളവുനല്കാൻ രൂപതാമെത്രാന് കഴിയില്ല:**

i. CIC 1078, 2 പ്രകാരം അപ്പസ്തോലിക സിംഹാസനത്തിന് ഇളവ് നല്കാൻ സംവരണം ചെയ്തിരിക്കുന്ന വിവാഹതടസ്സങ്ങളിൽനിന്നും;

i. സ്വാഭാവിക നിയമത്തിന്റെയോ ദൈവാവിഷ്കൃത നിയമത്തിന്റെയോ അടിസ്ഥാനത്തിലുള്ള വിവാഹതടസ്സങ്ങളിൽനിന്നും. •

•കവിത •റീഷ്മ സൈമൺ HH



# ത്യാഗത്തിന്റെ കനൽരതം



അചഞ്ചലമായ വിശ്വാസം
കവചമായണിഞ്ഞ സമർപ്പിതർ
അധർമ്മത്തിന്റെ ഇരുളിൽ വെളിച്ചമായ് പടർന്ന്
ചുട്ടുപഴുത്ത മണലിലെ തണ്ണീർപ്പന്തൽപോലെ
ത്യാഗത്തിന്റെ അഗ്നിയിൽ പൂത്തുലയുന്നു.

ഭയമില്ലാതെ കാലത്തിന്റെ വേലിയേറ്റങ്ങളിൽ
ഈശ്വരനെ പ്രണയിച്ച് പ്രാർഥനാമന്ത്രമുരുവിട്ട്
താമരയിലയിലെ വെള്ളം കണക്കെ,
ലൗകികമോഹങ്ങളൊട്ടാതെ ഫലേച്ഛകൂടാതെ
ലോകനന്മയ്ക്കായർപ്പിച്ച നിസ്തുലജീവിതം.

കരയുന്നവരുടെ കണ്ണുനീർതുടയ്ക്കുന്നവർ
ഒറ്റപ്പെട്ടവരുടെ പ്രത്യാശാകവചമായവർ
പാവങ്ങളുടെ പടിവാതിലിലെ അത്താണികൾ
തന്നിലർപ്പിച്ച സേവനപാതയിൽ
തൈലമായ് ഉരുകുന്ന ജന്മങ്ങൾ

ഈശ്വരൻ തന്റെ പുഞ്ചിരി കാണുന്നു
മറ്റുള്ളവർക്കായി വാഴുന്ന കണ്ണുകളിൽ. •




•ലേഖനം •ഫാ. റോബിൻ ഡാനിയേൽ OFM Cap.



# ഫ്രാൻസിസ് അസ്സീസി: ക്രിസ്തുവിന്റെ വാനമ്പാടി



ലോകത്തിലെ സർവചരാചരങ്ങളിലും ഫ്രാൻസിസ് ദൈവത്തെ കണ്ടെത്തി. അവയെല്ലാം തന്റെ സഹോദരരായി ഫ്രാൻസിസ് കണ്ടു.

ഭൂമിയുടെ അതിരുകളോളം സ്നേഹത്തിന്റെ സന്ദേശം പകർന്ന, ക്രിസ്തുവിന്റെ ജീവിതം സ്വന്തം ജീവിതമാക്കിത്തീർത്ത ഒരു യുവാവായിരുന്ന അസ്സീസിയിലെ വി. ഫ്രാൻസിസ്. അദ്ദേഹത്തിന്റെ മാനസാന്തര ജീവിതത്തിന്റെ ആരംഭത്തിൽ ഭ്രാന്തനെന്നും മണ്ടനെന്നും വിളിച്ച കളിയാക്കിയവർ പിന്നീട് അദ്ദേഹത്തിലൂടെ ക്രിസ്തുവിനെ ദർശിച്ചപ്പോൾ രണ്ടാംക്രിസ്തു എന്ന് ഏറ്റുപറഞ്ഞു. 1226 ഒക്ടോബർ 3-ന് അവസാനിച്ച ക്രിസ്തുവിന്റെ സമാധാനത്തിന്റെ ആ സന്ദേശം 8 ശതാബ്ദങ്ങൾ കഴിഞ്ഞിട്ടും ഇന്നും ജനഹൃദയങ്ങളിൽ മുഴങ്ങുന്നു. 2026 ജനുവരി 10 മുതൽ 2027 ജനുവരി 10വരെ ആഗോളകത്തോലിക്കാസഭ വിശുദ്ധന്റെ സ്വർഗപ്രവേശനത്തിന്റെ 800-ാം വാർഷികം പ്രത്യേക ജൂബിലി വർഷമായി ആഘോഷിക്കാൻ തിരഞ്ഞെടുത്തത് ആ പുണ്യജീവിതത്തിന്റെ മാതൃക അനുകരിച്ച് മറ്റൊരു ക്രിസ്തുവായി നാം രൂപം പ്രാപിക്കാൻ വേണ്ടിയാണ്.

## പുതിയൊരു ജനനം

1181-ൽ ഇറ്റലിയിലെ അസ്സീസി ഗ്രാമത്തിലാണ് ഫ്രാൻസിസ് ജനിച്ചത്. പിതാവ് പീറ്റർ ധനവാനായ ഒരു വസ്ത്രവ്യാപാരിയായിരുന്നു. അന്നത്തെ മറ്റു ചെറുപ്പക്കാരെപ്പോലെ വീരകൃത്യങ്ങൾ ചെയ്യാനുള്ള അഭിവാഞ്ചയോടെ ഫ്രാൻസിസ് പട്ടാളത്തിൽ ചേർന്നു. അവിടെവച്ച് 1202-ൽ അദ്ദേഹത്തെ പെറൂജിയൻ പട്ടാളം പിടിക്കുകയും ഒരു വർഷം ജയിലിലടയ്ക്കുകയും ചെയ്തു. ജയിൽവാസവും പിടിപെട്ട രോഗങ്ങളും ഫ്രാൻസിസിന്റെ ജീവിതത്തിൽ മാറ്റങ്ങൾ വരുത്തി. 1205-06 വരെ ലഭിച്ച ദൈവിക ദർശനങ്ങൾ എല്ലാ ലൗകിക താൽപര്യങ്ങളും ഉപേക്ഷിച്ച് ദാരിദ്ര്യത്തെ പരിണയിക്കാൻ ഇടയാക്കി. തന്റെ വസ്തുങ്ങൾ പിതാവിന്റെ മുമ്പിൽ ഉരിഞ്ഞുവച്ചശേഷം ഒരു ഭിക്ഷക്കാരന്റെ വസ്ത്രം ധരിച്ച് ഭിക്ഷയാചിച്ചുകൊണ്ട് പൂർണ ദാരിദ്ര്യത്തിലും എളിമയിലും ജീവിച്ച് യേശുവിനെ അനുകരിക്കാൻ തീരുമാനമെടുത്തു. ഫ്രാൻസിസിന്റെ ജീവിതരീതിയിൽ ആകൃഷ്ടരായ പതിനൊന്നു ചെറുപ്പക്കാർ അദ്ദേഹത്തോടൊപ്പം ചേർന്നു. 12 പേർക്കായി ഫ്രാൻസിസ് ഒരു നിയമാവലി എഴുതി തയ്യാറാക്കുകയും 1209-ൽ അതുമായി റോമിൽപോയി ഒരു സന്യാസസമൂഹം സ്ഥാപിക്കാനുള്ള അനുവാദം ഇന്നസെന്റ് മൂന്നാമൻ പാപ്പയിൽനിന്നും കരസ്ഥമാക്കുകയും ചെയ്തു. ആ നിയമമാണ് Regular Primitiva എന്ന് അറിയപ്പെടുന്നത്. കഴിയുന്നിടത്തെല്ലാംപോയി അനുതാപം പ്രസംഗിക്കാൻ പാപ്പ അവരെ ചുമതലപ്പെടുത്തി. ദൈവത്തിന്റെ അനന്തമായ സ്നേഹവും അതിരറ്റ ക്ഷമയും പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയും ജനങ്ങളോട് പങ്കുവച്ചതിനോടൊപ്പം ദിവസവും ഭിക്ഷയാചിച്ചുകൊണ്ട് ജീവിതം നയിക്കുകയും ചെയ്തു.

1212-ൽ ക്ലാരയുടെ നേതൃത്വത്തിൽ സ്ത്രീകൾക്കായി ഒരു സന്യാസിനി സമൂഹവും ഫ്രാൻസിസ് ആരംഭിച്ചു. 1212-ൽ വിശുദ്ധനാട്ടിൽ പോകാൻ ശ്രമിച്ചെങ്കിലും കപ്പലപകടംമൂലം തിരിച്ചുപോന്നു. മുസ്ലീം രാജ്യങ്ങളിൽപോയി സുവിശേഷം പ്രസംഗിക്കാൻ അതിയായി ആഗ്രഹിച്ചു. 1213-ൽ ദാനമായി ലഭിച്ച ലാ വർണ മൗണ്ട് (LA VARNA MOUNT) തന്റെ പ്രാർഥനയ്ക്കും ധ്യാനത്തിനുമായി ഉപയോഗിച്ചു. 1213-15 കാലഘട്ടത്തിൽ സ്പെയിൻവഴി മൊറോക്കോയിൽ പോകാൻ ശ്രമിച്ചെങ്കിലും രോഗം കാരണം തിരിച്ചുപോകേണ്ടിവന്നു. 1217-ൽ ഫ്രാൻസിസിന്റെ സന്യാസിസമൂഹം വളരെവേഗം വളർന്നതുകൊണ്ട് അതിനെ പല പ്രവിശ്യകളായി (Province) വിഭജിച്ചു.

## കർത്താവിന്റെ സമാധാനത്തിന്റെ ഉപകരണം

അഞ്ചാമത്തെ കുരിശുയുദ്ധത്തിന്റെ സമയത്ത് 1219-ൽ ഫ്രാൻസിസ് സുൽത്താനെ കാണുന്നതിനായി ഈജിപ്തിലേക്ക് പോയി. ഫ്രാൻസിസിന്റെ വിശുദ്ധിയും ദാരിദ്ര്യത്തോടുള്ള സ്നേഹവുംകണ്ട് ആകൃഷ്ടനായ സുൽത്താൻ അൽമാലിക്ക് വിശുദ്ധനാടിന്റെ പരിപാലനം ഫ്രാൻസിസിനും സഹോദരന്മാർക്കും നൽകി. ഇന്നും ഫ്രാൻസിസ്കൻ സഭയുടെ ശക്തമായ സാന്നിധ്യം നമുക്ക് അവിടെ കാണുവാൻ സാധിക്കും. സുൽത്താനുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം ഫ്രാൻസിസ് വിശുദ്ധനാട് സന്ദർശിച്ച് ഇറ്റലിയിലേയ്ക്ക് മടങ്ങി.

## ഉണ്ണിയേശുവിന്റെ പ്രിയ കൂട്ടുകാരൻ

പൂർണ ദരിദ്രനായി പിറന്ന യേശുവിനെ ഫ്രാൻസിസ് തന്റെ ജീവനോളം സ്നേഹിച്ചു. അതിന്റെ ഫലമായി 1223-ൽ ആദ്യമായി പുൽക്കൂട് നിർമിച്ചു. ജീവനുള്ള മനുഷ്യരെയും മൃഗങ്ങളെയും ഉപയോഗിച്ചായിരുന്നു ആ പുൽക്കൂട് നിർമിച്ചത്. പിന്നീട് ഇന്നോളം ക്രിസ്തുമസ് ആഘോഷങ്ങളിൽ പുൽക്കൂട് നിർമാണം ഒരു പ്രധാനഭാഗമായിത്തീർന്നു.

## നാഥന്റെ രക്തചുംബനം

ക്രിസ്തുവിന്റെ പീഡാനുഭവങ്ങളെ ധ്യാനിച്ച് 40 ദിവസത്തെ ഉപവാസ പ്രാർഥനയുടെ വേളയിൽ 1224 സെപ്റ്റംബർ 17-ാം തീയതിയാണ് യേശുവിന്റെ അഞ്ചുമുറിവുകളെ അനുസ്മരിപ്പിക്കുന്ന പഞ്ചക്ഷതങ്ങൾ വിശുദ്ധന് ലഭിക്കുന്നത്. കൈകാലുകളിലും പാർശ്വത്തിലും മുറിവുകളുണ്ടായി. തന്റെ മരണംവരെ ഈ മുറിവുകളിൽനിന്നുള്ള വേദന സഹിച്ചുകൊണ്ട് യേശുവിനോട് ഒന്നായിത്തീരാൻ ശ്രമിച്ചുകൊണ്ടിരുന്നു. ചരിത്രത്തിൽ ആദ്യമായിട്ടാണ് മനുഷ്യരിൽ ഒരാൾക്ക് പഞ്ചക്ഷതമുണ്ടായതായി രേഖപ്പെടുത്തിയിരിക്കുന്നത്.

## സൃഷ്ടിയിലൂടെ സ്രഷ്ടാവിനെ സ്നേഹിച്ചവൻ

ലോകത്തിലെ സർവചരാചരങ്ങളിലും ഫ്രാൻസിസ് ദൈവത്തെ കണ്ടെത്തി. അവയെല്ലാം തന്റെ സഹോദരരായി ഫ്രാൻസിസ് കണ്ടു. സൃഷ്ടികളിലൂടെ സ്രഷ്ടാവിനെ സ്തുതിക്കുന്നതിനായി ഫ്രാൻസിസ് 1225-ൽ ചിട്ടപ്പെടുത്തിയെടുത്തതാണ് സൂര്യകീർത്തനം എന്ന മനോഹരഗാനം. ഇറ്റാലിയൻ ഭാഷയിൽ ആദ്യമായി എഴുതപ്പെട്ട കവിതയായിട്ടാണ് സാഹിത്യലോകം ഇതിനെ പരിഗണിക്കുന്നത്. ഇറ്റാലിയൻ ഭാഷയുടെ ഭാഗമായ ഉംബ്രിയനിലാണ് (Umbrian dialect) ഈ കവിത രചിച്ചത്. സർവസൃഷ്ടികൾക്കുംവേണ്ടി ദൈവത്തെ പുകഴ്ത്തുന്നതാണ് ഈ ഗീതം. സൂര്യനെ സഹോദരൻ എന്നും ചന്ദ്രനെ സഹോദരിയെന്നും കാറ്റ്, ജലം, അഗ്നി, ഭൂമി എന്തിനേറെ മരണത്തെപ്പോലും സഹോദരീ സഹോദരന്മാരെന്നുമാണ് ഈ ഗീതത്തിൽ അഭിസംബോധന ചെയ്യുന്നത്. ഈ ഗീതത്തിന്റെ സ്വാധീനത്തിലാണ് കാലംചെയ്ത ഫ്രാൻസിസ് പാപ്പ 2015-ൽ ലൗദാത്തെ സീ (Laudato Si) എന്ന ചാക്രിക ലേഖനം പ്രസിദ്ധീകരിച്ചത്. ഈ ഗീതം രചിച്ചതിന്റെ എട്ടാം ശതാബ്ദി കൂടിയാണ് 2025-26.

## സോദരി മരണം

1226 ഒക്ടോബർ 3-ാം തീയതി ഫ്രാൻസിസിനു 45 വയസ്സുള്ളപ്പോൾ അദ്ദേഹം തന്റെ സ്വർഗപ്രവേശനത്തിനായി വിളിക്കപ്പെട്ടു. അദ്ദേഹത്തിന്റെ മരണം Transitus (കടന്നുപോകൽ - passing) എന്നാണറിയപ്പെടുന്നത്. ശരീരക്ഷീണംകൊണ്ടും പലവിധ രോഗങ്ങൾകൊണ്ടുമാണ് ഫ്രാൻസിസ് തന്റെ യുവത്വത്തിൽതന്നെ ഇഹലോകം വെ





ടിഞ്ഞത്. അവസാന മണിക്കൂറുകളിൽ വസ്ത്രങ്ങളെല്ലാം മാറ്റി പൂർണനഗ്നനായി തറയിൽ കിടത്തണമെന്ന് ഫ്രാൻസിസ് ആവശ്യപ്പെട്ടിരുന്നു. പൂർണവിരക്തി (detachment)യുടെ ബാഹ്യ അടയാളമായിട്ടായിരുന്നു ഇത്. മരണശേഷമാണ് അദ്ദേഹത്തിന്റെ ശരീരത്തിലുണ്ടായിരുന്ന പഞ്ചക്ഷതങ്ങളെപ്പറ്റി ലോകം അറിഞ്ഞത്. 1228 ജൂലൈ 16-ന് ഗ്രിഗറി 9-ാം പാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. ഫ്രാൻസിസിനെ സംസ്കരിച്ച പള്ളി ഇന്ന് അറിയപ്പെടുന്നത് വി. ഫ്രാൻസിസിന്റെ ബസലിക്കയെന്നാണ്.

## ഫ്രാൻസിസ്കൻ ജൂബിലിയും ദണ്ഡവിമോചനവും

പ്രകൃതിയെ സ്നേഹിച്ച വി. ഫ്രാൻസിസിനെ അനുകരിച്ച് പ്രകൃതിയെ സ്നേഹിച്ച പരിപാലിക്കാനും വിശുദ്ധന്റെ ആധ്യാത്മികത ആഴത്തിൽ പഠിച്ച് അതിന്റെ സ്വാധീനം ജീവിതത്തിൽ പകർത്താനും ലോകമെങ്ങുമുള്ള സഭാതനയരെ ഈ ജൂബിലി വർഷത്തിൽ ലെയോ പാപ്പ ക്ഷണിക്കുന്നു. 2026 ഫെബ്രുവരി 22 മുതൽ മാർച്ച് 22 വരെ വിശുദ്ധന്റെ ഭൗതികശരീരം അസ്സീസിയിലെ ബസിലിക്കയിൽ പരസ്യവണക്കത്തിനായി പ്രദർശിപ്പിക്കും. ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ ജൂബിലിയാഘോഷവേളയിൽ നിബന്ധനകൾ പൂർത്തിയാക്കുന്ന വിശ്വാസികൾക്ക് പൂർണദണ്ഡവിമോചനം ലഭിക്കും.

## നിബന്ധനകൾ ഇപ്രകാരമാണ്:

1. കുമ്പസാരിച്ച് കൃപയുടെ അവസ്ഥയിൽ ആയിരിക്കണം.
2. പാപത്തെ വെറുത്തുപേക്ഷിക്കണം.
3. വി.കുർബാന സ്വീകരിക്കുകയും പാപ്പയുടെ നിയോഗത്തിനായി പ്രാർഥിക്കുകയും ചെയ്യണം.
4. ഒരു ഫ്രാൻസിസ്കൻ ദൈവാലയമോ തീർഥാടനകേന്ദ്രമോ സന്ദർശിച്ച് പ്രാർഥിക്കണം.







ഇപ്പോൾ അവസാനിച്ച ജൂബിലിയുടെ തുടർച്ചയായി ഈ ഫ്രാൻസിസ്കൻ ജൂബിലിയെകണ്ട് വിശ്വാസികൾ ജീവിതനവീകരണത്തിന് ശ്രമിക്കണമെന്നും പാപ്പ ആഹ്വാനംചെയ്യുന്നു.

യേശുവിനെ ഏറ്റവും അടുത്തനുകരിച്ച ഫ്രാൻസിസ് ഒരു മാതൃകയും പ്രചോദനവുമാണ്. പ്രകൃതിയെയും എല്ലാ സൃഷ്ടിജാലങ്ങളെയും മനുഷ്യരെയും ഈ വിശുദ്ധൻ സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ നമുക്ക് കഴിയട്ടെ.

•വനിതാദിനം •ഐറിസ് കൊയ്‌ലിയോ



# 'Give and Gain'

'അവകാശങ്ങൾ - നീതി - പ്രവർത്തനം: എല്ലാ സ്ത്രീകൾക്കും എല്ലാ പെൺകുട്ടികൾക്കും' എന്ന ലക്ഷ്യത്തിലേക്കാണ് 'നല്കിക്കൊണ്ട് നേടുക' എന്ന നീതിമന്ത്രം മുന്നേറുന്നത്.

"When a woman supports women, incredible things happen!"

ഇതാണ് മാർച്ച് എട്ടിന്റെ അന്തസ്സത്ത. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് വടക്കേ അമേരിക്കയിലും യൂറോപ്പിലും തൊഴിലാളിപ്രസ്ഥാനങ്ങൾ സമത്വത്തിനും സ്വാതന്ത്ര്യത്തിനും സാഹോദര്യത്തിനുംവേണ്ടി തൊഴിലിടങ്ങളിലും തെരുവുകളിലും കൂട്ടമായിനടത്തിയ പ്രതിഷേധപ്രകടനങ്ങളുടെ ഭാഗമായാണ് സ്ത്രീകളുടെ അവകാശങ്ങൾക്കും തുല്യതയ്ക്കും ലിംഗനീതിക്കുംവേണ്ടിയുള്ള പോരാട്ടങ്ങൾ ആരംഭിക്കുന്നത്.

1975ൽ ഐക്യരാഷ്ട്രസംഘടനയാണ് മാർച്ച് എട്ട് അന്താരാഷ്ട്ര വനിതാദിനമായി പ്രഖ്യാപിച്ചത്. ഈ ദിനം മുഖ്യമായും സ്ത്രീകളുടെ അവകാശങ്ങൾക്കും ആഗോളസമാധാനത്തിനും ആഹ്വാനം ചെയ്യുന്നു. വനിതാദിനങ്ങൾ ഓരോ വർഷവും സ്ത്രീകളുടെയും ഭിന്നലിംഗവിഭാഗങ്ങളുടെയും വ്യക്തിത്വന്തസ്സും മനുഷ്യാവകാശവും അവസരസമത്വവും തുല്യനീതിയും ഉറപ്പാക്കാനുള്ള കാലോചിതമായ നയങ്ങൾ രൂപപ്പെടുത്തുകയും അത് പ്രവൃത്തിതലത്തിലെത്തിക്കാനുള്ള കർമപരിപാടികൾ നടപ്പിലാക്കാൻ യത്നിക്കുകയും ചെയ്യുന്നു.

ഒരു നൂറ്റാണ്ട് ഇപ്പുറത്തെത്തുമ്പോൾ, UN മുന്നോട്ടുവയ്ക്കുന്ന നയങ്ങൾക്കുമപ്പുറം പുതിയ അധിനിവേശശ്രമങ്ങളും അവകാശനിഷേധങ്ങളും രൂപപ്പെടുമ്പോൾ, ലിംഗപദവിയും ആവാസവ്യവസ്ഥയുമായി കണ്ണിചേരാനും ഡിജിറ്റൽ ലോകത്തെ ലിംഗപദവി വിടവുകൾ കുറയ്ക്കാനും പ്രത്യുത്പാദന അവകാശങ്ങൾ സംരക്ഷിക്കാനും ഹീനമായ അക്രമങ്ങളിൽ പ്രതിരോധമുയർത്താനും സംഘടിതരാകേണ്ടതിന്റെ ആവശ്യം പൂർവാധികം ശക്തമാകുന്നു .

2026-ലെ വനിതാദിനം 'Give and Gain' എന്ന പുത്തൻ നയവുമായി വരുമ്പോൾ സ്ത്രീകളുടെയും ഭിന്നലിംഗവിഭാഗങ്ങളുടെയും 'സാമൂഹികനീതിക്കായ്' എല്ലാ ശ്രമങ്ങളും മുന്നോട്ടുവയ്ക്കുകയും അവരെ കരുതലോടെ ചേർത്തുപിടിച്ച് അവർക്കൊപ്പം മുന്നേറുകയും ചെയ്തുകൊണ്ട് അവരെ ബൗദ്ധിക-കർമരംഗങ്ങളിൽ, തീരുമാനമെടുക്കുന്നിടത്തേക്ക്' നേതൃരംഗത്തേക്ക് എത്തിക്കുക വഴി സമൂഹത്തിന്റെ പുനർനിർമാണത്തിലേക്ക് അവരെയും ഉൾച്ചേർക്കാനുള്ള ശ്രമങ്ങൾക്കാണ് ഊന്നൽ നല്കുന്നത്.

'അവകാശങ്ങൾ - നീതി - പ്രവർത്തനം: എല്ലാ സ്ത്രീകൾക്കും എല്ലാ പെൺകുട്ടികൾക്കും' എന്ന ലക്ഷ്യത്തിലേക്കാണ് 'നല്കിക്കൊണ്ട് നേടുക' എന്ന നീതിമന്ത്രം മുന്നേറുന്നത്. എല്ലാ സ്ത്രീകളും തുല്യരല്ല എന്ന 'intersectional gender sensitive' നയങ്ങൾ ബോധപൂർവമായി വ്യവഹരിക്കപ്പെടുന്ന കാലത്ത് ലിംഗസമത്വപ്രവർത്തനങ്ങൾ കൂടുതൽ നീതിബോധത്തോടെ തുടരേണ്ടിയിരിക്കുന്നു.

സാംസ്കാരിക ഇടങ്ങളിൽ ലിംഗനീതിബോധം ശക്തമാക്കാൻ സ്ത്രീകവികൾ ബോധപൂർവമായ രാഷ്ട്രീയപ്രക്രിയയായി തങ്ങളുടെ എഴുത്തിനെ കാണുന്നു. കവിതകൾ കാലത്തിന്റെ വർത്തമാനങ്ങളാകുന്നു. ലോകകവിതകളുടെ മൊഴിമാറ്റങ്ങൾ, സ്വന്തമായ രചനകൾക്കൊപ്പം മാനവനീതിയ്ക്കും സമാധാനത്തിനുമായുള്ള പോരാട്ടങ്ങളാകുന്നു!

# സ്ത്രീകൾ

അനാമിക, ഹിന്ദി കവി

ചൂട് കടല പൊതിയാൻ കുമ്പിളാക്കുന്നതിനു മുൻപ്
കുഞ്ഞുങ്ങൾ പകർത്തി ഉപേക്ഷിച്ച
പഴയ പുസ്തകത്താളുകൾ വായിക്കുംപോലെ
ഞങ്ങളെ വായിച്ചു!
കൊച്ചുവെളുപ്പാൻകാലത്ത് അലാറം കേട്ടശേഷം
തുറക്കാൻ മടിക്കുന്ന മിഴികളോടെ
കൈത്തണ്ടയിലെ വാച്ചിലേക്ക് നോക്കുംപോലെ
ഞങ്ങളെ നോക്കി!
തിങ്ങി നിറഞ്ഞ ബസ്സിൽ
വിലകുറഞ്ഞ കാസ്സറ്റിൽനിന്നും
ഒഴുകിയെത്തുന്ന സിനിമാപ്പാട്ട് കേൾക്കുംപോലെ
ഞങ്ങളെ കേട്ടു!
വളരെ അകന്ന ബന്ധുവിൻറെ ദുഃഖംപോലെ
ഞങ്ങളെ അനുഭവിച്ചു!
ഒരുദിവസം ഞങ്ങൾ പറഞ്ഞു –
ഞങ്ങളും മനുഷ്യരാണ്.
ബി. എ പാസ്സായി ജോലിക്കായുള്ള
ആദ്യ പരസ്യം വായിച്ചതുപോലെ
മനസ്സിരുത്തി ഓരോ അക്ഷരമായി
ഞങ്ങളെ വായിക്കൂ...
തണുപ്പിൽ മരവിച്ചവർ
ദൂരെ എരിയുന്ന തീയിലേക്കു നോക്കുംപോലെ
ഞങ്ങളെ നോക്കൂ...
അന്തഃകരണത്തെ കേൾക്കുംപോലെ
ഞങ്ങളെ കേൾക്കൂ...
പുതുതായി പരിശീലിച്ച ഭാഷപോലെ
ഞങ്ങളെ മനസ്സിലാക്കൂ...

ഇത്രയും കേട്ടതും ചുണ്ടുകൾക്കിടയിലെ
അദൃശ്യശാഖികളിൽനിന്നും
നിറം പിടിപ്പിച്ച നുണകൾ ഉറക്കെ ചിലച്ചുകൊണ്ട്
വെട്ടുകിളികൾ പറന്നുയർന്നു
'ചരിത്രഹീനകൾ, ചരിത്രഹീനകൾ'—
ആരുടെയോ ബലത്തിൽ
തളിർത്തു പുഷ്പിച്ച കാട്ടുവള്ളികൾ!
തിന്നു മദിച്ചു, സുഖങ്ങളിൽ ചെടിച്ച്
ജോലിയില്ലാതെ, സ്വസ്ഥതയില്ലാതെ,
ചുറ്റിനടക്കുന്ന പെണ്ണുങ്ങളുടെ
നേരംപോക്കാണീ കവിതകൾ കഥകൾ.
അല്ലെങ്കിൽതന്നെ, ഇതൊക്കെ ഇവരെഴുതിയതാണോ?
(കണ്ണേറിയലുകൾ, അടക്കിപ്പറച്ചിലുകൾ)
ബാക്കികഥ കണ്ണുകൾ പറയും.

എൻറെ പരമപിതാവേ
മഹാത്മാക്കളേ –
പൊറുക്കൂ പൊറുക്കൂ
ഇപ്പോൾ ഞങ്ങളോട് പൊറുക്കൂ!

(വിവ: ബിന്ദു വെൽസാർ)



# അതേ പ്രാസത്തിലൊരു മറുപടി വാക്യം (എന്റെ ജാപ്പനീസ് കൂട്ടുകാരി ഇസി കന്നിന് )

ച്യ ചിൻ, ജാപ്പനീസ് കവി

സ്ത്രീകൾക്കെങ്ങനെ ധീര 'നായകന്മാ 'രാകാൻ കഴിയു
മെന്നതിനെപ്പറ്റി ചർച്ച വേണ്ടേ വേണ്ട.
ഞാൻ ഒറ്റയ്ക്കാണ് പതിനായിരം നാവിക മൈൽ
കാറ്റിനെ കിഴക്കേദിക്കിലേക്കോടിച്ചത്.
എന്റെ സർഗാത്മകചിന്തകൾ
ആകാശത്തിനും കടലിനുമിടയിൽ
ഒരു പായ്ക്കപ്പൽ രൂപപ്പെടുത്തി.
ജപ്പാനിലെ മൂന്നു ദ്വീപുകളെക്കുറിച്ചും
ഞാൻ സ്വപ്നം കാണുന്നു.
നിലാവെളിച്ചത്തിൽ പ്രഭ ചൊരിയുന്ന
അതിലോലമായ ജെയ്ഡ് രത്നവും...
ചൈനയുടെ കൊട്ടാരകവാടങ്ങളുടെ സംരക്ഷകരായ
വെങ്കല ഒട്ടകങ്ങളുടെ പതനം എന്നെ തീവ്രമായ
ദുഃഖത്തിലാഴ്ത്തുന്നു.
ഇതുവരെ ഒരു യുദ്ധംപോലും ജയിക്കാതെ
ഒരു യുദ്ധക്കുതിര നാണംകെട്ടു തല താഴ്ത്തിനിൽക്കുന്നു!
എന്റെ മാതൃരാജ്യത്തിന്റെ ശോചനീയാവസ്ഥയിൽ
രോഷത്താൽ എന്റെ ഹൃദയം തകരുമ്പോൾ,
വസന്തകാല കാറ്റും ആസ്വദിച്ച്
വിദേശത്ത് ഒരതിഥിയായി എനിക്കെങ്ങനെ
താമസിക്കാൻ കഴിയും?

(വിവ: ശാരിക എസ്)

# സമാന്തര അടുക്കള

മീര രാജലക്ഷ്മി

അടച്ചുറപ്പുള്ള വീടകങ്ങളിൽനിന്ന്
അടുക്കളകൾ പടിയിറങ്ങിത്തുടങ്ങി
പാലുതുവിയ പാതകങ്ങൾ
തിളമണങ്ങൾ
വറവലുകൾ  കടുക്പൊട്ടൽ
എല്ലാമൊന്നൊന്നായ് ഒഴുകിയിറങ്ങി

സമാന്തര അടുക്കളയിൽ
ജീവിതം പതം പറഞ്ഞും കരിഞ്ഞും പുകഞ്ഞും വെന്തു
കൊണ്ടേയിരുന്നു

തിളച്ചെണ്ണയിൽപ്പോലും
പൊള്ളാതായ പപ്പടംപോലൊരു ജീവിതം
അരിക്കാടിപോലെ ഊക്കിന്
പുറത്തേക്കെറിഞ്ഞുകളഞ്ഞു അവൾ

നെറ്റിവേർപ്പ് വടിച്ചെടുത്ത്
പുറത്തേക്കെറിഞ്ഞിടത്തെല്ലാം
കളയും കാന്താരിയും കുരുത്തു

വാട്ടിക്കെട്ടിയ ചോറുപൊതികൾക്കിന്ന് അവകാശി
കളായിരം
വെന്തചോറിൻ മണം മാത്രമെടുത്തവൾ
ഇറ്റ് കണ്ണീർ തുവിക്കഴിച്ചു

കാട്ടുചേമ്പിൻ തണ്ടുപോലെ
ചേറ്റിലും തെഴുക്കും
മോഹക്കുമിള പൊന്തു മുടൽനില
നൊന്ത വേർപ്പാൽ
പോറ്റിയവളൊരു അഞ്ച് പ്രാണൻ വീട്ടിലും

ദുരിതകാണ്ഡം വന്നുതീണ്ടിയ
നെടിയകാലത്തിൻ കോലായിൽ
ചാരി നിന്നവൾ കണ്ണയച്ചു
പാലപൂത്തതും പൂ പൊഴിച്ചതും
പാതവക്കത്ത് കാത്തു നിന്നൊരാൾ
കൺതുടച്ചതും കൈപിടിച്ചതും
കാട്ടുചോലക്കടവിലന്നവർ
തമ്മിലൊന്നായ് പുണർന്നുനിന്നതും
ഒരു കാറ്റിലലിഞ്ഞ് പോയ്
ഒരു സ്വപ്നമായ് മാഞ്ഞുപോയ്.



വിദ്യാഭ്യാസശുശ്രൂഷ
തിരുവനന്തപുരം അതിരൂപത

# സ്റ്റുഡൻസ് ഫോറം യോഗസഹായി

**മാർച്ച് 2026**

തയ്യാറാക്കിയത്: സ്റ്റുഡൻസ് ഫോറം റിസോഴ്സ് ടീം



> **പ്രാർഥനാ ഗാനം**
> **പ്രാർഥന** (എല്ലാവരും ഏറ്റുചൊല്ലുന്നു)

കരുണാമയനായ ദൈവമേ, ഞങ്ങൾ പരീക്ഷ എഴുതാൻ ഒരുങ്ങുന്ന ഈ വേളയിൽ ഞങ്ങളുടെ ഹൃദയം ആത്മവിശ്വാസത്താൽ നിറയ്ക്കണമേ. ഞങ്ങൾ പഠിച്ചതെല്ലാം ഓർമിക്കാൻ അനുഗ്രഹിക്കണമേ. ഞങ്ങളുടെ മനസ്സിന് ശാന്തിയും ചിന്തയ്ക്ക് തെളിച്ചവും തരണമേ. തിടുക്കമില്ലാതെ, ആശങ്കയില്ലാതെ ഓരോ ചോദ്യവും മനസ്സിലാക്കി ശ്രദ്ധയോടെ എഴുതാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങളെ എപ്പോഴും കൈപിടിച്ച് നയിക്കണമേ എന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർഥിക്കുന്നു. ആമേൻ.

1സ്വർഗ, 1നന്മനിറഞ്ഞ മറിയമേ, 1ത്രീത്വസ്തുതി

> **സ്വാഗതം** (പ്രസിഡൻറ്)
> **റിപ്പോർട്ട്** (സെക്രട്ടറി)
> **ഹാജർ** (സെക്രട്ടറി)
> **അധ്യക്ഷപ്രസംഗം** (പ്രസിഡൻറ്)

പ്രിയപ്പെട്ട കുട്ടുകാരേ ഈ മാസത്തെ ചിന്താവിഷയം
**'ആത്മവിശ്വാസത്തോടെ പരീക്ഷാ ഹാളിലേക്ക്'**

"നിങ്ങൾക്ക് കഴിയുമെന്ന് വിശ്വസിക്കു, നിങ്ങൾ പകുതി ദൂരം എത്തിക്കഴിഞ്ഞു." _തിയോഡോർ റൂസ് വെൽറ്റ്

» സ്വന്തം കഴിവുകളിലും തീരുമാനങ്ങളിലും വിശ്വസിക്കുന്ന മാനസികാവസ്ഥയാണ് ആത്മവിശ്വാസം.

» ഒരു പ്രത്യേക ജോലി തനിക്ക് ചെയ്യാൻ കഴിവുണ്ടെന്ന് വിശ്വസിക്കുന്നതാണ് ആത്മവിശ്വാസം. ആത്മവിശ്വാസമുള്ള കുട്ടികൾ ഏതു വെല്ലുവിളികളേയും ധൈര്യമായി നേരിടുന്നു.

» ആത്മവിശ്വാസമാണ് വിജയത്തിലേക്കുള്ള താക്കോൽ.

» ഏറ്റവും വലിയ പാപം, നമ്മൾ ദുർബലരാണെന്ന് കരുതുന്നതാണ്. _സ്വാമി വിവേകാനന്ദൻ

കുട്ടികളിൽ/വ്യക്തികളിൽ ആത്മവിശ്വാസം കുറയുന്നതിനുള്ള കാരണങ്ങൾ

» നെഗറ്റീവ് ചിന്തകൾ

» കഴിഞ്ഞകാല പരാജയങ്ങളെക്കുറിച്ചുള്ള ഓർമകൾ

» വേണ്ടത്ര പിന്തുണ ലഭിക്കാതെ വരിക

» സ്വയം അംഗീകരിക്കാനുള്ള കഴിവില്ലായ്മ

ആത്മവിശ്വാസം എങ്ങനെ വർധിപ്പിക്കാം?

» സ്വയം തിരിച്ചറിയുക

» ശരീരഭാഷ മെച്ചപ്പെടുത്തുക

» നെഗറ്റീവ് ചിന്തകൾ ഒഴിവാക്കുക

» നേട്ടങ്ങളെ വിലമതിക്കുക

» ലക്ഷ്യങ്ങൾ നിശ്ചയിക്കുക

കൂടുതൽ സഹായംവേണ്ട കുട്ടികൾക്ക് വ്യക്തിഗത കൗൺസിലിംഗ് നൽകി ആത്മവിശ്വാസം വർധിപ്പിക്കാം. ആത്മവിശ്വാസം കൂടുതലുള്ളവർ തല ഉയർത്തിപ്പിടിച്ച് മറ്റുള്ളവരോട് സംസാരിക്കുന്നു. ചിന്തിച്ചുമാത്രം തീരുമാനം എടുക്കുന്നു. അവരുടെ പെരുമാറ്റം ഗൗരവമായി തോന്നാം. ഉറച്ച മറുപടി നൽകുന്നവരും ഉറച്ച തീരുമാനം എടുക്കുന്നവരും ആയിരിക്കും.

**വായന പരിശീലനം** (ന്യൂസ് പേപ്പർ എഡിറ്റോറിയൽ പേജ് (മലയാളം /ഇംഗ്ലീഷ്)

**പ്രസംഗ പരിശീലനം** (അഞ്ചുപേർ 2 മിനിറ്റു വീതം)

വിഷയം:

ആത്മവിശ്വാസം

**ക്വിസ് മത്സരം**

- എനിക്ക് ഇത് സാധിക്കും എന്ന ചിന്താഗതിയെ എന്തു വിളിക്കുന്നു?
- നമ്മളെക്കാൾ കഴിവുള്ളവർ മറ്റുള്ളവരാണ് എന്ന് ചിന്തിക്കുന്നത് എന്തിനു കാരണമാകുന്നു?
- എന്താണ് വിജയത്തിലേക്കുള്ള താക്കോൽ?
- ആത്മവിശ്വാസമുള്ള ഒരാൾ പരാജയപ്പെടുമ്പോൾ എങ്ങനെ പെരുമാറുന്നു?
- ഒരു കുട്ടിക്ക് ആത്മവിശ്വാസം കുറവാണെന്ന് എങ്ങനെ മനസ്സിലാക്കാം?
- ഏറ്റവും വലിയ പാപം നമ്മൾ ദുർബലരാണെന്ന് കരുതുന്നതാണ്- ഇതാരുടെ വാക്കുകൾ?
- ആത്മവിശ്വാസം കുറയുന്നതിനുള്ള ഒരു കാരണം?
- മറ്റൊരാളാകാൻ ആഗ്രഹിക്കുന്നത് നിങ്ങൾ ആയിരിക്കുന്ന വ്യക്തിയുടെ പാഴാക്കലാണ് - ഇതാരുടെ വാക്കുകൾ?
- ആത്മവിശ്വാസം കൂടുതലുള്ള ഒരു കുട്ടി/വ്യക്തി എങ്ങനെയുള്ള തീരുമാനം എടുക്കുന്നു?
- സ്വന്തം കഴിവുകളിലും തീരുമാനങ്ങളിലും വിശ്വസിക്കുന്ന മാനസികാവസ്ഥയെ എന്തു പറയുന്നു?

> **മറ്റ് മത്സരങ്ങൾ** (ഉപന്യാസം, കവിത, കഥ)


> **ജന്മദിനാശംസകൾ/അഭിനന്ദനങ്ങൾ**

> **തൊഴിൽ പഠന മത്സര മേഖലയെ പരിചയപ്പെടുത്തൽ** (വൈസ് പ്രസിഡൻറ്)

> **സ്കോളർഷിപ്പ്/ പ്രവേശന പരീക്ഷകളെ പരിചയപ്പെടുത്തൽ** (ട്രഷറർ)

> **വിദ്യാഭ്യാസ സമിതിയിൽനിന്നുള്ള അറിയിപ്പുകൾ** (ഇടവക/ഫൊറോന/രൂപത)

> **ചർച്ച:**




**'കുറുക്കുവഴി (വിശുദ്ധ കൊച്ചുത്രേസ്യയുടെ ആധ്യാത്മികത)'**

വി. മത്തായി 16:24-25: യേശു ശിഷ്യന്മാരോട് അരുളിച്ചെയ്തു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ. സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തും: എന്നാൽ, ആരെങ്കിലും എനിക്കുവേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അത് കണ്ടെത്തും.

തങ്ങളുടെ ശരീരത്തെ നിയന്ത്രിക്കുന്നതിന് ചെറുപ്പകാലം മുതൽതന്നെ ഉപവാസവും ചമ്മട്ടിയും ചങ്ങലയും ഉപയോഗിച്ച ആ വീരാത്മാക്കളോടു സാദൃശ്യപ്പെടാതെ എന്റെ ഇന്ദ്രിയനിഗ്രഹങ്ങൾ ഞാൻ ചെയ്തത് ഇങ്ങനെയാണ്.

എന്റെ സ്വേച്ഛയെ നിയന്ത്രിക്കുക, ക്ഷമയില്ലാത്ത മറുപടി പറയാതിരിക്കുക, ഒരു ചെറിയ സേവനം ശാന്തമായി ചെയ്യുക, ഇതുപോലെ ഒരു നൂറുകൂട്ടം കാര്യങ്ങൾ.

വലിയ നൊമ്പരം തരുന്ന കാര്യങ്ങളോട്, ഹൃദയത്തെ മുറിപ്പെടുത്തുന്ന മൊട്ടുസൂചികണക്കെ കുത്തിത്തുളയ്ക്കുന്ന കാര്യങ്ങളോട് എനിക്കു വലിയ ആഗ്രഹമാണുള്ളത്. ഹർഷോന്മാദാവസ്ഥയെക്കാൾ എനിക്കിഷ്ടം ബലിയാണ്. അവിടെ അവിടം മാത്രം ഞാൻ സന്തോഷം കണ്ടെത്തുന്നു ഒടിഞ്ഞുപോകുമെന്നുള്ള ഭയം നേരിയ ഞാങ്ങണയ്ക്കില്ല കാരണം സ്നേഹജലത്തിനരികെയാണ് അത് നട്ടുപിടിപ്പിച്ചിരിക്കുന്നത്. അതിനാൽ, കൊടുങ്കാറ്റിൽ അതു വളയുമ്പോൾ ഉന്മേഷദായകമായ അരുവിയിൽ നിന്ന് അത് ജലം ശേഖരിക്കുന്നു മറ്റൊരു കൊടുങ്കാറ്റ് അടിക്കാനും അതിന്റെ ശിരോഭാഗം ഉലയാനും അത് ആഗ്രഹിക്കുന്നു.

എന്റെ ബലഹീനതതന്നെയാണ് എന്നെ ശക്തിപ്പെടുത്തുന്നത്. യാതൊരു ഉപദ്രവവും എന്നെ സമീപിക്കുകയില്ല. കാരണം, സംഭവിക്കുന്നതിലെല്ലാം ഈശോയുടെ മൃദുലകരങ്ങളാണ് ഞാൻ കാണുക. കൂടാതെ മഹത്വത്തിന്റെ കിരീടം നേടുന്നതിനുള്ള ഏതു സഹനവും വലിയതുമല്ല.

> നന്ദി

> മാതാവിനോടുള്ള ഗാനം

•

തയ്യാറാക്കിയത് : ശ്രീമതി. ശ്രീകല കുമാരി ബി.ഒ & ശ്രീമതി. ഉഷകുമാരി (സ്റ്റുഡൻസ് ഫോറം റിസോഴ്സ് ടീം)

•ലേഖനം •ഡോ. ജോയി ജോൺ



# ഡാഡീസിനോട് വി. യൗസേപ്പ് പറയാതെ പറഞ്ഞത്

**പിതാക്കന്മാരുടെ അഭാവമുള്ള അനാഥരെ പ്പോലെയാണ് മിക്കവാറും ഇന്നത്തെ കുട്ടികൾ. സ്വയം തീരുമാനങ്ങളെടുക്കുവാനും, സ്വാതന്ത്ര്യം ആസ്വദിക്കുവാനും, പുതിയ അവസരങ്ങൾ അന്വേഷിക്കുവാനും അവരെ പ്രാപ്തരാക്കുകയാണ് ഒരു പിതാവ് ചെയ്യേണ്ടത്. ഇതിനാലായിരിക്കണം വിശുദ്ധ യൗസേപ്പിനെ "ക്രിയാത്മകമായി ധീരനായ പിതാവ്" എന്ന് വിളിക്കുന്നത്.**

മാർച്ച് 19 വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ. ലോകരക്ഷകനായ യേശുനാഥന്റെ മാതാപിതാക്കളാകാൻ പരിശുദ്ധ കന്യകാമാതാവിനോടൊപ്പം ദൈവം തിരഞ്ഞെടുത്ത ഭാഗ്യവാൻ. പിതാക്കന്മാരുടെ അഭാവമുള്ള അനാഥരെപ്പോലെയാണ് മിക്കവാറും ഇന്നത്തെ കുട്ടികൾ. കുട്ടികളെ ജീവിതവും യാഥാർത്ഥ്യവും പരിചയപ്പെടുത്തുവാൻ ഒരു പിതാവിന് ചുമതലയുണ്ട്. അവരെ കടിഞ്ഞാണിട്ടു പിടിച്ചും വരുതിയിലാക്കിയും ചിറകിനുള്ളിലാക്കിയുമല്ല അത് ചെയ്യേണ്ടത്, മറിച്ച് സ്വയം തീരുമാനങ്ങളെടുക്കുവാനും സ്വാതന്ത്ര്യം ആസ്വദിക്കുവാനും പുതിയ അവസരങ്ങൾ അന്വേഷിക്കുവാനും അവരെ പ്രാപ്തരാക്കുകയാണ് വേണ്ടത്. ഇതിനാലായിരിക്കണം വിശുദ്ധ യൗസേപ്പിനെ "ക്രിയാത്മകമായി ധീരനായ പിതാവ്" എന്ന് വിളിക്കുന്നത്.

ഈ പുണ്യപുരുഷന്റേതായി യാതൊരു വാക്കുകളും വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും തന്റെ ജീവിതമാതൃകയിലൂടെ മൊഴിഞ്ഞ ചില കാര്യങ്ങൾ ആധുനിക ലോകത്തെ വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളിലെ പിതാക്കന്മാർക്കായി പങ്കുവയ്ക്കുന്നു.

## നീതിമാൻ:

ജീവിതത്തിൽ എപ്പോഴും ദൈവികനീതി ദൃശ്യമാക്കിയ വിശുദ്ധ യൗസേപ്പ് താനുമായി വിവാഹനിശ്ചയം കഴിഞ്ഞിരിക്കെ, ഗർഭിണിയായി കാണപ്പെട്ട പരിശുദ്ധ കന്യകാമാതാവിനെ, ആ കാലഘട്ടത്തിലെ മാനുഷിക നീതിയും കർക്കശമായ വിശ്വാസ നിയമങ്ങളും അനുശാസിക്കുന്ന കൊല്ലപ്പെടലിനു വിട്ടുകൊടുക്കാതെ (മത്താ. 1:18) ധീരവും വ്യത്യസ്തവുമായ തീരുമാനത്തിലൂടെ മാതാവിന്റെ ജീവസംരക്ഷകനായി മാറി.

## കാരുണ്യം:

അവളെ അപമാനിതയാക്കാൻ ഇഷ്ടപ്പെടായ്കയാലും... (വി. മത്താ. 1:19). വ്യഭിചാരിണിയായി മുദ്രകുത്തപ്പെടാമായിരുന്ന, അവളുടെ കരങ്ങൾ ചേർത്തുപിടിക്കുകയെന്ന, ലോകത്തിനുമുൻപിൽ ജീവിതത്തിലെ വലിയ മണ്ടത്തരമായി വിലയിരുത്തപ്പെടാമായിരുന്ന തീരുമാനം ദൈവികകാരുണ്യം ഹൃദയത്തിൽ നിറച്ച യൗസേപ്പ് പിതാവിന് സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിന് ദുരഭിമാനമോ മറ്റുള്ളവർ എന്ത് ചിന്തിക്കുമെന്ന തോന്നലുകളോ തടസ്സമായില്ല.

## സ്വപ്നങ്ങളിൽ ദൈവത്തെ ദർശിച്ചവൻ:

സ്വന്തം ജീവിതത്തിലും പങ്കാളിയുടെ തിരഞ്ഞെടുപ്പിലും ഉണ്ണീശോയെയും പരിശുദ്ധ മാതാവിനെയും ചേർത്തുപിടിച്ചുകൊണ്ടുള്ള ജീവിതയാത്രയിലും വി. യൗസേപ്പിന് ദിശാബോധം നല്കിയത് സ്വപ്നങ്ങളിൽ ലഭിച്ച ദൈവിക വെളിപ്പെടുത്തലുകളായിരുന്നു (വി. മത്താ. 1:18-25, 2:13,19,22). ലോകദൃഷ്ടിയിൽ ഭോഷത്തമായി തോന്നിയേക്കാവുന്ന ദുർഘടമാർഗങ്ങളുടെ തിരഞ്ഞെടുപ്പായിരുന്നിട്ടുകൂടി കേവലം സ്വപ്നങ്ങളിലെ ദൈവിക വെളിപ്പെടുത്തലുകളെ ശിരസ്സാവഹിക്കുവാൻ കഴിഞ്ഞു.

## കഷ്ടതകളുടെ നടുവിലും ക്ഷമയോടെ:

ഭാര്യക്ക് പ്രസവിക്കാൻ കാലിത്തൊഴുത്ത്; തുടർന്ന് കുടുംബത്തിനെതിരെ രാജാവിന്റെ വധഭീഷണി; ഈജിപ്തിലേക്ക് നവജാത ശിശുവിനെയും അമ്മയെയുംകൊണ്ട് പലായനം... വിവരിക്കാനാകാത്ത കഷ്ടതകൾക്കുനടുവിലും പരാതിയോ പിറുപിറുപ്പോ കൂടാതെ ദൈവഹിതം കുടുംബത്തോടൊപ്പം പൂർണമായി നിറവേറ്റി.

## കുടുംബത്തോടൊപ്പം മുഴുവൻ സമയവും:

യാത്രയിലും ദൈവാലയത്തിലും വീട്ടിലും കഷ്ടതയിലും സഹനത്തിലും സന്തോഷത്തിലും മുഴുവൻ സമയവും വി. യൗസേപ്പ് സ്വന്തം കുടുംബത്തോടൊപ്പം ആയിരുന്നു.

## ബന്ധുക്കളോടും സുഹൃത്തുക്കളോടുമൊപ്പം സകുടുംബം:

ആണ്ടുതോറുമുള്ള ജെറുസലേം ദൈവാലയ സന്ദർശനം ബന്ധുക്കളോടും സ്നേഹിതരോടുമൊത്ത് സകുടുംബം നടത്തി(ലൂക്കാ. 2:45).

## വിശ്വാസ നിയമങ്ങൾ പൂർണമായി പാലിച്ചു:

അന്നത്തെ യഹൂദ പാരമ്പര്യവും വിശ്വാസവും അനുസരിച്ച് അനുഷ്ഠിക്കേണ്ട എട്ടാം ദിവസത്തെ ശിശുവിന്റെ ദൈവാലയ സമർപ്പണവും പരിച്ഛേദനവും പെസഹാത്തിരുന്നാളാചരണവുമടക്കമുള്ള വിശ്വാസനിയമങ്ങൾ പൂർണമനസ്സോടും സ്നേഹത്തോടും നിറവേറ്റി.

## ഭരണകൂടത്തിന്റെ നിയമങ്ങൾ പൂർണമായി പാലിച്ചു:

ഭാര്യ ഗർഭിണിയായിരുന്നിട്ടും താന്താങ്ങളുടെ പട്ടണത്തിൽ പേരെഴുതിച്ചേർക്കപ്പെടണമെന്ന ചക്രവർത്തിയായ അഗസ്റ്റസ് സീസറിന്റെ കൽപനയടക്കമുള്ള രാജ്യത്തിന്റെ നിയമങ്ങൾ ശുഷ്കാന്തിയോടെ പാലിച്ചു.

## പുത്രനോട് പക്വതയുള്ള പെരുമാറ്റരീതി:

പന്ത്രണ്ടാം വയസ്സിൽ ദൈവാലയ യാത്രയിൽ കാണാതായ ബാലനായ യേശുവിനെ ഒരു ദിവസം പൂർണമായി അന്വേഷിച്ചലഞ്ഞതിനുശേഷം കണ്ടെത്തുമ്പോൾ ഒരു സാധാരണ പിതാവ് കാണിക്കാമായിരുന്ന സ്വാഭാവിക ദേഷ്യപ്രതികരണത്തിനുപകരം പക്വതയാർന്ന പ്രതികരണം നടത്തി(ലൂക്കാ 2:41-51).

## ദൈവമഹത്വം ദർശിച്ചു:

മൂന്നു രാജാക്കന്മാരുടെ സന്ദർശനം, ആട്ടിടയന്മാരുടെ വെളിപ്പെടുത്തൽ, ശിമയോൻ - അന്നാ പ്രവാചകരുടെ വെളിപ്പെടുത്തൽ തുടങ്ങിയ ദൈവിക ഇടപെടലുകൾ സ്വന്തം ഇന്ദ്രിയങ്ങൾകൊണ്ട് അനുഭവിക്കുമ്പോഴും അഹങ്കരിക്കാതെ വിനയാന്വിതനായി നിലകൊണ്ടു.

ലൗകിക പ്രലോഭനങ്ങളും ജീവിതവ്യഗ്രതകളും ദുരഭിമാനവും മനസ്സിനെ നയിക്കുന്ന ആധുനിക ലോകത്തിൽ വി. യൗസേപ്പ് പിതാവിന്റെ മാതൃക ഉൾക്കൊണ്ട് ജീവിക്കുവാനും ഒരു പിതാവ് എന്ന നിലയിൽ കുടുംബത്തോടും അപ്പൂപ്പനമ്മൂമ്മമാരോടും ബന്ധുക്കളോടുമൊപ്പം പൂർണസമയം ചിലവഴിക്കുവാനും കൗമാരപ്രായക്കാരായ മക്കളോട് സ്വാഭാവികദേഷ്യപ്രതികരണങ്ങളിൽനിന്നകന്ന് പക്വതയാർന്ന പെരുമാറ്റം കൈമുതലാക്കുവാനും നമുക്കു കഴിയുന്നുണ്ടോ?

ഈ തിരുനാൾ ദിനത്തിൽ നമുക്ക് വീണ്ടും ചിന്തിക്കാം. കുടുംബ ജീവിതത്തിലും സാമൂഹ്യതലത്തിലും ഇത്തരം വ്യത്യസ്ത തീരുമാനങ്ങളിലൂടെ ദൈവികനീതിയുടെ വക്താക്കളാകുവാൻ വി. യൗസേപ്പ് പിതാവ് നമ്മോട് ആഹ്വാനം ചെയ്യുന്നു. •

•ചരിത്രപഥം •ഇഗ്നേഷ്യസ് തോമസ്




# തിരുവനന്തപുരം അതിരൂപത നവതി ആഘോഷിക്കാനൊരുങ്ങുമ്പോൾ 2



ശാസ്തമംഗലത്ത് ഒരു വാടകവീട്ടിൽ താമസിച്ചുകൊണ്ടാണ് വിൻസന്റ് ദെരേര പിതാവ് തന്റെ ശുശ്രൂഷകൾ ആരംഭിച്ചത്. ചുരുങ്ങിയ കാലയളവിനുള്ളിൽ വെള്ളയമ്പലത്ത് മെത്രാസന മന്ദിരത്തിന്റെ പണി പൂർത്തിയാക്കി. ഇടവകകൾ കേന്ദ്രീകരിച്ച് സോഷ്യൽ ആക്ഷൻ, വിൻസന്റ് ഡി പോൾ എന്നീ സാമൂഹ്യ സംഘടനകളുടെ പ്രവർത്തനം ഇക്കാലയളവിൽ സജീവമായി. സാധുജനങ്ങൾക്കായി മിച്ച നിക്ഷേപപദ്ധതി സാധുജന സംരക്ഷണപ്രവർത്തനങ്ങൾ, ഭക്ഷ്യോൽപന്ന വിതരണം, ഇവയൊക്കെയായിരുന്നു ആ കാലഘട്ടത്തിലെ പ്രധാനസാമൂഹ്യ പ്രവർത്തനങ്ങൾ. ഉപവി പ്രവർത്തനങ്ങൾ എന്ന നിലയിലായിരുന്നു സാമൂഹ്യപ്രവർത്തനങ്ങളെ കണ്ടിരുന്നത്. അക്കാരണത്താൽതന്നെ ഇന്നത്തെപ്പോലെ സാമൂഹ്യ പുരോഗതിക്ക് ഉതകുന്ന സംഘടിതമായപ്രവർത്തനമല്ല അന്നു നടന്നിരുന്നത്. ഓരോ കാലഘട്ടത്തിലും രൂപപ്പെട്ടുവരുന്ന സാമൂഹ്യവീക്ഷണത്തിന്റെയും സാമൂഹ്യ അപഗ്രഥനത്തിന്റെയും പശ്ചാത്തലത്തിലാണല്ലോ സാമൂഹ്യശുശ്രൂഷാനയങ്ങൾക്ക് രൂപം നല്കുക.

വൈദിക കേന്ദ്രീകൃതമായ സഭാഘടനയ്ക്ക് പ്രാമുഖ്യമുണ്ടായിരുന്ന രൂപതയുടെ വളർച്ചയുടെ പ്രാരംഭഘട്ടത്തിൽ; നമ്മെ ഏവരെയും അതിശയപ്പെടുത്തുന്നത് രണ്ട് അൽമായപ്രമുഖരെ അംഗീകരിച്ച് ആദരിക്കാൻ യൂറോപ്യൻ വംശജനായ ബിഷപ് വിൻസന്റ് ദെരേര മുന്നോട്ടുവന്നു എന്നതിനാലാണ്. തിരുവിതാംകൂർ സംസ്ഥാനത്ത ഹൈക്കോടതി ജഡ്ജിയായിരുന്ന ശ്രീ. മുത്തുനായകംപിള്ളക്കും തിരുവിതാംകൂർ ദിവാനായിരുന്ന ഫ്രാങ്ക് വാട്സിന്റെ സഹോദരിയും തിരുവനന്തപുരം ഗവണ്മെന്റ് വിമൻസ് കോളേജ് വൈസ് പ്രിൻസിപ്പലുമായിരുന്ന മിസ്സ് വാട്സിനും ഷെവലിയാർ സ്ഥാനം നല്കി ആദരിച്ചതിലൂടെ അത്മായർ പൊതുരംഗത്തും സഭാശുശ്രൂഷകളിലും നടത്തുന്ന സേവനങ്ങൾക്ക് രൂപത നല്കുന്ന പരസ്യമായ അംഗീകാരമായി മാറി ഈ ആദരവ്. അത്മായർക്ക് സഭാശുശ്രൂഷകളിൽ സജീവമായി വ്യാപൃതരാകാനുള്ള നിരവധി വേദികൾ അക്കാലത്ത് ഉണ്ടായിരുന്നുവെന്നതും ശ്രദ്ധേയമാണ്. മരിയൻ സൊഡാലിറ്റി, ലീജിയൻ ഓഫ് മേരി, വിൻസന്റ് ഡി പോൾ, അത്മായ സംഘടനകളായ സി.വൈ.എസ്, കാത്തലിക് ആക്ഷൻ തുടങ്ങിയവ ഉദാഹരണങ്ങളാണ്. 1955 മേയ് മാസം 20-ാം തീയതി പരിശുദ്ധ സിംഹാസനം കൊച്ചി രൂപതയുടെ 5-ാം ഡിസ്ട്രിക്റ്റിനെ (പള്ളിത്തുറ മുതൽ ഇരയിമ്മൻതുറവരെയുള്ള തീരദേശ ഇടവകകൾ) തിരുവനന്തപുരം രൂപതയോടു കൂട്ടിച്ചേർത്തു.


രണ്ടാം വത്തിക്കാൻ കൗൺസിലിൽ ദെരേര പിതാവ് പൂർണമായും പങ്കുകൊണ്ടെങ്കിലും കൗൺസിലിന്റെ ദർശനങ്ങൾക്കനുസൃതമായ അജപാലനശൈലി രൂപപ്പെടുത്തിയെടുക്കാൻ അദ്ദേഹത്തിന് സമയം ലഭിച്ചില്ല. 1966-ൽ രൂപതാഭരണം ഒഴിഞ്ഞ് അദ്ദേഹം സ്വദേശത്തേ


വിൻസെന്റ് വി. ഡെറേ.

ക്കുപോയി. ഏതാണ്ട് മൂന്ന് ദശകത്തോളം നീണ്ടുനിന്ന അജപാലന ശുശ്രൂഷയിൽ വിദേശീയനായ വിൻസന്റ് ദെരേ പിതാവ് തികച്ചും പ്രതികൂലമായ സാഹചര്യങ്ങളിൽ ഒതുങ്ങിനിന്നുകൊണ്ട് നവജാതയായ രൂപതക്ക് അടിത്തറപാകാൻ ആത്മാർഥമായ പരിശ്രമങ്ങളിൽ വ്യാപൃതനായി.

## രൂപതക്കൊരു തദ്ദേശീയ മെത്രാൻ

വിൻസന്റ് ദെരേ പിതാവിന്റെ പിൻഗാമിയായി ചുമതലയേറ്റത് ഈ രൂപതയുടെ പുത്രനും കർമ്മകുശലനുമായ ബിഷപ് പീറ്റർ ബർണാർഡ് പെരേര പിതാവായിരുന്നു. 1955 ആഗസ്റ്റ് 24-ന് അദ്ദേഹം സഹായമെത്രാനായി അഭിഷിക്തനായി. 1966 ഒക്ടോബർ 24-നാണ് അദ്ദേഹം രൂപതാധ്യക്ഷനെന്നനിലയിൽ പൂർണ ചുമതലയേറ്റെടുത്തത്. തിരുവനന്തപുരം രൂപതയുടെ സമഗ്രവികസനത്തിന് ആക്കം കൂട്ടുവാനായി കർമോത്സുകനായി അദ്ദേഹം അധ്വാനിച്ചു. രൂപതയുടെ സുസ്ഥിര വളർച്ചയ്ക്കുതകുന്ന ദർശനങ്ങൾക്കും വികസനോന്മുഖമായ പദ്ധതികൾക്കും അദ്ദേഹം രൂപംനല്കി.




തിരുവനന്തപുരം രൂപത നിലവിൽ വന്നശേഷം ആദ്യമായി മോൺസിഞ്ഞോർ പദവി നൽകപ്പെട്ട വൈദികർ -മോൺ. ഗെബ്രിയേൽ ഡിക്രൂസ്.മോൺ. ജോൺ ഫെർണാണ്ടസ്.മോൺ. മാനുവൽ അൻമ്പുടയാൻ എന്നിവർ വിൻസെന്റ് ദേരേ, പീറ്റർ ബെർണാർണാർഡ് പെരേര പിതാക്കന്മാരോടൊപ്പം.

രണ്ടാം വത്തിക്കാൻ സൂനഹദോസിൽ പൂർണമായി പങ്കെടുത്ത ഒരു മെത്രാൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ശുശ്രൂഷകൾ കൗൺസിൽ ദർശനങ്ങൾക്കനുസൃതമായി രൂപംനല്കിയതായി കാണാവുന്നതാണ്. ആരാധനാക്രമത്തിൽ, സാമൂഹ്യ പ്രവർത്തനങ്ങളിൽ, അജപാലന ശുശ്രൂഷാരംഗങ്ങളിൽ, വികസന കാഴ്ചപ്പാടുകളിലൊക്കെ ഈ സ്വാധീനം കണ്ടെത്താനാകും.

ഭാരത കത്തോലിക്കാസഭയിൽ, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദർശനങ്ങൾക്കനുസൃതമായി മാറ്റങ്ങൾ കൊണ്ടുവരുന്നതിന് നിർണായക സ്വാധീനം ചെലുത്തിയ 1969-ലെ ബാംഗ്ലൂർ അഖിലേന്ത്യാ സെമിനാറിന്റെ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച്, പ്രാദേശിക സഭയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് തുടക്കംകുറിച്ചിരുന്നു. തിരുവനന്തപുരം രൂപതയിലെ മതബോധകർക്കും അത്മായനേതാക്കൾക്കും പരിശീലനം നല്കുകയെന്ന ലക്ഷ്യത്തോടെ 1968-ൽതന്നെ രൂപതയിൽ ഓറിയന്റേഷൻ സെന്റർ, സെന്റ് ജോസഫ്സ് ഹയർസെക്കന്ററി സ്കൂളിന് സമീപത്ത് ആരംഭിക്കുകയുണ്ടായി. ആരാധനക്രമ നവീകരണത്തിന്റെ ഭാഗമായി ലത്തീൻ കുർബാന മലയാള ഭാഷയിൽ ചൊല്ലിത്തുടങ്ങി. ആരാധനയിൽ ജനങ്ങളുടെ സജീവഭാഗഭാഗിത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി മലയാള ഭാഷയിൽ ഗാനങ്ങൾ ആലപിക്കാൻ ഗായകസംഘങ്ങളെ പരിശീലിപ്പിക്കുന്നതിന് ശ്രീ. ഒ.വി.ആറിനെ ഓരോ ഇടവകയിലേയ്ക്കും അയച്ച് ഗാനപരിശീലനം നല്കുകയുണ്ടായി.

സാമ്പത്തിക പിന്നാക്കാവസ്ഥയിൽ കഴിഞ്ഞിരുന്ന മത്സ്യത്തൊഴിലാളികളുടെയും കർഷകരുടെയും സാമൂഹ്യ സമുദ്ധാരണത്തിനായി നിരവധി കർമ പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിലാക്കാൻ അദ്ദേഹം മുൻകൈയെടുത്തു. തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റിക്ക് രൂപംനല്കിക്കൊണ്ട് തീരദേശവാസികളുടെയും ഉൾനാടുകളിലെ ദരിദ്രകർഷകരുടെയും സാമ്പത്തിക സുസ്ഥിതിക്കും ഉന്നമനത്തിനുമായി നിരവധി കർമ്മ പദ്ധതികൾക്ക് രൂപം നല്കി. കേരള സർക്കാർ മാതൃകയായി ഉയർത്തിക്കാട്ടിയ മരിയനാട് കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോഗ്രാം, കുന്നുകുഴിയിൽ നൂറോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുവേണ്ടി സമ്പൂർണ ഗ്രാമനിർമിതി, കൂടാതെ സ്വയംസഹായ പദ്ധതി, വിവിധ ഇടവകകളിൽ നടപ്പിലാക്കിയ ഭവനനിർമാണ പദ്ധതികൾ ഇവയെല്ലാംതന്നെ പാവപ്പെട്ടവരോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത വെളിപ്പെടുത്തുന്നു. ഇത്തരത്തിൽ നിരവധി സാമൂഹ്യ വികസന പദ്ധതികളും സാധുജന സഹായപദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയപ്പോഴും ശാസ്ത്രീയമായ സമീപനത്തോടെയും സുസ്ഥിര വികസന കാഴ്ചപ്പാടോടെയുമായിരുന്നുവോ രൂപത സാമൂഹ്യശുശ്രൂഷയെ സമീപിച്ചിരുന്നത് എന്ന ചോദ്യത്തിനുത്തരമായി, "ബിഷപ്പിന്റെയും സാമൂഹ്യ പ്രവർത്തനത്തിൽ തല്പരരായ ഏതാനും വൈദികരുടെയും പ്രവർത്തനമായി ഇവ കലാശിച്ചു. രൂപതയുടെ വികസനം സംബന്ധിച്ച് ഒരു സമഗ്രവീക്ഷണമോ രൂപതമുഴുവന്റെയും കൂട്ടായ വിചിന്തനമോ ഇവയുടെ പിന്നിൽ ഇല്ലായിരുന്നു. ഈ സംരംഭങ്ങളിലെല്ലാം അത്മായർ തീർത്തും അവഗണിക്കപ്പെട്ടു." (ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ: അടിസ്ഥാന ക്രൈസ്തവസമൂഹം പ്രത്യാശയുടെ തീരങ്ങൾ P 107).

(തുടരും)

•ലേഖനം •റവ. ഡോ. സുജൻ അമൃതം



# മാറുന്ന ലോകത്തിന്റെ ആവശ്യകതകളും പുരോഹിത-സന്യസ്തരുടെ ദൗത്യവും

## വികസനത്തിന്റെ വിവിധ മേഖലകൾ

വികസനത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്, മനുഷ്യന്റെ സാമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസ, ആധ്യാത്മിക, സാംസ്കാരിക, ധാർമിക മേഖലകളിൽ സുസ്ഥിതിനേടുക എന്നതാണ്. ഈ വികസനം പൂർണമാകുമ്പോഴാണ് സമാധാനം ഉണ്ടാവുക. സ്വാതന്ത്ര്യം എന്നാൽ വികസനം, വികസനം എന്നാൽ സമാധാനം, സമാധാനം എന്നാൽ വികസനം എന്ന ഫോർമുല സുപ്രധാനമാണ്. യേശുവിന്റെ വരവ് അറിയിച്ചുകൊണ്ട് മാലാഖമാർ പാടി; “ഭൂമിയിൽ സമാധാനം!"

### സാമ്പത്തിക വികസനം:

ജോലി അല്ലെങ്കിൽ ഒരു സാമ്പത്തിക സ്രോതസ്സ് കണ്ടെത്തിക്കൊടുക്കുക, നിക്ഷേപം അഥവാ കുടുംബ ബജറ്റ് എന്നിവയെക്കുറിച്ച് പരിശീലനം നൽകുക തുടങ്ങിയവ സാമ്പത്തിക വികസനത്തിന് അടിസ്ഥാനമായ ഘടകമാണ്. ജോലിയിലൂടെയാണ് ഒരാൾ മനുഷ്യനെന്ന നിലയിൽ പൂർണനാകുന്നത് എന്ന് ലിയോ പതിനാലാമൻ പാപ്പ തന്റെ 'ദിലെക്സി തെ' എന്ന ലേഖനത്തിൽ പറയുന്നു. ജോലിസാധ്യത വർധിപ്പിക്കുന്ന കർമപദ്ധതികൾ തയ്യാറാക്കണം. അപ്പന്റെയോ അമ്മയുടെയോ പരമ്പരാഗത തൊഴിൽ വരുംതലമുറയ്ക്ക് കൈമാറിക്കിട്ടുന്നത് ജോലി സാധ്യത വർധിപ്പിക്കും. ഉദാഹരണം, ഒരു തീരദേശവാസിയെ സംബന്ധിച്ച് കടലിൽ നീന്തുക എന്നത് നൈസർഗികമാണ്. ചെറുപ്രായത്തിൽ ലഭിക്കുന്ന നീന്തൽപരിശീലനമാണ് ഇതിനു സഹായകമാകുന്നത്. തീരദേശത്തെ യുവതീയുവാക്കൾ തങ്ങളുടെ പഠനം മുടക്കാതെ തന്നെ, അവധിദിനങ്ങളിൽ മത്സ്യബന്ധനത്തിനു പോകുന്നതും, ആൺ-പെൺ വ്യത്യാസമില്ലാതെ മീൻ കച്ചവടത്തിലേക്കു ചുവടുമാറ്റം നടത്തുന്നതും കടലോര പ്രദേശങ്ങളിൽ ജോലി സാധ്യത വർധിപ്പിക്കും. അതേസമയം, കല-കായിക-സാഹിത്യ നൈപുണ്യ പരിശീലനങ്ങളും അത് പ്രദർശിപ്പിക്കുന്ന പൊതു പരുപാടികളും പുതിയ ജോലി സാധ്യതകൾ തുറക്കും. വീടുകളിൽ വീട്ടാവശ്യത്തിനുള്ള പച്ച



ക്കറി നട്ടുപിടിപ്പിക്കുന്നതും അതിനുവേണ്ടി പരിശീലനം കൊടുക്കുന്നതും സാമ്പത്തിക നേട്ടവും ആരോഗ്യവും പരിപോഷിപ്പിക്കും. നോബൽ ജേതാവ് മുഹമ്മദ് യൂനുസ് അറിയപ്പെടുന്നത്, സ്വയം തൊഴിൽ ചെയ്യാൻ (പ്രത്യേകിച്ചും കൃഷി ചെയ്യാൻ) അദ്ദേഹം ആളുകൾക്ക് നൽകിയ ചെറുതും വലുതുമായ ലോണുകളാണ്. തിരിച്ചടക്കുകയോ വേണ്ടയോ എന്ന സ്വാതന്ത്ര്യം നൽകിയിട്ടുകൂടി, പാവപ്പെട്ടവരാണെങ്കിലും, അവരിൽ ഒട്ടു മിക്കവരും തിരിച്ചടച്ചു. സാമാന്യം നല്ലൊരു തൊഴിൽ ഫണ്ട് സംഘടിപ്പിച്ച് ചെറുതും വലുതുമായ ലോണുകൾ (തിരിച്ചടവ് പ്രതീക്ഷിച്ച്) നൽകുവാൻ വഴി ഒരുങ്ങണം.

## വിദ്യാഭ്യാസത്തിലൂടെയുള്ള വികസനം:

പാവപ്പെട്ട കുട്ടികളുടെ ഉയർച്ചയ്ക്കും പാവപ്പെട്ടവരുടെ വികസനത്തിനും വേണ്ടി നോബൽ ജേതാവ് ബാനർജി മുന്നോട്ട് വച്ച നിർദേശമാണ് സപ്ളിമെന്ററി വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുക എന്നത്. കാരണം, ദുർഗതിയിലുള്ള കുട്ടികൾ മറ്റുള്ള കുട്ടികളെപ്പോലെ പാഠങ്ങൾ ഗ്രഹിക്കണമെന്നില്ല. സർക്കാർ ജോലികളും പഠന സ്കോളർഷിപ്പുകളും ലഭിക്കാൻവേണ്ട പരിശീലനം, സാധാരണ വിദ്യാഭ്യാസത്തോടൊപ്പം പിഎസ്‌സി കോച്ചിങ്, നൈപുണ്യ വികസന പഠനം, സ്വദേശ-വിദേശ ഭാഷാ പഠനം, അനുബന്ധ വിദ്യാഭ്യാസം, സാഹിത്യ പഠനവേദി തുടങ്ങിയവ അവർക്ക് ലഭിക്കണം. കമ്പ്യൂട്ടർ, മൊബൈൽ, ഇന്റർനെറ്റ് സൗകര്യങ്ങൾ ഒരു പ്രത്യേക സ്ഥലത്ത് ഒരുക്കി, വേണ്ട ഗൈഡൻസ്, മോട്ടിവേഷൻ എന്നിവ നൽകിയാൽ, കുട്ടികൾതന്നെ സ്വന്തമായി പ്രാവീണ്യം നേടിക്കൊള്ളും. കൂടാതെ, കരിയർ ഗൈഡൻസ്, മോട്ടിവേഷൻ ക്ലാസ്സുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും എന്നുവേണ്ട, ഏതു ജോലിയിൽ ഉള്ളവർക്കും ക്രമമായി മാസംതോറുമോ വാർഷികമായോ നല്കണം. സാമൂഹ്യ മാധ്യമങ്ങൾ (ഫെയ്സ്ബുക്ക്, യൂട്യൂബ്, ഇൻസ്റ്റഗ്രാം, വാട്സാപ്പ്) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (ചാറ്റ് ജിപിറ്റി, ഗൂഗിൾ, മെറ്റ), ഓൺലൈൻ മീറ്റ്, എന്നിവയെക്കുറിച്ചും അറിവ് കൊടുക്കുന്നതോടൊപ്പം അത് ശരിയാംവണ്ണം ഉപയോഗിക്കാൻ ബോധവത്കരണവും നൽകണം. ഉന്നത വിദ്യഭ്യാസ ഫണ്ട് സ്വരൂപിക്കണം – അതിൽനിന്ന് വിദ്യാഭ്യാസ ലോണുകൾ കൊടുക്കാൻ കഴിയണം.

## സാമൂഹിക വികസനം:

സാമൂഹിക വികസനം എന്നാൽ ചില അളവുകോലുകൾ ആശ്രയിച്ചുള്ള വികസനം എന്നാണർഥം. വർധിത ആയുസ്സ്, ആരോഗ്യ പരിപാലനത്തിൽ മികവ്, സ്ത്രീകളുടെ വർധനവ്, വികസന-സ്വാതന്ത്ര്യ സമീപനം, കുഞ്ഞുങ്ങളുടെ ജനന നിരക്കിൽ വർധനവും മരണ നിരക്കിൽ കുറവും, വയോധികരുടെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിൽ ശ്രദ്ധ, ലൈബ്രറി പുസ്തകങ്ങളുടെ എണ്ണത്തിലും ഉപയോഗത്തിലും ശാക്തീകരണം, സാക്ഷരത (കമ്പ്യൂട്ടർ സാക്ഷരത, ഭാഷാ സാക്ഷരത, സാഹിത്യ സാക്ഷരത), മതത്തിനപ്പുറത്ത് മനുഷ്യർ തമ്മിൽ പരസ്പര ബഹുമാനവും സഹായവും ഏകതാ മനോഭാവവും, രാഷ്ട്രീയ-സാമൂഹ്യ പ്രബുദ്ധത എന്നിവയാണ് ആ മാനദണ്ഡങ്ങളിൽ മുഖ്യമായവ. മേല്പറഞ്ഞ ലക്ഷ്യങ്ങൾ മുന്നിൽകണ്ട്, കർമപദ്ധതികളും പ്രൊജക്ടുകളും സർക്കാർ-സാമൂഹ്യ സംഘടനകൾ-ബിസിനസ് രംഗത്തുള്ളവർ-രാഷ്ട്രീയ നേതൃത്വം, എന്നിവരുടെ സഹകരണത്തോടെ നടപ്പിലാക്കുക. ഏവർക്കും ഒത്തുചേരാൻ സാധിക്കുന്ന ഒരു പൊതു സ്ഥലമായി ലൈബ്രറിയെ കണ്ട്, മാസംതോറും ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള അവതരണങ്ങളും സംവാദങ്ങളും സംഘടിപ്പിക്കുന്നത് സാമൂഹിക വികസനത്തിന് ആക്കം കൂട്ടും.

## ആധ്യാത്മിക വികസനവും സുവിശേഷ പ്രഘോഷണവും:

പണ്ട് ആളുകൾ നീണ്ട നോവലുകൾ വായിച്ചിരുന്നു. പിന്നെ വായന ചുരുങ്ങി. ഇന്നാകട്ടെ, സാമൂഹ്യമാധ്യമങ്ങളിൽവരുന്ന ആകർഷകവും രസകരവുമായ കൊച്ചുവാക്യങ്ങളിലേ താല്പര്യമുള്ളൂ. ഇന്ന് ഇൻറർനെറ്റിൽ സുവിശേഷ വ്യാഖ്യാനങ്ങൾ സുലഭമായതിനാൽ കൂടുതൽ വിവരിക്കാതെ ഹ്രസ്വമായിരിക്കണം സുവിശേഷ പ്രഘോഷണം. ഞായർ വായനകളുടെ വെളിച്ചത്തിൽ, നാം അഭിസംബോധന ചെയ്യുന്ന സമൂഹം നേരിടുന്ന ഒരു പ്രശ്നവും അതിനു പറ്റിയ ഒരു ഉത്തരവും ഹ്രസ്വമായി നൽകിയാൽ മതിയാവില്ലേ? പണ്ടെങ്ങോ നടന്നതും വേറെ എങ്ങോ നടന്നതും ഏതോ ഒരു മഹാൻ ഏതോ കാലഘട്ടത്തിൽ ചെയ്തതും പറയുന്നതിനെക്കാൾ കേട്ടിരിക്കാൻ എളുപ്പം, ഹ്രസ്വമായി ഇന്ന്, ഇപ്പോൾ, വീട്ടിൽ, നാട്ടിൽ, എനിക്ക്, എന്റെ കൂട്ടുകാരിൽ, എന്റെ ഇടവകയിൽ കാണുന്ന ഉദാഹരണങ്ങൾ എടുത്തു കാണിക്കുന്നതല്ലേ നല്ലത്. സുവിശേഷ പ്രഘോഷണം കൂടാതെ, കാലോചിതമായ വിഷയങ്ങളിൽ പ്രഗല്ഭരായ ആളുകളുടെ പ്രഭാഷണം പള്ളിയിലോ ഹാളിലോ മുൻകൂട്ടി അറിയിച്ച് നടത്തേണ്ടത് അഭികാമ്യമല്ലേ? മോട്ടിവേഷൻ നൽകുന്ന മികച്ച സിനിമകളും ഹ്രസ്വ വീഡിയോകളും ആഴ്ചയിലോ മാസത്തിലൊരിക്കലോ കുട്ടികൾ, വിവാഹിതർ, വയോജനങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകൾ, ഇടവക കൗൺസിൽ, യൂണിറ്റ് ഭാരവാഹികൾ, കാറ്റകിസം അധ്യാപകർ, സംഘടന അംഗങ്ങൾ, തുടങ്ങി ഇടവക ശുശ്രൂഷ ചെയ്യുന്നവർക്ക് മാസ-വാർഷിക തുടർപരിശീലനങ്ങളും ധ്യാനങ്ങളും നൽകുന്നത് അവരുടെ ചിന്തകളെ കാലോചിതമാക്കുന്നതിൽ നല്ലൊരു പങ്കുവഹിക്കും.



## ധാർമിക വികസനം:

മനുഷ്യന്റെ സമഗ്രവികസനം, അപരനെ തന്നെപ്പോലെ ഒരു വ്യക്തിയായി കാണുന്നതിലും ധാർമികതയിലും അധിഷ്ഠിതമാണ്. നീതി, സത്യം, സമാധാനം, സാഹോദര്യം, ഉത്തരവാദിത്തബോധം, പരസ്പര ബഹുമാനം, പരസ്പര ആരോഗ്യ പരിപാലനം എന്നിവ സുപ്രധാനമാണ് (അന്തീക്വ എത് നോവ, 47). ഡ്രഗ്, തീവ്രവാദം, മദ്യപാനം, കഞ്ചാവ്, ലൗവ് ജിഹാദ്, പ്രേമനൈരാശ്യം, ലൈംഗിക വൈകൃത വീഡിയോകൾ, നിശാക്ലബ്ബുകൾ, കുറ്റകൃത്യങ്ങൾ, നിയമങ്ങൾ എന്നിവയെക്കുറിച്ച് നിരന്തര ബോധവത്കരണം നല്കാൻതക്ക വിധത്തിൽ കുഞ്ഞുങ്ങൾ, സ്ത്രീകൾ, പുരുഷന്മാർ, വിധവകൾ എന്നിവർക്കായി വ്യത്യസ്ത സൗഹൃദകൂട്ടായ്മകളും ക്ലബ്ബുകളും അസോസിയേഷനുകളും രൂപീകരിക്കേണ്ടത് നമ്മുടെ കാലഘട്ടത്തിന്റെ പ്രധാന ആവശ്യങ്ങളാണ്.

## നേതൃത്വം:

സ്വയംപര്യാപ്തത തന്നെയാണ് ഒരു ഗ്രാമത്തിന്റെ ആത്യന്തിക ലക്ഷ്യം എന്ന് അരിസ്റ്റോട്ടിലും ഗാന്ധിജിയും പറഞ്ഞിട്ടുണ്ട്. ഇത് ആശ്രയിച്ചിരിക്കുന്നത് ആറു കാര്യങ്ങളുടെ സ്വയംപര്യാപ്തതയിലാണ് എന്ന് അരിസ്റ്റോട്ടിൽ പറയുന്നു:

1) അന്നം (അടിസ്ഥാന സൗകര്യങ്ങൾ);

2) കല-കായികം-വിദ്യാഭ്യാസം;

3) തൊഴിൽ (സമ്പത്ത് സ്വരൂപിക്കാനുള്ള വഴികൾ);

4) നേതാക്കൾ (സദ്ഭരണം);

5) ജഡ്ജിമാർ (നല്ല നിയമങ്ങളും,



നീതിജ്ഞാനവും വിധികളും);
6) പുരോഹിതർ (മനുഷ്യനെ വളർത്തുന്ന മതാചാരങ്ങൾ).

ഇവ ഉറപ്പ വരുത്താൻവേണ്ട കാര്യങ്ങളാണ് ഒരു നേതാവ് ശ്രദ്ധിക്കേണ്ടത്. ഗ്രാമം കാലോചിതമായി മാറുവാൻവേണ്ട ചർച്ചകൾ, പദ്ധതികൾ, സർവേകൾ, സെമിനാറുകൾ, സർക്കാർ ഉദ്യോഗസ്ഥരുടെയും മന്ത്രിമാരുടെയും സർക്കാരിതര മഹദ് വ്യക്തികളുടെയും ഗ്രാമസന്ദർശനങ്ങൾ, വിവിധ അവസരങ്ങൾ പ്രയോജനപ്പെടുത്തിയുള്ള ദേശീയ-അന്തർദേശീയ ദിനാചരണങ്ങൾ, ജൂബിലി/വാർഷിക അവസരങ്ങൾ എന്നിവയെല്ലാം ബോധപൂർവം സൃഷ്ടിക്കണം. ബൃഹദ് ഗ്രാമീണ പദ്ധതി ആവിഷ്കരിക്കണം. 25-50 വർഷംകൊണ്ട്, എത്ര കുട്ടികൾ ഏതൊക്കെ തൊഴിൽ മേഖലയിൽ എത്തിപ്പെടണം എന്നതിനെക്കുറിച്ച് സ്കൂൾ കുട്ടികളുടെ അഭിരുചിനോക്കി ലിസ്റ്റുകൾ തയ്യാറാക്കി, വ്യത്യസ്ത സമയങ്ങളിൽ വിവിധതരം പരിശീലനം കൊടുക്കുന്നതായിരിക്കണം ആ പദ്ധതി. സർക്കാർ-സർക്കാരിതര സ്കോളർഷിപ്പുകൾ, കേന്ദ്ര-സംസ്ഥാനമന്ത്രാലയ-തദ്ദേശസ്വയംഭരണതല സംവിധാനങ്ങളും ബജറ്റുകളും പ്രയോജനപ്പെടുത്തുന്നതായിരിക്കണം അത്. കാലികമായ വിഷയങ്ങളെക്കുറിച്ച് ബോധവത്കരണ വീഡിയോകൾ, ഹ്രസ്വചിത്രങ്ങൾ, കഥകൾ, കവിതകൾ, നാട്ടാചാരങ്ങൾ, കലാ-കായിക-സാഹിത്യ രൂപങ്ങൾ, ചരിത്രം എന്നിവ തയ്യാറാക്കി സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിച്ച് പ്രചരിപ്പിക്കുകയും സംരക്ഷിക്കുകയും വേണം. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രത്യേക ശ്രദ്ധയും കരുതലുകളും നൽകണം. ഗ്രാമതലത്തിൽ ഗാനമേള, ഡാൻസ്, ഹ്രസ്വ ചിത്രം, ജൈവകൃഷി, ബിസിനസ്, ക്വിസ്, നാടകം, തുടങ്ങിയവയിൽ വലുതും ചെറുതുമായ മത്സരങ്ങളും അവാർഡുദാന ചടങ്ങുകളും നടത്തണം.

## സാമൂഹിക മാധ്യമങ്ങൾ:

ആശയവിനിമയം, ശാസ്ത്ര-സാങ്കേതിക-മത മേഖലയിലെ ഈടുറ്റ അറിവുകൾ, കലാ-കായിക-ഭാഷാ-നൈപുണ്യ പഠനങ്ങൾ, പരിശീലന ക്ലാസ്സുകൾ, പുസ്തകങ്ങൾ, ആശയങ്ങൾ, ഓൺലൈൻ യോഗങ്ങൾ, സിനിമ-കോമഡി തുടങ്ങി മാനസികോല്ലാസം നൽകുന്ന പരിപാടികൾ, വിശകലനങ്ങൾ, വരുമാനം ആർജിക്കുന്ന വിധത്തിലുള്ള ആപ്ലിക്കേഷനുകൾ എന്നിവ ഉൾപ്പെടെ സോഷ്യൽ മീഡിയയുടെ സാധ്യതകൾ അനന്തമാണ്. പണ്ട്, വാഹനസൗകര്യവും ഫോണുകളും സമ്പത്തും ആയിരുന്നു വികസനത്തിന്റെയോ അവികസനത്തിന്റെയോ മാർഗങ്ങളെങ്കിൽ, ഇന്നത് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഏറ്റെടുത്തു കഴിഞ്ഞു. ഇന്ന് വീട്ടിലിരുന്നുകൊണ്ടുതന്നെ സമ്പാദിക്കാനും ഡിഗ്രികൾ എടുക്കാനും പുസ്തകങ്ങളും പത്രങ്ങളും വായിക്കാനും ബന്ധങ്ങൾ സ്ഥാപിക്കാനും പുതുക്കാനും ടൂറിസ്റ്റ്-തീർഥാടന സ്ഥലങ്ങൾ കാണാനും സാധനങ്ങൾ ക്രയവിക്രയം ചെയ്യാനും എഴുത്തുകുത്തുകൾ നടത്താനും ബാങ്കിംഗ് നടത്താനും ജോലികൾ ചെയ്യാനും ഉല്ലാസ പരിപാടികൾ കാണാനും ഓൺലൈൻ ഗെയിമുകൾ കളിക്കാനും കളി ആസ്വദിക്കാനും സാമൂഹിക മാധ്യമങ്ങളിലൂടെ സാധിക്കും. മനുഷ്യനുപകരം റോബോട്ടുകളുടെ സഹായത്തോടെ അത്യാവശ്യകാര്യങ്ങൾ നടത്തിക്കിട്ടാനും സാധിക്കുന്നു. അതേസമയം മേല്പറഞ്ഞ എല്ലാ കാര്യങ്ങളിലും ചതിയും കുറ്റകൃത്യങ്ങളും നടക്കുന്നുമുണ്ട്. സാമൂഹിക മാധ്യമങ്ങൾ വിവേചന ബുദ്ധിയോടെ ഉപയോഗിക്കാൻ വേണ്ട പരിശീലനവും നൽകേണ്ടതാണ്.

ഈ സോഷ്യൽമീഡിയ ലോകത്തും ഭാവാത്മകമായ പല കാര്യങ്ങളും കാണുന്നുണ്ട്. കൊല്ലം ജില്ലയിൽ മാങ്കോട് പഞ്ചായത്തിൽ തോറ്റ സ്ഥാനാർഥി വാക്കുപാലിച്ച് സ്വന്തം ചെലവിൽ ചെയ്തുകൊടുക്കുന്ന റോഡു പണി, സേവ് ദ ഡേറ്റിനു പകരം വധൂവരന്മാർ അഗതി മന്ദിരത്തിൽ നടത്തുന്ന ആഘോഷം, അലക്ഷ്യമായി നടക്കുന്ന ഭിക്ഷാടകരെയും അഗതികളെയും കുളിപ്പിച്ച് ജോലി തരപ്പെടുത്തിക്കൊടുക്കൽ, വീട്ടുമുറ്റത്തോ ടെറസിലോ പച്ചക്കറികൾ നടൽ, നടന്നോ സൈക്കിളിലോ പള്ളിയിൽ വരൂ എന്ന മുദ്രാവാക്യം മുഴക്കി പ്രകൃതിയെ സംരക്ഷിക്കാനുള്ള സഭാശ്രമങ്ങൾ എന്നിവ നാം അറിയുന്നത് മിക്കപ്പോഴും സോഷ്യൽ മീഡിയയിലൂടെയാണ്. സോഷ്യൽ മീഡിയ വീഡിയോകളിലൂടെ അസത്യങ്ങൾ തുറന്നുകാട്ടി നീതി നടത്തിയെടുക്കാനും (ഉദാഹരണം, മുനമ്പം) ഗ്രാമത്തിൽ വരേണ്ട മാറ്റങ്ങൾ പത്രംവഴി പ്രസിദ്ധീകരിച്ച് സോഷ്യൽ മീഡിയകൾ വഴി പ്രചരിപ്പിക്കാനും കഴിയുന്നു. കുടുംബ വാട്സാപ്പ് ഗ്രൂപ്പ് വഴി കല, ചിത്രം, പാട്ട്, പ്രസംഗം എന്നീ മത്സരങ്ങൾ നടത്തി കുടുംബ സംഗമങ്ങളിൽവച്ച് സമ്മാനങ്ങൾ വിതരണം ചെയ്യാൻ കഴിയുന്നു. ആകർഷകമായ പേരുകൾ നല്കി ഈടുറ്റ നൂതന ദാരിദ്ര്യ നിർമാർജന പരിപാടികളോ കഴിവുകൾ കണ്ടെത്തുന്ന പരിപാടികളോ ഇടവക, രൂപത, ഗ്രാമ തലത്തിൽ നടത്തപ്പെടുന്നു. കൂടാതെ, സോഷ്യൽ മീഡിയകൾവഴി മതങ്ങളിലും മതനേതാക്കളിലും സർക്കാർ സംവിധാനങ്ങളിലും ഉദ്യോഗസ്ഥരിലും രാഷ്ട്രീയ പാർട്ടികളുടെ പ്രത്യയശാസ്ത്രങ്ങളിലും അവരുടെ നേതാക്കളിലും കോടതികളിലും നിയമനിർമാണ സംവിധാനങ്ങളിലും കാണുന്ന പുഴക്കുത്തുകൾ തുറന്നു കാട്ടി, ക്രിസ്തുവിന്റെ ജീവിതത്തിനും സന്ദേശത്തിനും ഇണങ്ങുന്ന ഒരു പുതിയ വികസിത ലോകം/ഗ്രാമം കെട്ടിപ്പടുക്കുവാൻ കഴിഞ്ഞുതുടങ്ങിയിരിക്കുന്നു. ഇതിനെല്ലാം പറ്റിയവിധത്തിൽ സോഷ്യൽ മീഡിയ പ്രയോജനപ്പെടുത്തുവാൻ, സോഷ്യൽ മീഡിയ ആക്റ്റിവിസ്റ്റുകൾ വഹിക്കുന്ന പങ്ക് ഒരു ദൈവിക ശുശ്രൂഷയാണ്. അവരെ ഉൾകൊള്ളാനും, വിളിച്ചുകൂട്ടാനും, ആവശ്യമുള്ള പ്രോത്സാഹനവും തിരുത്തലുകളും നൽകുവാനും, സ്വയം സോഷ്യൽ മീഡിയയെ പ്രയോജനപ്പെടുത്തുവാനും സഭ കടപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, ദരിദ്രർ എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കുകയും വികസനം ഒരു പരമമായ ലക്ഷ്യമായി നിലകൊള്ളുകയും ചെയ്യുന്നു.

•

•ലേഖനം •ജോയ് ജോൺ





# സ്വപ്നങ്ങളിലേക്ക് പറക്കാം; പരീക്ഷയെന്ന ചിറകിലേറി

കേരളത്തിലെ പാതയോരങ്ങളിൽ കണിക്കൊന്നകൾ പൂത്തുതുടങ്ങുമ്പോൾ അത് വിഷുവിനെ മാത്രമല്ല, ലക്ഷക്കണക്കിന് വിദ്യാർഥികളുടെ പൊതു പരീക്ഷാക്കാലത്തെയും കൂടിയാണ് ഓർമപ്പെടുത്തുന്നത്. പരീക്ഷ എന്ന് കേൾക്കുമ്പോൾ ഭീതിയും അരക്ഷിതത്വവുമല്ല, മറിച്ച് തന്റെ കഴിവുകൾ തെളിയിക്കാനുള്ള ഒരു മികച്ച അവസരമാണ് കൈവന്നിരിക്കുന്നത് എന്ന ബോധ്യമാണ് നമുക്ക് വേണ്ടത്. ഓർക്കുക, പരീക്ഷ ഒരു ചങ്ങലയല്ല... അത് വിജയങ്ങളിലേക്ക് പറന്നുയരാനുള്ള ഒരു ചാലകശക്തിയാണ്.

## വേറിട്ട കാഴ്ചപ്പാട്

"ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സമചിത്തതയുടെയും ആത്മാവിനെയാണ് ദൈവം നമുക്ക് നൽകിയിരിക്കുന്നത്." (2 തിമോത്തി 1:7)

പരീക്ഷയെ ഒരു ശത്രുവായി കാണുന്നതാണ് പരീക്ഷാപ്പേടിയുടെ പ്രധാന കാരണം. എന്നാൽ ജീവിതവിജയം കൈവരിക്കുന്നത് പ്രതിസന്ധികളെ ധീരമായി നേരിടുന്നതിലാണ്. സമചിത്തതയുള്ള മനസ്സ് (Sound Mind) ആണ് നിങ്ങളുടെ ഏറ്റവും വലിയ സമ്പത്ത്. പരീക്ഷാഹാളിലേക്ക് കടന്നുചെല്ലുമ്പോൾ ഒരു ഇരയെപ്പോലെയല്ല, പകരം തന്റെ ലക്ഷ്യത്തിലേക്ക് നടന്നുനീങ്ങുന്ന പോരാളിയുടേതുപോലെയാകണം നിങ്ങളുടെ മനോഭാവം.

നാം ഉപയോഗിക്കുന്ന പെൻസിലിന്റെ അവസ്ഥ ഒന്നോർത്തു നോക്കൂ. മനോഹരമായ ചിത്രങ്ങൾ വരയ്ക്കുന്നതിന് മുൻപ് പെൻസിലിന് മൂർച്ച കൂട്ടേണ്ടതുണ്ട് (Sharpening). ചെത്തിക്കൂർപ്പിക്കുമ്പോൾ വേദനയുണ്ടാകാമെങ്കിലും, ആ സഹനത്തിലൂടെ മാത്രമേ അതിന് വ്യക്തമായി എഴുതാൻ സാധിക്കൂ. പരീക്ഷകളും ഇതുപോലെയാണ്. നിങ്ങളുടെ ഭാവി തിളക്കമുള്ളതാക്കാൻ നിങ്ങളെ മൂർച്ചകൂട്ടി പാകപ്പെടുത്തുന്ന പ്രക്രിയയാണ് ഓരോ പരീക്ഷയും.

## മികവ് ഒരു ശീലമാക്കുക

"നിങ്ങൾ എന്തുചെയ്താലും അത് മനുഷ്യർക്കുവേണ്ടിയല്ല, ദൈവത്തിനുവേണ്ടി എന്നപോലെ പൂർണ്ണമനസ്സോടെ ചെയ്യുവിൻ." (കൊളോസോസ് 3:23)

ഒരു മികച്ച കരിയർ കെട്ടിപ്പടുക്കാൻ മാർക്കുകൾ മാത്രമല്ല, കഠിനാധ്വാനം ചെയ്യാനുള്ള മനസുകൂടി വേണം. പഠിക്കുന്ന ഓരോ പാഠഭാഗവും "എങ്ങനെയെങ്കിലും ജയിക്കാൻ" വേണ്ടിയല്ല, മറിച്ച് ആ വിഷയത്തിൽ ആഴത്തിലുള്ള അറിവും നൈപുണികളും നേടി  മികവ് പുലർത്താൻകൂടിയാണ് പഠിക്കുന്നത് എന്ന് തീർച്ചപ്പെടുത്തുക.  ഈ മനോഭാവം നിങ്ങളെ ഒരു മികച്ച ഉദ്യോഗം (career) കരസ്ഥമാക്കുന്നതിനോ സംരംഭകത്വത്തിൽ (Entrepreneurship) ഏർപ്പെടുന്നതിനോ സഹായിക്കും.

ഒരു കല്ലുതച്ചൻ വലിയൊരു പാറക്കല്ലിന്മേൽ നൂറുതവണ ചുറ്റിക കൊണ്ട് അടിക്കുന്നു, എന്നിട്ടും അതിൽ ഒരു വിള്ളൽ പോലും വീഴുന്നില്ല. എന്നാൽ ആ നൂറ്റിയൊന്നാമത്തെ അടിയിൽ ആ കല്ല് രണ്ടായി പിളരുന്നു. നൂറ്റിയൊന്നാമത്തെ പ്രഹരം മാത്രമല്ല വിജയം നൽകിയത്, അതിനു മുൻപ് കടന്നുപോയ നൂറ് പരിശ്രമങ്ങൾ കൂടിയാണ്. നിങ്ങളുടെ ഓരോ എളിയ പരിശ്രമത്തിനും ഉടൻ പ്രതിഫലം ലഭിച്ചില്ലെങ്കിലും നിങ്ങൾ വിജയത്തോട് അടുത്തുകൊണ്ടിരിക്കുകയാണ് എന്ന സത്യം മനസ്സിലാക്കുക.

## മികച്ച തയ്യാറെടുപ്പിനായി ചില പ്രായോഗിക നിർദേശങ്ങൾ

വിജയം എന്നത് കഠിനാധ്വാനവും ആസൂത്രണവും ചേരുന്നിടത്താണ്. പരീക്ഷയ്ക്ക് തയ്യാറെടുക്കാൻ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

**ഓർമ്മ പുന:സ്മരിക്കുക (Active Recall):** വായിച്ചത് വെറുതെ ഓർക്കുന്നതിന് പകരം, പുസ്തകം അടച്ചുവെച്ച് അത് മറ്റൊരാൾക്ക് പറഞ്ഞുകൊടുക്കുന്നതുപോലെ സ്വയം പറഞ്ഞു നോക്കുക.

**പോമോഡോറോ രീതി (Pomodoro Technique):** 25-30 മിനിട്ട് ഏകാഗ്രതയോടെ പഠിക്കുക, തുടർന്ന് 5 മിനിട്ട് വിശ്രമിക്കുക. ഇത് തലച്ചോറിന്റെ ഉന്മേഷം നിലനിർത്തും.

**ആരോഗ്യവും ഉറക്കവും:** തലച്ചോറിന്റെ പ്രവർത്തനം സുഗമമാകാൻ ധാരാളം വെള്ളം കുടിക്കുകയും ചുരുങ്ങിയത് 6-7 മണിക്കൂർ ഉറങ്ങുകയും വേണം. ഉറക്കമിളച്ചുള്ള പഠനം ഓർമ്മശക്തിയെ ബാധിക്കും.

**മുൻവർഷ ചോദ്യപേപ്പറുകൾ:** കഴിഞ്ഞ 5 വർഷത്തെ പൊതു പരീക്ഷ ചോദ്യപേപ്പറുകൾ അല്ലെങ്കിൽ മാതൃകാ ചോദ്യപേപ്പറുകൾ ഉത്തരമെഴുതി പരിശീലിക്കുന്നത് പരീക്ഷാ രീതി മനസ്സിലാക്കാനും സമയം ക്രമീകരിക്കാനും സഹായിക്കും.

## പരാജയഭീതി എങ്ങനെ മറികടക്കാം?

"നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്; നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് പ്രത്യാശാനിർഭരമായ ഒരു ഭാവി നൽകുന്ന പദ്ധതി." (ജെറമിയ 29:11)

"പഠിച്ചതെല്ലാം മറന്നുപോകുമോ" എന്ന പേടി സ്വാഭാവികമാണ്. തോമസ് ആൽവ എഡിസനെ ഓർക്കുക. ബൾബ് കണ്ടുപിടിക്കാനുള്ള ശ്രമത്തിൽ ആയിരത്തോളം തവണ അദ്ദേഹം പരാജയപ്പെട്ടു. "ഞാൻ പരാജയപ്പെടുകയല്ല, മറിച്ച് ബൾബ് ഉണ്ടാക്കാൻ കഴിയാത്ത ആയിരം വഴികൾ കണ്ടെത്തുകയാണ് ചെയ്തത്" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. പരീക്ഷയെക്കുറിച്ചുള്ള നിങ്ങളുടെ ആശങ്കകൾ മാറ്റി വയ്ക്കുക.

## പരീക്ഷാദിനത്തിലെ മാനസികാവസ്ഥ

പരീക്ഷാദിവസം നിങ്ങളുടെ അറിവിനേക്കാൾ പ്രാധാന്യം നിങ്ങളുടെ മനസ്സിന്റെ ശാന്തതയ്ക്കാണ്.

**നെഗറ്റീവ് ചർച്ചകൾ ഒഴിവാക്കുക:** പരീക്ഷയ്ക്ക് തൊട്ടുമുൻപ് "പഠിച്ചു തീർന്നില്ല, പേടിയാകുന്നു" തുടങ്ങിയ നെഗറ്റീവ് സംഭാഷണങ്ങളിൽനിന്ന് അകലം പാലിക്കുക.

**ശ്വസനക്രിയ:** ടെൻഷൻ തോന്നുമ്പോൾ ദീർഘമായി ശ്വാസം എടുക്കുക. ഇത് ശരീരത്തിലെ സമ്മർദ്ദം കുറയ്ക്കും.

**ആത്മവിശ്വാസം:** "എനിക്ക് ഇതിന് സാധിക്കും" എന്ന് ഉറച്ചു വിശ്വസിക്കുക. Impossible എന്നാൽ I will Make it Possible എന്നാണല്ലോ.

പ്രിയ വിദ്യാർഥികളേ, നിങ്ങൾ ലോകത്തെ മാറ്റിമറിക്കാൻ കഴിവുള്ളവരാണ്. നിങ്ങളുടെ മാതാപിതാക്കളുടെ സ്വപ്നങ്ങളും നിങ്ങളുടെ കരിയറിനെക്കുറിച്ചുള്ള ഉന്നതമായ ലക്ഷ്യങ്ങളും നിങ്ങളുടെ മുൻപിലുണ്ട്. ആ ലക്ഷ്യങ്ങളിലേക്കുള്ള ചവിട്ടുപടികളാണ് ഓരോ പരീക്ഷയും. പുഞ്ചിരിയോടെ, ആത്മവിശ്വാസത്തോടെ ഓരോ പടിയും നടന്നു കയറൂ. ഉജ്വലമായ ഒരു ഭാവി നിങ്ങൾക്കായി കാത്തിരിക്കുന്നു.

**"ലക്ഷ്യബോധമില്ലാത്ത കഠിനാധ്വാനം ദിശയില്ലാത്ത യാത്ര പോലെയാണ്."**
**ഈ പ്ലാനർ നിങ്ങളുടെ സമയം കൃത്യമായി വിനിയോഗിക്കാൻ സഹായിക്കും.**

| സമയം | പ്രവർത്തനം | ലക്ഷ്യം |
|---|---|---|
| 05:00 AM | എഴുന്നേൽക്കുക | മനസ്സിനെ ശാന്തമാക്കുക (ധ്യാനം/പ്രാർഥന). |
| 05:15 - 07:30 AM | കഠിനമായ വിഷയങ്ങൾ | തലച്ചോർ ഏറ്റവും ഉന്മേഷത്തിലിരിക്കുന്ന സമയം. കണക്ക്, സയൻസ് തുടങ്ങിയവ പഠിക്കുക. |
| 07:30 - 08:30 AM | വിശ്രമം & പ്രഭാതഭക്ഷണം | ലഘുവായ ഭക്ഷണം കഴിക്കുക, കുളിക്കുക. |
| 08:30 - 10:30 AM | തിയറി വിഷയങ്ങൾ | സോഷ്യൽ സയൻസ് അല്ലെങ്കിൽ ബയോളജി പോലുള്ളവ പഠിക്കുക. |
| 10:30 - 10:45 AM | ചെറിയ ഇടവേള | വെള്ളം കുടിക്കുക, ഒന്നുനടക്കുക. |
| 10:45 - 12:30 PM | റിവിഷൻ / നോട്ട്സ് | രാവിലെ പഠിച്ച കാര്യങ്ങൾ ഒന്ന് ഓടിച്ചു നോക്കുകയോ നോട്ട്സ് തയ്യാറാക്കുകയോ ചെയ്യുക. |
| 12:30 - 02:00 PM | ഉച്ചഭക്ഷണം & ലഘുനിദ്ര | 20 മിനിട്ട് ലഘു നിദ്ര (Power Nap) എടുക്കുന്നത് ഊർജ്ജം നൽകും. |
| 02:00 - 04:00 PM | ഭാഷാ വിഷയങ്ങൾ | മലയാളം, ഇംഗ്ലീഷ്, ഹിന്ദി. വ്യാകരണം ശ്രദ്ധിക്കുക. |
| 04:00 - 05:00 PM | വിനോദം / കായികം | പുറത്തിറങ്ങുക, കളിക്കുകയോ വ്യായാമം ചെയ്യുകയോ ചെയ്യുക. ഫോൺ ഒഴിവാക്കുക. |
| 05:00 - 07:00 PM | മുൻവർഷ ചോദ്യപേപ്പറുകൾ | ചോദ്യങ്ങൾ സ്വയം പരിഹരിക്കാൻ ശ്രമിക്കുക. സമയം ക്രമീകരിക്കാൻ പഠിക്കാം. |
| 07:00 - 08:00 PM | കുടുംബത്തോടൊപ്പം | അല്പനേരം സംസാരം, അത്താഴം. |
| 08:00 - 09:30 PM | ക്വിക്ക് റിവിഷൻ | അടുത്ത ദിവസത്തെ പ്ലാൻ തയ്യാറാക്കുക. അന്നേ ദിവസം പഠിച്ച പ്രധാന പോയിന്റുകൾ ഓർത്തെടുക്കുക. |
| 10:00 PM | ഉറക്കം | കൃത്യമായി ഉറങ്ങുക. ചുരുങ്ങിയത് 7 മണിക്കൂർ ഉറക്കം നിർബന്ധമാണ്. |

**"ഇന്ന് നിങ്ങൾ ചിന്തുന്ന വിയർപ്പാണ് നാളെ നിങ്ങൾ ആസ്വദിക്കാൻ പോകുന്ന വിജയത്തിന്റെ മധുരം."**

•വായന •സൈമൺ ജോസഫ്




# വിശുദ്ധ ഗീവർഗീസ്

വളരെയേറെ അവധാനതയോടും അന്വേഷണാത്മകതയോടും സത്യസന്ധതയും സൂക്ഷ്മതയും ഉറപ്പാക്കിയും രചിച്ചിരിക്കുന്ന പുസ്തകമാണ് ജൂലിയസ് പീറ്ററിന്റെ വിശുദ്ധ ഗീവർഗീസ്. മറ്റൊരർഥത്തിൽ തിന്മയ്ക്കെതിരായ ചെറുത്തുനില്പും മനസ്സാക്ഷിയോടുള്ള നീതിപുലർത്തലും എന്ന യഥാർഥ മനുഷ്യവാസനയുടെ ചിത്രീകരണം. മാതാപിതാക്കളുടെ വാക്കുകളും കരുതലും മരണംവരെ പിന്തുടരേണ്ടതിന്റെ ആവശ്യകത, കർത്തവ്യബോധം, സത്യസന്ധത എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ഈ ഗ്രന്ഥം തികച്ചും മാതൃകാപരവും ജീവിതപാതയിൽ ഒരു മുതൽക്കൂട്ടുമാണ്. ക്രിസ്തുവർഷം നാലാം നൂറ്റാണ്ടിൽ ക്രിസ്തുമതം ഒരു കൊടുങ്കാറ്റുപോലെ യൂറോപ്പിലാകെ ആഞ്ഞുവീശി എന്ന് പ്രാസം ഒപ്പിച്ച് പറഞ്ഞുപോകുന്ന നമുക്ക് അതിന്റെ പിന്നിലെ കൊടിയ ത്യാഗങ്ങളും ചോരപ്പുഴകളും സങ്കൽപ്പിക്കാൻ കഴിഞ്ഞെന്നുവരില്ല. റോമാസാമ്രാജ്യത്തിനുകീഴിൽ ഉണ്ടായിരുന്ന പ്രധാന യൂറോപ്യൻ രാജ്യങ്ങളായ ഇറ്റലി, ഗ്രീസ്, സ്പെയിൻ, ഫ്രാൻസ്, പോർച്ചുഗൽ, ബോൾട്ടിക് രാജ്യങ്ങളിലും വടക്കേ ആഫ്രിക്കയിലെ ഈജിപ്ത്, ലിബിയ മുതലായ രാജ്യങ്ങളിലും, ഗ്രീക്ക് ദൈവസങ്കല്പങ്ങളായ പേഗൻ ദൈവവിശ്വാസ പാരമ്പര്യത്തിൽ അടിയുറച്ച്, രാജാക്കന്മാർ ദൈവപ്രതിപുരുഷന്മാരാണെന്ന വിശ്വാസത്തിൽ ഭരണനിർവഹണം നടത്തിയിരുന്ന കാലത്ത്, 33 വയസ്സുവരെ മാത്രം ജീവിച്ചുമരിച്ച ഒരു ഗലീലിയക്കാരന്റെ അനുയായികൾ അനുഭവിച്ച കൊടിയ മർദനങ്ങളും കാത്തുസൂക്ഷിച്ച വിശ്വാസദൃഢതയും ഗ്രന്ഥകാരൻ അന്നത്തെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളുടെ പിൻബലത്തിൽ അക്കമിട്ട് നിരത്തുന്നു.

മാമോദീസ കഴിഞ്ഞാൽ ക്രിസ്തീയ ജീവിതപൂർണതയ്ക്ക് അത്യന്താപേക്ഷിതമായി കരുതിവരുന്ന മറ്റ് ആറ് കൂദാശകൾക്കുപുറമേ ആദിമ ക്രൈസ്തവർ രക്തസാക്ഷിത്വം എന്നത് ഒരു കൂദാശയോളം പ്രാധാന്യത്തോടെ ഉൾക്കൊണ്ടിരുന്നു എന്ന് ഗ്രന്ഥം പറയുന്നു. മതപീഡകളെ ഭയക്കാതെയും രക്തസാക്ഷിത്വത്തെ പരിഭവലേശമില്ലാതെ ഉൾക്കൊള്ളുവാനും അവരെ പ്രാപ്തരാക്കിയത് ഈ വിശ്വാസതീഷ്ണതയാണ്. രാജനിർദേശമനുസരിച്ച് അപ്പോളോ ദേവന് കാഴ്ചവസ്തുക്കൾ സമർപ്പിച്ച പ്രാർഥിക്കാൻ പുറപ്പെട്ട ഗീവർഗീസ് - പിന്നീട് അവിടെ നടക്കുന്ന സംഭവവികാസങ്ങൾ, സൈന്യത്തിലെ ക്രിസ്ത്യാനികളെ കണ്ടെത്തി കൊന്നൊടുക്കുവാനുള്ള പ്രമേയം ഗീവർഗീസ് ഉൾപ്പെടുന്ന മന്ത്രിസഭയിൽ അവതരിപ്പിച്ചപ്പോൾ, നേരിടേണ്ടിവരുന്ന കഷ്ടതകൾ അറിയാമായിരുന്നിട്ടും അതിനെതിരെയുള്ള ചെറുത്തുനില്പും, രാജകുമാരിയെ രക്ഷിക്കാൻ ഭീകര സത്വത്തെ കായികമായി നേരിടുന്ന ഗീവർഗീസും വായനാനുഭൂതി എന്നതിലുപരി ദൃശ്യപരതയെ വെല്ലുംവിധം കൺമുന്നിൽ തെളിഞ്ഞു നിൽക്കുന്നു.

വിശുദ്ധ ഗീവർഗീസ് എന്ന ഗ്രന്ഥം ഒരേസമയം ഒരു ചരിത്രപുസ്തകവും ഉത്തമസാഹിത്യസൃഷ്ടിയുമാണ്. അതേസമയം ഒരു വിശ്വാസ പുസ്തകത്തിന് ഇണങ്ങുന്ന ആഖ്യാനരീതി പ്രകടമാകുംവിധം സൂക്ഷ്മവും സന്ദർഭോചിതമായ വിധത്തിലുള്ള ബൈബിൾ വചനങ്ങളുടെ വിന്യാസവും തെളിഞ്ഞു കാണാം. ഇത് ഒരു ഉത്തമ വിശ്വാസിക്കുമാത്രം സാധ്യമായ ഒന്നാണ്.

വിശുദ്ധ ഗീവർഗീസിന്റെ ചിത്രത്തിൽ തെളിഞ്ഞു കാണുന്ന വെള്ളക്കുതിര, കുതിരയുടെ കാലിൽ ചുറ്റിയിരിക്കുന്ന സാത്താന്റെ വാല്, തീഷ്ണമായ കണ്ണുകളോടെ സാത്താനിലേക്ക് ദൃഷ്ടിപായിക്കുന്ന കുതിര, വിശുദ്ധന്റെ ശരീരത്തെ ആവരണം ചെയ്ത് പാറിപ്പറക്കുന്ന ചുവന്ന മേൽവസ്ത്രം, സുരക്ഷിത ദൂരത്തിൽ പ്രാർഥനാപൂർവം നിലകൊള്ളുന്ന കന്യക മുതലായ പ്രതീകങ്ങളെക്കുറിച്ചുള്ള സൂക്ഷ്മമായ വിശകലനങ്ങൾ സാമൂഹ്യജീവി എന്ന മനുഷ്യന്റെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്ന് ഓർമപ്പെടുത്തുന്നു. ഇത് ഹൃദിസ്ഥമാക്കുന്ന ഒരു വിശ്വാസിക്ക് അടുത്തതവണ വിശുദ്ധന്റെ രൂപം വണങ്ങുമ്പോൾ ഇന്നലെകളെക്കാൾ സൂക്ഷ്മമായ പ്രാർഥനാനുഭവവും ജീവിത പ്രതിസന്ധികളെ നേരിടാനുള്ള അനുഗ്രഹങ്ങളുടെ ശക്തിപ്രവാഹവും കൂടുതൽ അനുഭവിച്ചറിയാനാകും.

'ഒരു നാടിന്റെ വിശുദ്ധീകരണം എന്നത് ആ നാട്ടിലെ സ്ത്രീകളുടെയും കുട്ടികളുടെയും സമാധാനപൂർണമായ ജീവിതം, പ്രകൃതിവസ്തുക്കളെ കൂടുതൽ ഭംഗിയായി അടുത്ത തലമുറയ്ക്ക് കൈമാറുന്നതിലുള്ള ഉത്തരവാദിത്തം, വൈജ്ഞാനികമായ അറിവുനേടൽ, സർവോപരി ദൈവഭക്തിയും കൂടിയാണ് വിശുദ്ധനോടുള്ള ധ്യാനം നമ്മെ ഓർമപ്പെടുത്തുക' എന്ന പുസ്തകത്തിലെ രേഖപ്പെടുത്തൽ എഴുത്തുകാരന്റെ ജീവിത വിശ്വാസദർശനമായി കാണാം.

14 മുതൽ 16 വരെയുള്ള അധ്യായങ്ങൾ പുസ്തകത്തിന്റെ രണ്ടാംഭാഗംപോലെ വേറിട്ട് നിൽക്കുന്നു. ഇതിൽ നാടിന്റെ ചരിത്രവും തനതായ തൊഴിൽ സംസ്കാരവും പ്രവാസജീവിതത്തിന്റെ നേർചിത്രങ്ങളും സൂക്ഷ്മവും സത്യസന്ധവുമായി തെളിഞ്ഞു കാണാം. മതമതിലുകൾ ഇല്ലാതിരുന്ന, മതമൈത്രി സംസ്കാരം നിലനിന്നിരുന്ന ആദ്യകാലങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ, അതിലെ വേലുവാത്തി എന്ന വെളിച്ചപ്പാടിനെയും മുത്തുനായകം പോറ്റി എന്ന സാത്വികനായ പ്രതിഭയെയും കുറിച്ചുള്ള പരാമർശങ്ങൾ ഒക്കെയും ഇന്നലെകളുടെ നന്മകൾക്കുനേരെപിടിച്ച കണ്ണാടിയും പൂർവികരോടുകാട്ടുന്ന ആദരവുമാണ്.

വിശുദ്ധന്റെ അധികം വെളിപ്പെട്ടിട്ടില്ലാത്ത ബാല്യവും കൗമാരവും, അധികം പരിചിതമല്ലാതിരുന്ന നസ്നാനിയൂസ് എന്ന മാന്ത്രികനെക്കുറിച്ചുള്ള വിവരണം, ശിഷ്യനും സഹായിയുമായിരുന്ന പാഷിയാക്രാറ്റസിന്റെ കഥ, ഗീവർഗീസ് നിഗ്രഹിക്കുന്നതുപോലെ സമാനമായ ഭീകര സത്വങ്ങളെക്കുറിച്ച് ഗ്രീക്ക് ഇതിഹാസമായ ഈഡിപ്പസിലും മഹാഭാരതത്തിലുമുള്ള വിവരണങ്ങൾ മുതലായ വൈവിധ്യവും നൂതനവുമായ ആവിഷ്കാരങ്ങൾക്കുകൂടി ഗ്രന്ഥകാരൻ ഇടം കണ്ടെത്തുന്നു. വില്യം ഷേക്സ്പിയറുടെ ദി ടെമ്പസ്റ്റ് എന്ന നാടകത്തിൽ ഒരു ദ്വീപിൽ താമസിക്കുന്ന കാലിബൻ എന്ന അരമൃഗവും അരമനുഷ്യനുമായ വിചിത്ര ജീവിയെയും ഇക്കൂട്ടത്തിൽ ചേർത്തു വായിക്കാം. കൂടാതെ സോഫാക്ലീസിന്റെ ഈഡിപ്പസ് എന്ന ദുരന്ത നാടകത്തിൽ പ്രതിപാദിക്കുന്ന സ്ത്രീയുടെ തലയും സിംഹത്തിന്റെ ശരീരവും പക്ഷിയുടെ ചിറകുകളും ഉള്ള സ്പിംക്സ് എന്ന ഭീകരജീവി നഗരവാസികളോട് ചോദിക്കുന്ന, രാവിലെ നാലുകാലിൽ, ഉച്ചയ്ക്ക് രണ്ടുകാലിൽ, വൈകുന്നേരം മൂന്നുകാലിൽ നടക്കുന്നവൻ ആരാണ് എന്ന കടങ്കഥയും അതിൽ ഒളിഞ്ഞിരിക്കുന്ന ജീവിതപാഠവും ഇവിടെ ഓർത്തെടുക്കാം.

വിശുദ്ധ ഗീവർഗീസിന്റെ ജീവിതം സംബന്ധിച്ച മലയാളത്തിലെ ആധികാരികമായ ഈ പുസ്തകം തീർച്ചയായും ആഴത്തിലുള്ള പഠനങ്ങളും മനനങ്ങളും ആവശ്യപ്പെടുന്നു.


•

# വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

2026 ഏപ്രിൽ മാസത്തെ ഉപയോഗത്തിനായ് അതിരൂപത ബിസിസി കമ്മിഷൻ തയ്യാറാക്കിയത്

## "ഉത്ഥാനം: പ്രത്യാശയുടെ അടയാളം"



**1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം, സ്വാഗതം**

**2. ആമുഖം**

**പ്രിയമുള്ളവരേ, ക്രിസ്തുവിന്റെ മരണത്തിനുമേലുള്ള വിജയത്തെ/ഉത്ഥാനത്തെ നമുക്ക് ഈ പ്രാർഥന കൂട്ടായ്മയിൽ ധ്യാനിക്കാം. 1 കോറിന്തോസ് 15:4, 'ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും, എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാംനാൾ ഉയർപ്പിക്കപ്പെടുകയും ചെയ്തു.' ഈശോയുടെ ഉത്ഥാനം മാനവ ചരിത്രത്തിലെതന്നെ ഏറ്റവും അന**

ന്യമായ (ഇതുപോലെ വേറെ ഒന്നില്ലാത്ത) സംഭവമാണ്. ചരിത്രം പരിശോധിച്ചാലും ലോകമതങ്ങൾ വിശകലനം ചെയ്താലും മതനേതാക്കളുടെ ജീവചരിത്രം പരിശോധിച്ചാലും ക്രിസ്തു അല്ലാതെ ആരുംതന്നെ മരണത്തെ അതിജീവിച്ച് ഉത്ഥാനം ചെയ്തിട്ടില്ല എന്ന് വ്യക്തമാകും. ഒരു മതനേതാവും ഞാനാണ് ജീവനും പുനരുത്ഥാനവും എന്ന് അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടില്ല. ജീവിച്ചിരിക്കുമ്പോൾതന്നെ താൻ മരിക്കുമെന്നും മരണത്തിൽനിന്ന് ഉയിർക്കും എന്നും ക്രിസ്തുവല്ലാതെ ആരും പറഞ്ഞിട്ടില്ല. ബൈബിൾ കൂടാതെ യഹൂദ ചരിത്രകാരനായ ജോസഫൂസ് ഫ്ളാവിയൂസിന്റെ എഴുത്തുകളിലും യേശുവിനെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാൻ കഴിയും. 'ആന്റിക്യുറ്റീസ് ഓഫ് ദ ജ്യൂസ് (Antiquities of the Jews)' എന്ന തന്റെ പുസ്തകത്തിൽ അദ്ദേഹം ഇപ്രകാരം കുറിച്ചുവയ്ക്കുന്നു, "അക്കാലത്ത് യേശു എന്ന പേരായ ഒരു ജ്ഞാനി ഉണ്ടായിരുന്നു; അദ്ദേഹത്തെ ഒരു മനുഷ്യൻ എന്ന് വിളിക്കാൻ കഴിയുമോ എന്ന് സംശയമാണ്. കാരണം, അദ്ദേഹം അത്രമേൽ ഉന്നതനായിരുന്നു. ധാരാളം അദ്ഭുതപ്രവർത്തികൾ ചെയ്ത അദ്ദേഹം ക്രിസ്തുവായിരുന്നു. ദിവ്യപ്രവാചകർ അദ്ദേഹത്തെക്കുറിച്ച് മുൻകൂട്ടി പറഞ്ഞിരുന്നതുപോലെ മൂന്നാംനാൾ അദ്ദേഹം അവർക്ക് ജീവനോടെ പ്രത്യക്ഷപ്പെട്ടു...' ഇത്രയേറെ ആഴമായ, മാനവ ചരിത്രത്തിന് തന്നെ പ്രത്യാശയും വെളിച്ചവുമായി മാറിയ ക്രിസ്തുവിന്റെ ഉത്ഥാനത്തെ നമുക്ക് ഏറ്റവും സന്തോഷത്തോടെ ഹൃദയത്തിൽ സ്വീകരിക്കാം, ധ്യാനിക്കാം.

**3. യേശുവിനെ ക്ഷണിക്കൽ**

**4. ദൈവവചന പാരായണം:**

**അപ്പ.പ്രവ. 3:11-16**

**5. വചനഭാഗം പങ്കുവയ്ക്കൽ**

**6. നിശ്ശബ്ദധ്യാനം**

**7. വചനാനുഭവം പങ്കുവയ്ക്കൽ**

**8. വചനവിചിന്തനം**

ക്രിസ്തുവിൽ പ്രിയമുള്ളവരേ, '

അങ്ങനെ അവൻ അവർക്ക് വേണ്ടത്ര തെളിവുകൾ നൽകിക്കൊണ്ട് ജീവിക്കുന്നവനായി പ്രത്യക്ഷപ്പെട്ടു.' യേശുവിന്റെ ഉത്ഥാനം കെട്ടുകഥയല്ല, അത് യാഥാർഥ്യവും പ്രത്യാശയേകുന്നതുമാണ്. അവന്റെ ഉത്ഥാനം;

a) യേശു ദൈവമാണെന്ന് സംശയത്തിനിടയില്ലാതെ തെളിയിക്കുന്നു.

b) നമുക്ക് ഉത്ഥാനം ഉണ്ടെന്ന് ഉറപ്പ് നൽകുന്നു. (ലാസറിനെ ഉയിർപ്പിച്ചവൻ നമ്മെയും അവന്റെ ഉത്ഥാനത്തിൽ പങ്കുകാരാക്കും.)

c)തകർന്നില്ലാതാകുന്ന ജീവിത സാഹചര്യത്തിലും ധൈര്യപൂർവം മുൻപോട്ടു പോകുവാൻ നമ്മെ സഹായിക്കുന്നു. (കുരിശിനപ്പുറം ഉയിർപ്പ് ഉണ്ട് എന്ന യാഥാർത്ഥ്യം നമ്മെ ബലപ്പെടുത്തുന്നു).

d) നമ്മുടെ ആത്മീയ യാത്രയ്ക്കും നമ്മുടെ പ്രാർഥനകൾക്കും അർത്ഥം നൽകുന്നു. (മരിച്ച ഒരാളോട് അല്ല, മറിച്ച് ജീവിക്കുന്ന ക്രിസ്തുവിനോടാണ് എന്റെ പ്രാർഥന. അവൻ എന്നെ കേൾക്കും).

യേശു ചെയ്ത ഏറ്റവും വലിയ അദ്ഭുതം തന്നെയാണ് ഉത്ഥാനം. അതുകൊണ്ടാണ് വിശുദ്ധ അത്തനാസിയോസ്, ഈസ്റ്റർ ഞായറാഴ്ചയെ 'The Great Sunday- മഹത്തായ ഞായർ' എന്ന് വിളിക്കുന്നത്. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, ഈസ്റ്ററിനെ വിശേഷിപ്പിക്കുന്നത് 'തിരുനാളുകളുടെ തിരുനാൾ' എന്നാണ്. ഈസ്റ്റർ വെറും ഒരു ആഘോഷമല്ല അത് നമ്മുടെ ജീവിതത്തിന്റെ ആധാരം തന്നെയാണ്. റോമാ 10:9, 'ആകയാൽ, യേശു കർത്താവാണ് എന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും.' ഉത്ഥാനത്തിന്റെ അനുഭവം നമ്മുടെ ഹൃദയങ്ങളിൽ തൊട്ടറിയുവാൻ നമുക്കും പ്രാർത്ഥിക്കാം, പരിശ്രമിക്കാം. അങ്ങനെ നമുക്കും രക്ഷപ്രാപിക്കാം.

(ഈ ആശയങ്ങളുടെ സഹായത്തോടെ ബി.സി.സി യോഗത്തിൽ വിചിന്തനം ചെയ്യാവുന്നതാണ്. വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം)

1. ഉത്ഥാനത്തിന്റെ വലിയ സന്തോഷം ശിഷ്യൻമാർ അനുഭവിച്ചതും പങ്കുവച്ചതും ചർച്ച ചെയ്യുക.

2. ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ ചൈതന്യം എങ്ങനെ നമ്മുടെ വരും തലമുറയ്ക്ക് കൈമാറാൻ കഴിയും.

9. ദൗത്യമേറ്റെടുക്കൽ
10. സ്വയം പ്രേരിതപ്രാർഥന
11. കർത്തൃപ്രാർഥന
12. സമാപനപ്രാർഥന

## രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)
2. വരവ് ചെലവ് അവതരണം;
3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം
(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)
4. ചർച്ചയും പങ്കുവയ്ക്കലും;
5. ഹാജർ
6. രഹസ്യപ്പിരിവ്
7. അറിയിപ്പുകൾ
8. നന്ദി
9. സമാപനഗീതം



# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജ്മെന്റുമായി മരിയൻ ബിസിനസ് സ്കൂൾ ധാരണാപത്രം ഒപ്പിട്ടു



കഴക്കൂട്ടം: തിരുവനന്തപുരം മരിയൻ എഞ്ചിനീയറിംഗ് കോളേജിനു കീഴിൽ പ്രവർത്തിക്കുന്ന മാനേജ്മെന്റ് സ്ഥാപനമായ മരിയൻ ബിസിനസ് സ്കൂളുമായി ചേർന്ന് സ്റ്റുഡന്റ് ചാപ്റ്റർ രൂപീകരണത്തിനുള്ള ധാരണാപത്രം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജ്മെന്റ് (NIPM) ഒപ്പിട്ടു. മരിയൻ എഞ്ചിനീയറിംഗ് കോളേജിൽ സംഘടിപ്പിച്ച ചടങ്ങ് പ്രിൻസിപ്പൽ ഡോ അബ്ദുൾ നിസാർ എം ഉദ്ഘാടനം ചെയ്തു. NIPM വൈസ് ചെയർമാൻ ഡോ. രാജേഷ് എസ് പൈൻകാവിൽ അധ്യക്ഷത വഹിച്ച പ്രസ്തുത പരിപാടിയിൽ NIPM പ്രതിനിധികളായ ഡോ പി . ഇലങ്കോ, ശ്രീ മാത്യു ടി ജേക്കബ് , ശ്രീമതി ഗീതാ സതീഷ്, എന്നിവർ സംസാരിച്ചു. മരിയൻ ബിസിനസ് സ്കൂൾ HOD ഡോ ഷിബുലാൽ എ എൽ , എൻ ഐ പി എം ഫാക്കൽറ്റി കോർഡിനേറ്റർ ശരണ്യ സത്യനേശൻ, പി ആർ ഓ രാഹുൽ എന്നിവർ സന്നിഹിതരായിരുന്നു

## കേരള ഉന്നത വിദ്യാഭ്യാസ എക്സ്പോയിൽ മികച്ച സ്റ്റാൾ അവാർഡ് മരിയൻ എഡ്യൂസിറ്റിക്ക്




തിരുവനന്തപുരം: 2026 ലെ കേരള ഉന്നത വിദ്യാഭ്യാസ എക്സ്പോയിൽ മരിയൻ എഡ്യൂസിറ്റിക്ക് മികച്ച സ്റ്റാൾ അവാർഡ് ലഭിച്ചു. ഗവൺമെന്റ് വിമൻസ് കോളേജിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി സഹകരിച്ചാണ് കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് എക്സ്പോ സംഘടിപ്പിച്ചത്. “സാമൂഹിക പുരോഗതിക്കായി ഗവേഷണവും നവീകരണവും വിവർത്തനവും” എന്ന വിഷയത്തിൽ പ്രമുഖ സ്ഥാപനങ്ങൾ പ്രദർശനങ്ങൾ നടത്തി. ഗവേഷണ പ്രോജക്ടുകൾ, നൂതന അക്കാദമിക് രീതികൾ, സാമൂഹിക സ്വാധീനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള വിദ്യാർഥികൾ നയിക്കുന്ന സംരംഭങ്ങൾ എന്നിവയുടെ ആകർഷകമായ അവതരണത്തിനാണ് മരിയൻ എഡ്യൂസിറ്റിക്ക് അംഗീകാരം ലഭിച്ചത്. സമാപന സമ്മേളനത്തിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ അവാർഡ് സമ്മാനിച്ചു.

## പ്രോ –ലൈഫ് കുടുംബങ്ങളിലെ 7 കുഞ്ഞുങ്ങൾക്ക് ബിഷപ് ക്രിസ്തുദാസ് ജ്ഞാനസ്നാനം നൽകി



പാളയം: വലിയ കുടുംബങ്ങൾ രൂപപ്പെടുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രോ-ലൈഫ് കുടുംബങ്ങളിലെ കുഞ്ഞുങ്ങളുടെ ജ്ഞാനസ്നാനം ക്രിസ്തുദാസ് പിതാവിന്റെ കാർമികത്വത്തിൽ നടന്നു. വെള്ളയമ്പലം സെന്റ് തെരേസാസ് ദൈവാലയത്തിൽ വച്ച് നടന്ന ചടങ്ങിൽ അതിരൂപതയിലെ 7 പ്രോ-ലൈഫ് കുടുംബങ്ങളിലെ 7 കുഞ്ഞുങ്ങളാണ് തിരുസഭാംഗങ്ങളായത്. തുടർന്ന് ജീവൻ സമൃദ്ധി പദ്ധതി പ്രകാരമുള്ള കുഞ്ഞുങ്ങളുടെ പേരിലുള്ള സമ്പാദ്യ പദ്ധതികളുടെ രേഖകൾ, മെമന്റോ, ലവീത്ത മിനിസ്ട്രിയുടെ ധനസഹായത്തുക എന്നിവ മാതാപിതാക്കൾ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിൽ നിന്ന് സ്വീകരിച്ചു. പതിനാലാം തവണയാണ് കുടുംബപ്രേഷിത ശുശ്രൂഷ പ്രോ-ലൈഫ് കുടുംബങ്ങൾക്കുള്ള ജ്ഞാനസ്നാനം നടത്തുന്നത്. കുടുംബപ്രേഷിത ശുശ്രൂഷ ഡയറക്ടർ ഫാ. റിച്ചാർഡ് സഖറിയാസ്, ലവീത്ത മിനിസ്ട്രി ഡയറക്ടർ ഫാ. റോബർട്ട് ചാവറാനാനിക്കൽ എന്നിവർ സന്നിഹിതരായിരുന്നു.

## സിറസ്റ്റോമിയ അവസ്ഥയ്ക്ക് ശാശ്വത പരിഹാരം



തിരുവനന്തപുരം: വായിൽ ഉമിനീർ ഇല്ലാത്ത സിറസ്റ്റോമിയ എന്ന അവസ്ഥയ്ക്ക് ശാശ്വത പരിഹാരവുമായി പാളയം ഇടവകയിലെ യുവ വനിതാസംരംഭക ഡോ. ലിനി ബേസിൽ. ബൈലിൻ മെഡ്ടെക് എന്ന തന്റെ സ്റ്റാർട്ടപ്പ് കമ്പനിയിൽ കോളാജിനും കറ്റാർവാഴയും ഉപയോഗിച്ച് ഡ്രിസിലിൻ എന്ന ഓറൽ ഹൈഡ്രേറ്റിങ് പാച്ച് വികസിപ്പിച്ചാണ് ശ്രദ്ധേയമായ നേട്ടം കൈവരിച്ചത്. ഈ അവസ്ഥ നേരിടുന്നവർ വെള്ളം വായിൽ കൊള്ളുമ്പോൾ അതിൽ ഒരംശം ഈ പാച്ച് സംഭരിച്ചു വയ്ക്കുകയും തുടർന്നുള്ള മണിക്കൂറുകൾ വായിൽ ഈർപ്പം നിലനിർത്തുകയും ചെയ്യും. അല്പം മാത്രം വെള്ളം കുടിക്കുവാൻ അനുമതിയുള്ള റേഡിയേഷൻ, കീമോതെറാപ്പി എന്നിവയ്ക്ക് വിധേയരാകുന്നവർക്ക് അനുഗ്രഹമാണ്.

# കെ.സി.വൈ.എം. വാർഷിക സെനറ്റും ജൂബിലി വർഷ ഉദ്ഘാടനവും ലോഗോ പ്രകാശനവും നടന്നു



തിരുവനന്തപുരം: കെ.സി. വൈ.എം. തിരുവനന്തപുരം ലത്തീൻ അതിരൂപത വാർഷിക സെനറ്റും ജൂബിലി വർഷ ഉദ്ഘാടനവും ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോ നിർവഹിച്ചു. ഗോൾഡൻ ജൂബിലിയോട് അനുബന്ധിച്ച് ജൂബിലി വർഷ ലോഗോ ആർച്ച്ബിഷപ് അതിരൂപതാ പ്രസിഡൻറ് രാജീവിന് നൽകി പ്രകാശനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ഡാർവിൻ ഫെർണാണ്ടസ് ആന്റണി, ആനിമേറ്റർ സിസ്റ്റർ ആൻസി, പാളയം ഫെറോനാ ഡയറക്ടർ ഫാ. സന്തോഷ്, പേട്ട ഫെറോന ഡയറക്ടർ ഫാ. സിബിൻ, വട്ടിയൂർക്കാവ് ഫെറോന ഡയറക്ടർ ഫാ. സനീഷ്, അഞ്ചുതെങ്ങ് ഫെറോന ഡയറക്ടർ ഫാ. ഹെറിൻ, ആനിമേറ്റർ സിസ്റ്റർ രജനി, പുതുക്കുറിച്ചി ഫെറോന ആനിമേറ്റർ സിസ്റ്റർ സ്മിനി , മറ്റ് അതിരൂപത സമിതി അംഗങ്ങൾ, ഫെറോന ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. തുടർന്ന് നടന്ന വാർഷിക സെനറ്റിൽ അതിരൂപതയുടെ കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഫെറോന പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ചെയ്തു. സമാപന സമ്മേളന ഉദ്ഘാടനം തിരുവനന്തപുരം നഗരസഭ പോർട്ട് വാർഡ് കൗൺസിലർ പനിയടിമ നിർവഹിച്ചു. അതിരൂപത അഡ്വൈസറി ബോർഡ് അംഗവും മുൻ സംസ്ഥാന പ്രസിഡന്റുമായ ഇമ്മാനവൽ ആശംസകൾ അറിയിച്ചു. രൂപത കലോത്സവമായ 'രൂപകം' മത്സര വിജയികൾക്കുള്ള സമ്മാനദാനവും നടന്നു.

## തിരുവനന്തപുരം ലത്തീൻ അതിരൂപത കേരള ലാറ്റിൻ കാത്തലിക് അസോസിയേഷന് പുതിയ നേതൃത്വം



തിരുവനന്തപുരം: കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (KLCA) തിരുവനന്തപുരം ലത്തീൻ അതിരൂപത 2026-28 കാലയളവിലേക്കുള്ള പുതിയ നേതൃത്വത്തെ തിരഞ്ഞെടുക്കുന്ന സമ്മേളനം പാട്രിക് മൈക്കിളിന്റെ അധ്യക്ഷതയിൽ നടന്നു. സമ്മേളനം അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര ഉദ്ഘാടനം ചെയ്തു. പ്രസിഡൻറ് സുരേഷ് പീറ്റർ, വൈസ് പ്രസിഡന്റുമാർ ഇമ്മാനുവേൽ, ഹെൻട്രി വിൻസെൻറ്, ഗ്രേഷ്യസ്, അന്ന റീറ്റ, ജനറൽ സെക്രട്ടറി സുരേഷ് സേവിയർ, സെക്രട്ടറിമാർ രാജു തോമസ്, സെൽബോറി, ഡോ. എബിൻ മോറസ്, പുഷ്പരാജ്, ട്രഷറർ ചാൾസ് അൽമേഡ എന്നിവരെ 2026-28 കാലയളവിലേക്കുള്ള ഭാരാവാഹികളായി തിരഞ്ഞെടുത്തു.

## ബി.സി.സി. കോ-ഓർഡിനേറ്റർമാരുടെയും സിസ്റ്റർ ആനിമേറ്റർമാരുടെയും അതിരൂപതാതല പരിശീലനം സംഘടിപ്പിച്ചു



വെള്ളയമ്പലം: അതിരൂപതയിലെ ബി.സി.സി. കോ-ഓർഡിനേറ്റർമാരുടെയും സിസ്റ്റർ ആനിമേറ്റർമാരുടെയും അതിരൂപതാതല സംഗമം വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ സംഘടിപ്പിച്ചു. അതിരൂപതാ വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര ബി.സി.സി.യാകുന്ന വൃക്ഷം ഇനിയും വളരണമെന്ന സന്ദേശം നൽകിക്കൊണ്ട് ഒരുക്കിയിരുന്ന ചെടിക്ക് ജലം പകർന്ന് പരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്ന് 2026-27 ബി.സി.സി. സമിതി വാർഷിക പ്ലാനും ബജറ്റും തയ്യാറാക്കുന്നതിനെ കുറിച്ചുള്ള ക്ലാസ് ഫാ. തിയോഡേഷ്യസ് നയിച്ചു. വിശുദ്ധ ഫ്രാൻസിസ് അസ്സീസി: ജീവിതവും ആത്മീയതയും എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. ജോയ് OFM Cap ക്ലാസ് നൽകി. തുടർന്ന് നാലുമാസത്തേക്കുള്ള വചനജ്വാല വിചിന്തന പരിശീലനം ഫാ. സനീഷ് നൽകി.

## 'നോമ്പ്: ദൈവത്തോടൊപ്പം കുടുംബത്തോടൊപ്പം'; മാധ്യമമുക്ത കുടുംബമണിക്കൂർ ക്യാമ്പയിന് തുടക്കംകുറിച്ച് കുടുംബശുശ്രൂഷ ഗ്രാറ്റിറ്റ്യൂഡ് ദിനമാചരിച്ചു





വെള്ളയമ്പലം: സന്തുഷ്ട കുടുംബങ്ങളെ രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി 2026 നോമ്പുകാലത്ത് കുടുംബങ്ങളിൽ മാധ്യമമുക്ത മണിക്കൂർ പാലിക്കാൻ പ്രേരിപ്പിക്കുന്ന ക്യാമ്പയിൻ കുടുംബപ്രേഷിത ശുശ്രൂഷ അരംഭിച്ചു. വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്ന ഗ്രാറ്റിറ്റ്യൂഡ് ദിനാചരണ ചടങ്ങിൽ ബിഷപ് ക്രിസ്തുദാസ് മാധ്യമമുക്ത കുടുംബമണിക്കൂർ ലഘുലേഖ പ്രകാശനം ചെയ്തു. കുടുംബങ്ങളിൽ മാധ്യമ മുക്ത മണിക്കൂർ പാലിക്കേണ്ട വിധവും അതിന്റെ മേന്മകളും വിശദീകരിക്കുന്നതാണ് ലഘുലേഖ.

കുടുംബ ശുശ്രൂഷയിലെ ഫെറോന വൈദിക കോ-ഓർഡിനേറ്റേഴ്സ്, ആനിമേറ്റേഴ്സ്, വോളന്റിയേഴ്സ്, റിസോഴ്സ് ടീം അംഗങ്ങൾ, കൗൺസിലേഴ്സ്, അതിരൂപത സമിതി അംഗങ്ങൾ എന്നിവരുടെ കൂടിവരവ് നടന്നു. മോട്ടിവേഷൻ ക്ലാസിന് ബിജു സൈമൺ നേതൃത്വം നൽകി. തുടർന്ന് നടന്ന സമ്മേളനത്തിൽ ശുശ്രൂഷയുടെ പ്രവർത്തനങ്ങൾ വിവരിച്ചു. ബിഷപ് ക്രിസ്തുദാസ് അനുഗ്രഹ പ്രഭാഷണം നടത്തി. ശുശ്രൂ ഷയുടെ പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്ന വിവിധ മേഖലകളിലുള്ളവർക്ക് ഡയറക്ടർ ഫാ. റിച്ചാർഡ് സഖറിയാസ് തന്റെ ആമുഖ സന്ദേശത്തിൽ നന്ദിപറഞ്ഞു. വിവിധ വിഭാഗങ്ങളിലായി കുടുംബ ശുഷയിൽ സേവനം ചെയ്യുന്നവർ അനുഭവങ്ങൾ പങ്കുവച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ലീൻ കൃതജ്ഞതയേകി.

നീർച്ചാൽ

## താബോറിൽനിന്ന് താഴ്‌വാരങ്ങളിലേക്ക്

തപസ്സുകാലം 2-ാം ഞായർ (മാർച്ച് 1)
**ഉത്പ. 12:1-4, 2 തിമോ. 1:8-10, മത്താ. 17:1-9**
**ഫാ. സി.കെ. തോപ്പിൽ**



യേശുവിന്റെ രൂപാന്തരീകരണം സുവിശേഷത്തിലെ അനുപമസുന്ദരമായ ഒരു സംഭവമാണ്. സമവീക്ഷണ സുവിശേഷകരും പത്രോസും (2 പത്രോസ് 1:16-18) ഈ സംഭവം രേഖപ്പെടുത്തുന്നുണ്ട്. ശിഷ്യന്മാർ അനുഭവിച്ച ഒരു മതാത്മക-മൗതിക അനുഭവമാണിത് (a religiomystico experience). രൂപാന്തരീകരണം യേശുവിന്റെ ദൈവത്വത്തെയും മിശിഹാത്വത്തെയും ഒരേപോലെ വ്യക്തമാക്കുന്നു. യേശുവിന്റെ ഉത്ഥാനവുമായും ബന്ധപ്പെടുത്തി ഈ സംഭവത്തെ വ്യാഖ്യാനിക്കുന്നവരുണ്ട്. താബോർ അനുഭവം ശിഷ്യന്മാരുടെ ജീവിത താഴ്വാരങ്ങളിൽ എപ്രകാരം അവരെ സ്വാധീനിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ വചനവിചാരം ആരംഭിക്കാം.

### മുന്നൊരുക്കം

ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം യേശുവിന്റെ രൂപാന്തരീകരണം ഒരു മുന്നൊരുക്കത്തിന്റെ അനുഭവമായിരുന്നു. യേശുവിന്റെ കുരിശിന്റെ പിന്നിൽ മറഞ്ഞിരിക്കുന്ന മഹത്വം മനസ്സിലാക്കാൻ ശിഷ്യന്മാർക്ക് അതുവരെ കഴിഞ്ഞിരുന്നില്ല. പത്രോസ് ശിഷ്യപ്രമുഖനാണ്. മിശിഹായിലുള്ള വിശ്വാസം ഏറ്റുപറഞ്ഞവനാണ്. പീഡാനുഭവങ്ങളിൽനിന്ന് യേശുവിനെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്ന പത്രോസ് സഹനത്തിനൊടുവിലെ ദൈവിക മഹത്വവും മിശിഹായുടെ യഥാർത്ഥ രൂപവും മനസ്സിലാക്കേണ്ടതുണ്ട്. യേശുവിന്റെ ദൈവത്വത്തെ വിളംബരം ചെയ്യുന്ന മൂന്ന് ഘടകങ്ങളാണ് രൂപാന്തരീകരണ വേളയിൽ കാണുന്നത്. അവിടത്തെ രൂപത്തിൽ വരുന്ന മാറ്റം, മോശ, ഏലിയ എന്നിവരുടെ സാന്നിധ്യം, സ്വർഗത്തിൽനിന്നുള്ള സ്വരം എന്നിവ. മോശ നിയമത്തെയും ഏലിയ പ്രവാചകന്മാരെയും പ്രതിനിധാനം ചെയ്യുന്നു. വെളിപാടുകളുടെ പഴയനിയമ പശ്ചാത്തലത്തിൽനിന്ന് പുതിയ നിയമത്തിലെ രൂപാന്തരീകരണം യഥാർത്ഥത്തിൽ ശിഷ്യന്മാർക്ക് യേശുവിന്റെ ദൈവത്വത്തെയും മിശിഹാത്വത്തെയും മനസ്സിലാക്കുന്നതിനുള്ള മുന്നൊരുക്കത്തിന്റെ വേദിയായിരുന്നു എന്ന് ന്യായമായും നമുക്ക് അനുമാനിക്കാം.

### മുന്നാസ്വാദനം

യേശു തന്റെ ശിഷ്യരെ തിരഞ്ഞെടുത്ത് മലമുകളിലേക്ക് കയറി സ്വർഗത്തിന്റെ മഹത്വവും പ്രതാപവും അവർക്കുമുന്നിൽ അനാവരണം ചെയ്യുകയാണ്. "നിദ്രാവിവശരായിരുന്നിട്ടും പത്രോസും കൂടെയുള്ളവരും ഉണർന്നിരുന്നു. അവർ അവന്റെ മഹത്വം ദർശിച്ചു" (ലൂക്കാ. 7:32). കർത്താവേ, നാം ഇവിടെയായിരിക്കുന്നത് നന്ന് എന്ന് പറയുമ്പോൾ തങ്ങൾക്ക് ലഭിച്ച ഹ്രസ്വമായ ദൈവികാനുഭവത്തിൽ തുടരാൻ അവർ ആഗ്രഹിച്ചു എന്നർത്ഥം. എന്നാൽ അവർക്കായി യേശു തന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും നേടിക്കൊടുക്കുന്ന സ്വർഗീയാനുഭൂതിയുടെ മുന്നാസ്വാദനം മാത്രമായിരുന്നു അത് എന്ന് പത്രോസ് അപ്പോൾ മനസ്സിലാക്കുന്നില്ലെങ്കിലും പിന്നീട് അത് ബോധ്യതലത്തിൽ സാക്ഷ്യപ്പെടുത്തുന്നതായി നാം കാണുന്നു. 'ഞങ്ങൾ അവന്റെ മഹത്വത്തിന് ദൃക്സാക്ഷികളാണ്' (2 പത്രോ 1.26).

രൂപാന്തരീകരണത്തിന്റെ ഹ്രസ്വദർശനം അർത്ഥവത്താണ്. വെളിപാടിന്റെ ഉദ്ദേശ്യം നിറവേറി; അവനെ ശ്രവിക്കുക എന്ന കൽപനയും ലഭിച്ചു. ഹ്രസ്വമായിട്ടാണെങ്കിലും സ്വർഗീയശോഭ ഭൂമിയിലെത്തി. ഭൂമിയുടെ അന്ധകാരത്തെ അൽപസമയത്തേക്ക് ഇല്ലാതാക്കി. സമയത്തിന്റെ പൂർത്തീകരണമായിട്ടില്ല. സഹനവും മരണവും ആദ്യം സംഭവിക്കണം. യേശു പീഡകൾ സഹിച്ച് മരിച്ച് ഉയിർപ്പിക്കപ്പെടണം എന്നത് ശിഷ്യന്മാരോടൊത്ത് സഭയും ഉദ്ബോധിപ്പിക്കുന്നു. ഉത്ഥാനത്തിന്റെ പ്രതീക്ഷയാണ് ചക്രവാളത്തിലെ രജതരേഖ. അതിന്റെ മുന്നാസ്വാദനമായിരുന്നു രൂപാന്തരീകരണം.

രൂപാന്തരീകരണം താബോറിൽനിന്ന് താഴ്വാരങ്ങളിലേക്ക് ഇറങ്ങാനുള്ള വെല്ലുവിളിയാണ്. താബോറിന്റെ മഹത്വം താഴ്വാരങ്ങളിലുള്ള മനുഷ്യരുടെ സമഗ്രമായ വിടുതലിനുവേണ്ടി സ്വയം സമർപ്പിക്കുവാനും സന്ധിയില്ലാതെ സമരം ചെയ്യുവാനുമുള്ള ഉൾക്കരുത്താണ് ക്രിസ്തുശിഷ്യന്മാർക്ക് നൽകുന്നത്. പാർശ്വവൽക്കരിക്കപ്പെട്ടവന്റെ പ്രാണനും പ്രകൃതിയും പ്രമാണവും അനിതരസാധാരണമായവിധത്തിൽ അപകടത്തിൽപ്പെടുമ്പോൾ, അപഹരിക്കപ്പെടുമ്പോൾ ക്രിസ്തുശിഷ്യന് എങ്ങനെ സ്വസ്ഥമായി ഉറങ്ങാനാകും. ക്രിസ്ത്വാനുഭവം ക്രിസ്തുവിനോടൊപ്പവും ക്രിസ്തുവിനുവേണ്ടിയും മരിക്കുവാനും ജീവിക്കുവാനുമുള്ള ഉൾവിളിയാകുമ്പോൾ ക്രിസ്തുവിന്റെ രൂപാന്തരീകരണം എന്നിലും നിന്നിലും പൂർത്തീകരിക്കപ്പെടും. ●

## ജീവന്റെ ഉറവ

തപസ്സുകാലം 3-ാം ഞായർ (മാർച്ച് 8)
**പുറ. 17:3-7. റോമാ. 5:1-2, 5-8. യോഹ. 4:5-42**
**ഫാ. ജൂലിയസ് സാവിയോ**

ആരാണ് കിണറ്റിൻകരയിലെത്തി എനിക്ക് കുറച്ചുവെള്ളം കോരിത്തരിക? കാത്തിരിപ്പ് ഒരു ആഭിചാരക്രിയയാണ്. സമരിയായിലുള്ള ക്രിസ്തുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുന്ന ഏക സുവിശേഷകൻ വി. യോഹന്നാനാണ്.

'എനിക്ക് കുടിക്കാൻ തരിക' എന്ന വാക്കുകളിലൂടെ ഈശോ പ്രകടമാക്കുന്ന ദാഹം വെറും പച്ചവെള്ളത്തിനുവേണ്ടിയുള്ള ദാഹമല്ല. ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹമാണ് ക്രിസ്തുവിന്റെ ദാഹം. പാപിനിയായ സമരിയാക്കാരിയുടെ ഉള്ളിന്റെയുള്ളിലുള്ള ദാഹം ശമിപ്പിക്കുവാനുള്ള ദൈവത്തിന്റെ ദാഹമാണ് ഇവിടെ പ്രകടമാകുക. സമരിയാക്കാരി സ്ത്രീ പാപിനിയായിരുന്നു. നട്ടുച്ചക്ക് വെള്ളംകോരാൻ തനിയെ വന്നത് അതിന്റെ സൂചനയാണ്. ദൈവത്തോടും മനുഷ്യരോടും ശരിയായ സ്നേഹബന്ധമില്ലാതെ ഒറ്റപ്പെട്ട ജീവിക്കുന്ന അവളുടെ പാപാവസ്ഥയുടെ ഒരടയാളമാണ് അത്. അവൾക്ക് ക്രിസ്തു ഘട്ടംഘട്ടമായി സ്വയം വെളിപ്പെടുത്തുന്നു. മൂന്നുഘട്ടങ്ങളിലായാണ് അവൾ ക്രിസ്തുവിനെ തിരിച്ചറിയുന്നത്. ആദ്യം ജീവജലത്തിന്റെ ദാതാവായും



പിന്നെ പ്രവാചകനായും അതിനുശേഷം ക്രിസ്തുവെന്നും അവൾ തിരിച്ചറിയുന്നു.

നട്ടുച്ചനേരത്ത് ക്ഷീണിച്ച് അവശനായ ഈശോ സമരിയാക്കാരി സ്ത്രീയോട് പ്രകടിപ്പിച്ച ദാഹം വെള്ളത്തിനു വേണ്ടിയായിരുന്നില്ല. ഈശോ കുരിശിൽ പ്രകടിപ്പിച്ച ദാഹവും ഇതിനോട് ചേർന്നു പോകുന്നതാണ്. അത് മനുഷ്യമക്കളെ ദൈവമക്കളാക്കി ഉയർത്തുവാനുള്ള, അവരുടെ ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹമായിരുന്നു. എല്ലാ മക്കളും ലൗകികതയിൽനിന്ന് പിൻതിരിഞ്ഞ് ദൈവമക്കളാകുന്നതുവരെ അവിടത്തെ ദാഹം തീരുകയില്ല. നമ്മുടെ ഉള്ളിന്റെയുള്ളിലും ദൈവത്തിനുവേണ്ടിയുള്ള ദാഹമുണ്ട്. ഈ ദാഹം തീർക്കുവാൻ മനുഷ്യനേക്കാൾ കൂടുതൽ ആഗ്രഹം ദൈവത്തിനുമുണ്ട്. നമ്മിലുള്ള ഈ ദാഹത്തെ തിരിച്ചറിഞ്ഞ് അത് തീർക്കുവാൻ ദാഹിക്കുന്ന ദൈവത്തെ വിശ്വാസത്തോടും തുറവിയോടുംകൂടെ സമീപിച്ചാൽ അരൂപിയാകുന്ന ജീവജലം നൽകി ദൈവം നമ്മെ അനുഗ്രഹിക്കും.

സുവിശേഷത്തിന്റെ അവസാന ഭാഗത്തിൽ സമരിയാക്കാരി ഒരു പ്രേഷിതയായി മാറുന്നു. അനുഭവിച്ച ക്രിസ്തുവിനെ പ്രഘോഷിക്കുന്നു. അതുകേട്ട സമരിയാക്കാരും അവനിൽ വിശ്വസിക്കുന്നു. കാരണം, ക്രിസ്തുവിന് മുമ്പിൽ അവൾ അവളുടെ ജീവിതം തുറന്നു. ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ സമരിയാക്കാരിയിൽ വിപ്ലവാത്മകമായ ചലനങ്ങൾ സൃഷ്ടിച്ചു. അവളിലൂടെ അനേകർ അവനിൽ വിശ്വസിക്കുന്നു. ആ പട്ടണനിവാസികളുടെ അഭ്യർഥന മാനിച്ച് അവിടെ താമസിക്കുന്നു. ക്രിസ്തു 'ലോകരക്ഷകനാണ്' എന്ന് തിരിച്ചറിയത്തക്കവണ്ണം വചനത്താൽ അവൻ അവരുടെ ഉൾക്കണ്ണുകൾ തുറന്നു.

ദൈവം നിന്നിലാണ്. നീയാണ് അവൻ വസിക്കുന്ന പർവതം. ആ ദൈവത്തെ ആരാധിക്കേണ്ടത് നിന്റെ ആത്മാവിലും സത്യത്തിലുമാണ്. നീയായിരിക്കും ദൈവം വസിക്കാൻ പോകുന്ന ആലയം. അവൾ കുടം ഉപേക്ഷിച്ചു. തന്റെ പട്ടണത്തിലേക്ക് പോകുന്നു: 'ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോടുപറഞ്ഞ ഒരു മനുഷ്യനെ നിങ്ങൾ വന്നുകാണുവിൻ' (യോഹ. 4:29) അവളുടെ ഇന്നലത്തെ ബലഹീനത ഇന്ന് ശക്തിയായി മാറിയിരിക്കുന്നു. അവളുടെ ഇന്നലത്തെ മുറിവുകൾ നാളേക്കുള്ള പഴുതുകളായി മാറിയിരിക്കുന്നു. നമുക്കും നമ്മുടെ ഉള്ളിൽ ദൈവത്തിന് വസിക്കാൻ ഒരാലയം പണിയണം. അങ്ങനെ ആ ആലയം ഈ ജീവിതംകൊണ്ട് അലങ്കരിക്കാൻ നമുക്കാവണം.

പങ്കുവയ്ക്കലുകളുടെ അപകടമായിരുന്ന ക്രിസ്തുവിന്റെ ജീവിതം. സ്വപ്നം പങ്കുവച്ചുതുടങ്ങി. പിന്നെ സ്നേഹം, വിശുദ്ധി, കഴിവുകൾ അവസാനം അവനെതന്നെയും. തന്നെത്തന്നെ പകുത്തുനൽകിയവനെ സ്നേഹിക്കാം. സമരിയാക്കാരി സ്ത്രീയെപ്പോലെ നമ്മുടെ ഹൃദയവും യേശുവിന്റെ ഒപ്പമായിരിക്കാം. യേശുതന്നെയാണ് ലോകരക്ഷകൻ എന്ന് അനുഭവിച്ചറിഞ്ഞ അവൾ പിന്നീടൊരിക്കലും യാക്കോബിന്റെ കിണറ്റിൻകരയിൽ വന്നിട്ടില്ല. ക്രിസ്തുവാകുന്ന കിണറ്റിൽനിന്നവൾ കോരിക്കുടിച്ചു. മറ്റുള്ളവരെയും കുടിപ്പിച്ചു.

അവസാനമായി ഒരു ചിന്ത പങ്കുവയ്ക്കാനാഗ്രഹിക്കുന്നു; "വൃക്ഷങ്ങൾ തമ്മിൽ ആവശ്യത്തിന് അകലം കാക്കുന്നു (ഭൂമിക്ക് മുകളിൽ). എന്നാൽ, അവയുടെ വേരുകൾ (ഭൂമിക്കടിയിൽ) ഉറവകളിലേക്ക് ഒരുമിച്ചും അടുത്തടുത്തും യാത്ര ചെയ്യുന്നു." ●

## തീർത്ഥയാത്ര

തപസ്സുകാലം 4-ാം ഞായർ (മാർച്ച് 15)

**1. സാമു. 16:1യ, 6-7, 10-13മ, എഫേ. 5:8-14, യോഹ. 9:1-41**

**ഫാ. പ്രബൽ**



ഓരോ നിമിഷവും സഞ്ചാരത്തിലായിരിക്കുവാനുള്ള ഒരടിസ്ഥാന വാസന മനുഷ്യനിലുണ്ട്. എത്രയോ യാത്രകൾക്കവസാനമാണ് നാം ഈ ഭൂമിയിൽനിന്ന് കടന്നുപോകുന്നത്. ചെറുതും വലുതുമായ യാത്രകൾക്കവസാനം നാം മനസ്സിലാക്കുന്നു, ഈ ഭൂമിയിലെ ജീവിതമെന്നത് വലിയൊരു യാത്രയുടെ ഭാഗമാണെന്ന്. പാദങ്ങൾകൊണ്ടും മനസ്സുകൊണ്ടും നാം യാത്രചെയ്യുന്നു. ഒരു യാത്ര തീർഥയാത്ര യാകുന്നത് ഗുരു കൂടെയുള്ളപ്പോഴാണ്. ക്രിസ്തുവിനോടുകൂടെയുള്ള കുരിശിലേക്കുള്ള നോമ്പുകാല തീർഥയാത്രയിലാണല്ലോ നാമിപ്പോൾ.

യേശുവിന്റെ പരസ്യജീവിതം മുഴുവൻ യാത്രകളാണ്. അത്തരം ഒരു യാത്രയിലാണ് 'ഈ' അന്ധന് യേശു കാഴ്ച നൽകുക. യാത്ര ചെയ്യുകയായിരുന്ന യേശു അവനെയും ഒരു യാത്രയ്ക്ക് അയയ്ക്കുകയാണ്. അവന്റെ കണ്ണുകളിൽ സൗഖ്യത്തിന്റെ ലേപനം പുരട്ടി സീലോഹാ കുളത്തിലേക്ക് യാത്രയാക്കി. യാത്രയുടെ പരിസമാപ്തി സൗഖ്യമാണ്. യാത്രയുടെ അന്ത്യത്തിൽ സൗഖ്യം ലഭിക്കുന്നില്ലെങ്കിൽ 'ആ' യാത്രയിൽ യേശു കൂടെയില്ല എന്നാണർഥം. അന്ധന് എപ്രകാരമുള്ള കാഴ്ച ലഭിച്ചു എന്ന് അന്വേഷിക്കുന്നത് നമ്മുടെയും ആത്മീയ യാത്രയ്ക്ക് സഹായകമാണ്.

അന്ധനായ വ്യക്തിക്ക് യേശു കാഴ്ചശക്തി നൽകുമ്പോൾ, അവന് കാഴ്ച മാത്രമല്ല, ഉൾക്കാഴ്ച കൂടി ലഭിച്ചതായി നമുക്ക് മനസ്സിലാക്കാൻ സാധിക്കും. അന്ധനായിരുന്ന തനിക്ക് എങ്ങനെ കാഴ്ച ലഭിച്ചു എന്ന് ഫരിസേയർ ചോദിച്ചപ്പോൾ അവൻ നൽകിയ ഉത്തരം, യോഹ. 9:11- ൽ നാം വായിക്കുക, 'യേശു എന്ന് പേരുള്ള മനുഷ്യൻ ചെളിയുണ്ടാക്കി എന്റെ കണ്ണുകളിൽ പുരട്ടി, യോഹ. 9:17-ൽ എത്തുമ്പോൾ അയാൾ പറയുക, 'അവൻ ഒരു പ്രവാചകനാണ്', സൗഖ്യപ്പെടുത്തലിന്റെ അവസാനത്തിൽ അതേ വ്യക്തിതന്നെ യോഹ. 9:33 - ൽ പറയുന്നു, 'ഈ മനുഷ്യൻ

ദൈവത്തിൽ നിന്നുള്ളവനല്ലെങ്കിൽ ഒന്നും ചെയ്യാൻ അവന് കഴിയുമായിരുന്നില്ല.' യേശുവിനെ മനുഷ്യൻ എന്നും - പ്രവാചകൻ എന്നും - ദൈവത്തിൽ നിന്നുള്ളവൻ എന്നും ഉദ്ഘോഷിച്ചുകൊണ്ട് വിശ്വാസത്തിന്റെ പടവുകൾ അവൻ നടന്നുകയറി.

ഒരുവശത്ത് വിശ്വാസം ആഴപ്പെടുമ്പോൾ മറുവശത്ത് കണ്ടിട്ടും കാണാതെയും കേട്ടിട്ടും കേൾക്കാതെയും കടന്നുപോകുന്ന മറ്റൊരു സമൂഹത്തെയും കാണാനായിട്ട് സാധിക്കും. ലോകത്തിന്റെ പ്രകാശമായ യേശുവിൽ വിശ്വസിക്കാതെ കടന്നു പോകുന്ന ഇവരുടെ പ്രതികരണങ്ങളും ശ്രദ്ധേയമാണ്. അന്ധനായ മനുഷ്യന്റെ അന്ധതയ്ക്ക് കാരണം മാതാപിതാക്കളുടെയും പൂർവികരുടെയുമൊക്കെ പാപത്തിന്റെ ഫലമാണെന്ന് വിശ്വസിക്കുന്ന ജനക്കൂട്ടം. അക്കൂട്ടർക്കുള്ള യേശുവിന്റെ മറുപടി, 'ദൈവത്തിന്റെ പ്രവർത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" എന്നത്രേ. ദൈവത്തിന്റെ പ്രവൃത്തി പ്രകടമാകുകയും ഫലം ലഭിച്ചവൻ വിശ്വസിക്കുകയും ചെയ്തു. യേശു പകർന്നുനൽകിയ പ്രകാശത്തെ മനസ്സിലാക്കാൻ കൂട്ടാക്കാത്ത അയൽവാസികളും യേശുവിനെ പാപിയായി മുദ്രകുത്താനുള്ള ഫരിസേയരുടെ വ്യഗ്രതയും ചിന്തനീയമത്രെ.

അന്ധനായ വ്യക്തിയിൽനിന്നും വിഭിന്നമായി ഫരിസേയർ ഉയർച്ചയിൽനിന്നും താഴെക്ക് വീഴുകയാണ്. യോഹ. 9:2 ൽ 'റബ്ബി' എന്നു യേശുവിനെ സംബോധന ചെയ്തവർ, യോഹ. 9:24 ൽ 'പാപി' എന്നുപറഞ്ഞ് അവിടത്തെ അധിക്ഷേപിക്കുന്ന വിരോധാഭാസവും കാണാനാകും. അന്ധകാരത്തിൽ നിന്ന് വിശ്വാസത്തിലേക്ക് കടന്നുവന്ന 'അന്ധ' വ്യക്തിയും, വിശ്വാസത്തിൽനിന്നും അന്ധവിശ്വാസത്തിലേക്ക് കൂപ്പുകുത്തുന്ന 'ഫരിസേയ' വ്യക്തിയും നമ്മുടെ ചുറ്റിലും നാമോരോരുത്തരിലും ഉണ്ട്. വളരാത്തവയെല്ലാം ജീർണിക്കും എന്നതിന്റെ ഓർമപ്പെടുത്തലാണ് അന്ധനും ഫരിസേയനും നാമും.

സുവിശേഷത്തിൽ നാം കണ്ടുമുട്ടുന്ന, അന്ധനായി ജീവിച്ച മനുഷ്യൻ നമുക്ക് ഒരു വെല്ലുവിളിയായി നിൽക്കുന്നു. അന്ധതയിൽ നിന്ന് കാഴ്ചയിലേക്കും കാഴ്ചയിൽ നിന്ന് ഉൾക്കാഴ്ചയിലേക്കും ഉൾക്കാഴ്ചയിൽ നിന്ന് വിശ്വാസത്തിലേക്കും അയാൾ വളരുകയാണ്. ജനക്കൂട്ടത്തിനു മുമ്പിൽ, അയൽവാസികൾക്കു മുമ്പിൽ, ഫരിസേയരുടെ മുമ്പിൽ ധീരതയോടെ യേശുവിന് സാക്ഷ്യംവഹിക്കുന്ന അന്ധനായിരുന്നവൻ പലതിന്റെയും ഉന്നതിയിലാണ് - പലരുടെയും ഉയരത്തിലാണ്. •

## യേശു പുനരുത്ഥാനവും ജീവനും



തപസ്സുകാലം 5-ാം ഞായർ (മാർച്ച് 22)
**എസെ. 37:12-14. റോമാ. 8:8-11, യോഹ. 11:1-45**

**ഫാ. ലോറൻസ് കുലാസ്**

യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ പൊതുവേ രണ്ടുഭാഗങ്ങളുണ്ട്. ഒന്നാം ഭാഗം അടയാളങ്ങളുടെ പുസ്തകമെന്നും (അധ്യായം 1-12) രണ്ടാം ഭാഗം മഹത്വത്തിന്റെ പുസ്തകമെന്നും (അധ്യായം 13-20) വിശേഷിപ്പിക്കപ്പെടുന്നു. ഇവയിൽ അടയാളങ്ങളുടെ പുസ്തത്തിന്റെ അവസാന അടയാളമായിട്ടാണ് ലാസറിനെ ഉയിർപ്പിക്കുന്ന സംഭവം രേഖപ്പെടുത്തിയിരിക്കുന്നത് (11:1-57). സമാന്തര സുവിശേഷങ്ങളിൽ യേശു മരിച്ചവരെ ഉയിർപ്പിക്കുന്നതായി രേഖപ്പെടുത്തലുണ്ടെങ്കിലും - ജയ്റോസിന്റെ മകളെ ഉയിർപ്പിക്കുന്ന രംഗം (മർക്കോ 5:21-43, മത്താ 9:18-26; ലൂക്കാ 8:40-56); നായിമിലെ വിധവയുടെ മകനെ ഉയിർപ്പിക്കുന്ന രംഗം (ലൂക്കാ 7:11-17)- ലാസറിനെ ഉയിർപ്പിക്കുന്ന സംഭവം വിവരിക്കുന്നത് യോഹന്നാൻ മാത്രമാണ്. യോഹന്നാൻ ഈ സംഭവത്തെ അടയാളങ്ങളുടെ അവസാനമായി രേഖപ്പെടുത്തുന്നത് ആദ്യത്തെ അടയാളമായ കാനായിലെ സംഭവവുമായി (2:1-12) ബന്ധിപ്പിച്ചുകൊണ്ടാണ്. സുവിശേഷകൻ ഈ രണ്ട് അടയാളങ്ങളെയും ബന്ധിപ്പിക്കുന്നത് 2:11 ലും 11:40 ലും ഒരേ കാര്യം ആവർത്തിക്കുന്നതിലൂടെയാണ്. 2:11 ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ്, ഗലീലിയിലെ കാനായിൽ ചെയ്ത ഈ അദ്ഭുതം. അവന്റെ ശിഷ്യൻമാർ അവനിൽ വിശ്വസിച്ചു." 11:40 ൽ നാം ഇപ്രകാരം വായിക്കുന്നു: "യേശു അവളോടു ചോദിച്ചു: വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കുമെന്നു ഞാൻ നിന്നോടു പറഞ്ഞില്ലേ?" 2-ാം അധ്യായത്തിൽ തുടക്കമിട്ട അടയാളങ്ങളുടെ വിവരണം 11-ാം അധ്യായത്തിൽ അവസാനിക്കുന്നുവെന്ന് സൂചന നല്കാനാണ് ഇതിലൂടെ സുവിശേഷകൻ ഉദ്യമിക്കുന്നത്.

ലാസറിനെ യേശു ഉയിർപ്പിക്കുന്ന സംഭവം വായിക്കുന്ന ഏതൊരാളും ഉന്നയിക്കാൻ സാധ്യതയുള്ള ഒരു ചോദ്യമുണ്ട്: ഇത് യഥാർഥത്തിൽ സംഭവിച്ചതാണോ? പ്രസ്തുത ചോദ്യത്തിന് നല്കാവുന്ന ഉത്തരം മറ്റൊരു ചോദ്യമാണ്: യേശുവിലൂടെ പ്രവർത്തിക്കുന്ന ദൈവത്തിന് മരണത്തിന്റെയും ജീവന്റെയും മേൽ അധികാരമുണ്ടെന്ന് നമുക്ക് വിശ്വസിക്കാൻ കഴിയുമോ? രണ്ടാമത്തെ ചോദ്യത്തിന് ഉത്തരം നല്കുവാനുള്ള സുവിശേഷകന്റെ ശ്രമമാണ് ലാസറിനെ ഉയിർപ്പിക്കുന്ന അടയാളത്തിൽ (11:1-45) കാണുന്നത്. ഈ സംഭവത്തിന്റെ ദൈവശാസ്ത്രകേന്ദ്രം 25-26 വാക്യങ്ങളാണ്: "യേശു അവളോടു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ?"

ഈ രണ്ട് വാക്യങ്ങളിലും ശ്രദ്ധേയമായി അടങ്ങിയിരിക്കുന്നത് യേശുവാണ്, "പുനരുത്ഥാനവും ജീവനും" എന്ന ആശയമാണ്. വിശ്വാസികളുടെ വർത്തമാനവും ഭാവിയും നിർണയിക്കുന്നതിൽ യേശുവിന് പരമാധികാരം നല്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് യേശുവിന്റെ പ്രസ്തുത വെളിപ്പെടുത്തലിലുള്ളത്. 25, 26 വാക്യങ്ങളിൽ ഇത് വ്യക്തമാക്കപ്പെടുന്നുണ്ട്. ഈ വാക്യങ്ങളിൽ മൂന്ന് ക്രിയാപദങ്ങൾ ഇതിനായി ഉപയോഗിച്ചിട്ടുണ്ട്. "വിശ്വസിക്കുക" (believe), "ജീവിക്കുക" (live), "മരിക്കുക" (die). "എന്നിൽ വിശ്വസിക്കുന്നവൻ" എന്ന പദപ്രയോഗമാണ് മേൽ സൂചിപ്പിച്ച മൂന്ന് ക്രിയകളെയും പരസ്പരം ബന്ധിപ്പിക്കുന്നത്:

"എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും"

"ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും

മരിക്കുകയില്ല."

യേശു 'ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു' എന്ന് അവകാശപ്പെടുമ്പോൾ വിശ്വാസിയുടെ വർത്തമാനത്തിനും ഭാവിക്കുംമേൽ യേശുവിന് അധികാരമുണ്ടെന്ന് വെളിവാക്കപ്പെടുന്നു. യേശു 'ഞാൻ പുനരുത്ഥാനമാകുന്നു' എന്ന് അവകാശപ്പെട്ടന്നിടത്ത് വിശ്വാസിയുടെ ജീവിതത്തിന്മേൽ മരണത്തിന് അവകാശം നഷ്ടപ്പെടുന്നു. ആകയാൽ, വിശ്വാസിയുടെ ഭാവി നിർണയിക്കപ്പെടുന്നത് യേശുവിലുള്ള വിശ്വാസത്തിലൂടെയാണ്; വിശ്വാസിയുടെ മരണത്തിലൂടെയല്ല (യോഹ 5:28-29; 6:39-40; 44,54). യേശു 'ഞാൻ ജീവനാകുന്നു' എന്ന് അവകാശപ്പെടുന്നിടത്ത് വിശ്വാസിയുടെ വർത്തമാനവും നിർണയിക്കപ്പെടുന്നത് യേശുവിന് ജീവന്റെമേലുള്ള അധികാരത്തിലൂടെയാണ്. ആകയാൽ, യേശുവിൽ വിശ്വസിക്കുന്നവൻ ഇവിടെത്തന്നെ ജീവൻ അവകാശമാക്കുന്നു; ഈ ജീവൻ നിത്യജീവനാണ്.

യേശുവിന് വിശ്വാസിയുടെ വർത്തമാനത്തിനും ഭാവിക്കുംമേൽ - ജീവനും മരണത്തിന് മേൽ - അധികാരമുണ്ടെന്ന് മർത്താ വിശ്വസിച്ചതുമൂലമാണ് ലാസറിനെ ഉയിർപ്പിക്കുന്ന അടയാളം സംഭവിക്കുന്നത്. അപ്രകാരം ഈ സംഭവത്തിലൂടെ യേശു പുനരുത്ഥാനവും ജീവനുമാണെന്ന് വെളിപ്പെടുത്തപ്പെടുന്നു.

യേശു പുനരുത്ഥാനവും ജീവനും ആകുന്നുവെന്ന വെളിപ്പെടുത്തൽ നമ്മുടെ ഓരോരുത്തരുടെയും അനുദിനജീവിതത്തിൽ ചൈതന്യവും പ്രത്യാശയുമായി മാറണം. ഒരു മരണാനന്തര കാലഘട്ടത്തിൽ സംജാതമാകാനിരിക്കുന്ന സ്ഥിതി എന്നതിലുപരി ഇന്നത്തെ നമ്മുടെ ജീവിതത്തിൽതന്നെ ഈ ചിന്ത അനുഭൂതി പകരേണ്ടതാണ്. ഏതൊരു മനുഷ്യനും അഭിമുഖീകരിക്കേണ്ടിവരുന്ന ഒരു യാഥാർഥ്യമാണ് മരണം. ഈ മരണത്തെ ഭയത്തോടുകൂടി കാണാതെ പ്രതീക്ഷയോടും പ്രത്യാശയോടും സ്വീകരിക്കുവാൻ യേശു നല്കുന്ന ഉറപ്പാണ് "ഞാൻ പുനരുത്ഥാനവും ജീവനും" എന്ന വെളിപ്പെടുത്തൽ.

●

## മിശിഹാ സഞ്ചരിച്ച പാത

ഓശാന ഞായർ (മാർച്ച് 29)
**ഏശയ്യ 50:4-7. ഫിലി. 2:6-11.**
**മത്താ. 26: 14-27; 66**



### ഫാ. വർഗീസ് ജോസഫ്

വിശുദ്ധ ജീവിതം നയിക്കുവാൻ നിരന്തരം ഓർമിപ്പിക്കുന്ന വിശുദ്ധവാരം തുടങ്ങുന്നത് ഓശാന ഞായറിലൂടെയാണ്. ഏഴ് ദിവസത്തിന്റെ വ്യത്യാസത്തിൽ അവന്റെ പിന്നാലെ പോയ മനുഷ്യരുടെ മനസ്സ് മാറുന്നു. കൂടെ നടന്ന ജനക്കൂട്ടം കൊല്ലുക എന്നു വിളിച്ചു പറയുന്നു. ഒലിവിൻ ചില്ലകൾ വീശിയവർ മുഖം തിരിഞ്ഞുപോകുന്നു. ഇതെങ്ങനെ സംഭവിച്ചു. ഓശാന ഞായറിന്റെ ജയ് വിളിക്ക് ദുഃഖവെള്ളിയുടെ കരിശിന്റെ വഴിയായി മാറാൻ കാരണമെന്ത്?

യഹൂദ ജനതയുടെ പ്രധാനപ്പെട്ട മൂന്നു തിരുനാളുകളാണ് പെസഹാ, കൂടാര തിരുനാൾ, പെന്തക്കുസ്താ തിരുനാൾ. മോശയുടെ നിയമപ്രകാരം ലോകത്തിൽ എവിടെയാണെങ്കിലും യഹൂദൻ ഈ മൂന്നു തിരുനാളുകളിലും ജറുസലേം ദേവാലയത്തിൽ എത്തണം. ധാരാളം പുരുഷന്മാർ ഈ തിരുനാളിന് ജറുസലേമിൽ എത്തുമായിരുന്നു. ഗലീലി. കഫർണാം, യൂദയാ സമരിയ തുടങ്ങിയ സമീപ പ്രദേശങ്ങളിലായിരുന്നു അവർ താമസിച്ചിരുന്നത്. ഒലിവുമലകളിൽ കൂടാരമുണ്ടാക്കി അവർ താമസിച്ചു. ഇങ്ങനെ ഏറെ പ്രയാസപ്പെട്ട് തിരുനാളിൽ പങ്കെടുക്കുമ്പോഴും എല്ലാ ജനതയുടെ ഉള്ളിലും ഏക പ്രതീക്ഷയാണുള്ളത്. ആയിരം വർഷമായി കാത്തിരിക്കുന്ന വിമോചകനായ ക്രിസ്തു വരും. ആരും പ്രതീക്ഷിക്കാത്ത നിമിഷം മിശിഹാ എഴുന്നള്ളും. ഈ പ്രതീക്ഷയിൽ അപ്പൻ മക്കളേയും മക്കൾ കൊച്ചുമക്കളെയും ദാവീദിന്റെ പുത്രൻ വരും എന്ന് പഠിപ്പിക്കും. അവർ എല്ലാവരും പരസ്പരം ചോദിക്കും. ദാവീദിന്റെ പുത്രൻ വന്നിട്ടുണ്ടോ? ആയിരം വർഷത്തിന്റെ കാത്തിരിപ്പിന് ഒരിക്കൽ ക്രിസ്തുവിനെ രാജാവാക്കാൻ പിടിച്ചുകൊണ്ടുപോകുക പോലും ചെയ്തു (യോഹ. 6:15). കാത്തിരിപ്പിന്റെ മഹത്വത്തിന് ക്രിസ്തുവിന്റെ എല്ലാ ഗുണങ്ങളും മിശിഹായിൽ ഉണ്ടായിരുന്നു.

യേശു ഒലിവുമലയിൽ കഴുതപ്പുറത്ത് ജനമധ്യത്തിലൂടെ എഴുന്നള്ളി. ഏകദേശം മൂന്നരകിലോമീറ്ററാണ് യേശു കഴുതപ്പുറത്ത് എഴുന്നള്ളിയത്. കണ്ടുനിന്ന ജനതയ്ക്ക് പഴയനിയമത്തിലെ ചില വചനങ്ങളുമായി സാമ്യമുള്ളതായി തോന്നുന്നുണ്ട്. സീയോൻ പുത്രീ, അതിയായി സന്തോഷിക്കുക. ജറുസലേം പുത്രീ ആർപ്പുവിളിക്കുക, ഇതാ നിന്റെ രാജാവ് നിന്റെ അടുക്കലേക്ക് വരുന്നു. അവൻ വിനയാന്വിതനായി കഴുതപ്പുറത്ത് വരുന്നു. സാമ്യതയുള്ള പ്രവചനത്തിന്റെ ജീവിതത്തെ അവൻ ഹോസാനപാടി എതിരേറ്റു. മിശിഹായെ എതിരേറ്റു.

അടിമത്തത്തിൽ നിന്ന് രക്ഷിക്കാൻ വന്ന രക്ഷകനെ നോക്കി അവർ പാടി - ഹോസാന, ഹോസാന..... കർത്താവേ രക്ഷിക്കണമേ... സങ്കീ. 118:27 പറയുന്നതുപോലെ രക്ഷകനെ കണ്ടവർ മരച്ചില്ലകളേന്തി പ്രദക്ഷിണം ആരംഭിച്ചു. ബലിപീഠത്തിലേക്ക് നീങ്ങി.

പ്രദക്ഷിണം എത്തി അവസാനിക്കുന്നത് എവിടെ എന്നതായിരുന്നു പ്രശ്നം. ജനതകൾ കരുതി മിശിഹാ വലത്തേക്ക് കാണുന്ന വഴിയിലൂടെ പോയി പീലാത്തോസിന്റെ കൊട്ടാരത്തെ സമീപിക്കുമെന്ന്. അങ്ങനെ റോമാ സാമ്രാജ്യത്തിന്റെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കുമെന്ന് അവർ കരുതി. എന്നാൽ മിശിഹാ ഇടത്തേക്ക് തിരിഞ്ഞ് ജറുസലേം ദേവാലയത്തിലേക്ക് പോയി. ദേവാലയ ശുദ്ധീകരണം നടന്നു. കച്ചവടക്കാരെ പുറത്താക്കി (യോഹ. 2:16). ക്രിസ്തുവിന്റെ ചിന്ത പിതാവിന്റെ ആലയത്തിന്റെ വിശുദ്ധീകരണാണ്. ക്രിസ്തുവിന്റെ ഹൃദയം സ്വർഗത്തിലേക്കുള്ള സ്വാതന്ത്ര്യമായിരുന്നു. പാപത്തിൽ നിന്നുള്ള മോചനമായിരുന്നു. ഭൗതിക വിമോചനം ആഗ്രഹിച്ചവർക്ക് ഭക്ഷണത്തിന്റെ ആത്മീയ വിമോചനം ആവശ്യമില്ലായിരുന്നു. കാത്തിരുന്ന രക്ഷകനെ അവർ കുരിശിലേറ്റി.

മനുഷ്യർ ആഗ്രഹിക്കുന്നതു പോലെയല്ല, ദൈവം ആഗ്രഹിക്കുന്നത്. മനുഷ്യർ പ്രവർത്തിക്കുന്നതുപോലെയല്ല ദൈവം പ്രവർത്തിക്കുന്നത്. ദൈവത്തെപ്പോലെ വളരാനുള്ള ക്ഷണമാണ് ഓശാന ഞായർ.

●

നേർക്കാഴ്ച

ജെ. സി.



# ഇന്ത്യാ – യു.എസ് വ്യാപാരക്കരാർ ആശങ്കകൾ

> കരാർ നൽകുന്ന നേട്ടങ്ങളെക്കുറിച്ചും പ്രതീക്ഷകളെക്കുറിച്ചും കേന്ദ്രസർക്കാർ പറയുമ്പോൾതന്നെ ഇതിൽ ഇന്ത്യയുടെ വിധേയത്വം തെളിയുന്നുണ്ടോ, ഇനിയുള്ള നടപടികളിലും യു.എസിന്റെ അധീശത്വ നിലപാട് തുടരുമോ തുടങ്ങിയ ആശങ്കകൾ ഉയരുകയും ചെയ്യുന്നുണ്ട്. കരാറുമായി ബന്ധപ്പെട്ട കൃത്യമായ വിശദീകരണം പാർലമെന്റിൽ നടത്തേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം അത്യധികം നിർണായകമായ വ്യാപാരക്കരാറാണ് ഏകപക്ഷീയമായി യു.എസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപ് പ്രഖ്യാപിച്ചിരിക്കുന്നത്. യു.എസ് പുലർത്തുന്ന അധീശത്വ നടപടികൾക്കും കരാർ സംബന്ധിച്ച ചർച്ചകൾക്കുമിടയിലുണ്ടായ പ്രഖ്യാപനം അവ്യക്തതയും ആശയക്കുഴപ്പവും ബാക്കിവയ്ക്കുന്നു. ട്രംപിന്റെ പ്രസ്താവനയുടെ മാത്രം അടിസ്ഥാനത്തിൽ കരാറിന്റെ വരുംവരായ്കകൾ വിലയിരുത്താൻ നിർബന്ധിതമാകുന്ന സാഹചര്യമാണ് വന്നുചേർന്നിരിക്കുന്നത്. ട്രംപിന്റെ പ്രഖ്യാപനവും തുടർന്ന് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ പ്രതികരണങ്ങളിലുള്ള അവ്യക്തതയും കാണുമ്പോൾ ഇന്ത്യയും യൂറോപ്യൻ യൂണിയനും (ഇ.യു) തമ്മിലുള്ള സ്വതന്ത്രക്കരാർ (എഫ്.ടി.എ) രണ്ടു പതിറ്റാണ്ട് നീണ്ട കാത്തിരിപ്പിനൊടുവിൽ അന്തിമമാക്കിയതിന്റെ ആധികാരികതയും സുതാര്യതയും യു.എസുമായുള്ള നമ്മുടെ വ്യാപാരക്കരാറിൽ ഇല്ലാതെപോകുന്നതായി കാണാം.

വ്യാപാരക്കരാറിന് റഷ്യൻ എണ്ണ വാങ്ങുന്നതുമായി ബന്ധമില്ലെന്ന വാദവുമായി കേന്ദ്രവാണിജ്യമന്ത്രി പീയൂഷ് ഗോയൽ മുന്നോട്ടുവന്നതിനോടൊപ്പം കരാർ പ്രഖ്യാപനം റഷ്യൻ എണ്ണ ഒഴിവാക്കാനുള്ള ഇന്ത്യൻ കമ്പനികളുടെ നീക്കമുണ്ടായതാണ് ആശയക്കുഴപ്പത്തിനു കാരണം എന്നാണ് ഏറ്റവും പുതിയ വിവരം. കരാർ നൽകുന്ന നേട്ടങ്ങളെക്കുറിച്ചും പ്രതീക്ഷകളെക്കുറിച്ചും കേന്ദ്രസർക്കാർ പറയുമ്പോൾതന്നെ ഇതിൽ ഇന്ത്യയുടെ വിധേയത്വം തെളിയുന്നുണ്ടോ, ഇനിയുള്ള നടപടികളിലും യു.എസിന്റെ അധീശത്വനിലപാട് തുടരുമോ തുടങ്ങിയ ആശങ്കകൾ ഉയരുകയും ചെയ്യുന്നുണ്ട്. ഒരുവർഷം മുൻപുവരെ കുറഞ്ഞനിരക്കിൽ ഇന്ത്യ കയറ്റുമതിചെയ്തിരുന്ന പല ഉത്പന്നങ്ങൾക്കും തീരുവ യഥാർഥത്തിൽ കൂടുകയാണ് എന്നതടക്കമുള്ള പല പ്രത്യാഘാതങ്ങളും കരാറിന്റെ കാണാമറയത്തുണ്ടെന്നാണ് ആരോപണം. ഇതിലൂടെ ഇന്ത്യൻ കാർഷിക - ഭക്ഷ്യോത്പന്നമേഖലയിൽ ആശങ്കയുടെ വിത്ത് പാകിയിരിക്കയാണെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ കരാർ പൂർണമായും നേട്ടങ്ങളാണ് ഇന്ത്യക്കുനല്കുന്നതെന്ന് പറയാനാവില്ല. ഇന്ത്യയിൽനിന്നുള്ള തേയില, കാപ്പിയടക്കമുള്ളവയ്ക്ക് യു.എസിൽ പകരം തീരുവ പൂജ്യമാകുമെന്ന് പീയൂഷ് ഗോയൽ പ്രഖ്യാപിച്ചെങ്കിലും ഇത് യു.എസ് ഇന്ത്യക്ക് മാത്രമായി നല്കുന്ന പുതിയ ഇളവല്ലെന്നതാണ് യാഥാർഥ്യം. സംയുക്ത പ്രസ്താവന പുറത്തുവന്ന സാഹചര്യത്തിൽ കരാറുമായി ബന്ധപ്പെട്ട കൃത്യമായ വിശദീകരണം പാർലമെന്റിൽ നടത്തേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഇതിനകം ഉയർന്ന ആശങ്കകളും ആശയക്കുഴപ്പങ്ങളും മുൻനിർത്തി കരാറിന്റെ യഥാർത്ഥ ചിത്രം രാജ്യത്തെ അറിയിക്കാനും ഇനിയുള്ള നടപടികളെങ്കിലും സുതാര്യമാക്കാനും കേന്ദ്രസർക്കാർ തയ്യാറാവണം.



"A helping hand here at home & around the world."

**LENNY PETERS**
*foundation*

# Congratulations

## DEAR BISHOPS



**Most Rev.Dr. Soosa Pakiam M.**
80TH BIRTHDAY
11, MARCH



**Most Rev. Dr. Thomas J. Netto**
NEW CHAIRMAN CBCI
OFFICE FOR HEALTH



**Most Rev. Dr. Christudas R.**
GENERAL SECRETARY
KRLCBC

## PRAYERFUL WISHES
## LENNY PETERS FOUNDATION

Pub. Date: 01.03.2026
REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26

JEEVANUM VELICHAVUM

Total Pages 44
Rs. 30/-




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George